


കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


# തളിര്

2020 സെപ്റ്റംബർ
വില ₹20

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




നൂറ്റിയൊന്നു പ്രിയകഥകൾ
(കഥകൾ)
**സി ആർ ദാസ്**
വില ₹210




പച്ചപ്പനങ്കിളി
(കവിത)
**ഡോ. എസ് രാജശേഖരൻ**
വില ₹45




ശ്രീനുമോളുടെ ലോകം
(കഥ)
**നാസർ കക്കട്ടിൽ**
വില ₹60




കൗണ്ട് ഓഫ് മോന്റിക്രിസ്റ്റോ
(പുനരാഖ്യാനം)
**ജോളി വർഗീസ്**
വില ₹90




ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക്
(ചരിത്രം)
വില ₹650




ഐതിഹ്യമാല കുട്ടികൾക്ക്
(പുനരാഖ്യാനം)
**ജ്യോതി കെ ജി**
വില ₹400



ബൈബിൾ കഥകൾ
(പുനരാഖ്യാനം)
**എൻ എസ് ഐസക്**
വില ₹120




നമ്മുടെ എഴുത്തുകാർ
(വൈജ്ഞാനികം)
**ശ്രീജിത് പെരുന്തച്ചൻ**
വില ₹150



വടക്കൻപാട്ട് കഥകൾ
(നാടോടിക്കഥകൾ)
**സജീവൻ മൊകേരി**
വില ₹550



സമ്മാനപ്പെട്ടി
(വായിച്ചു വളരാം പുസ്തക പരമ്പര 1 & 2)
**കേരളത്തിന്റെ പാരമ്പര്യം പരിചയപ്പെടുത്തുന്ന പത്തു പുസ്തകങ്ങൾ**
സഞ്ചിക ഒന്നിന് വില ₹350



പുസ്തകപ്പെട്ടി
**കുട്ടികൾക്കായി പത്തു പുസ്തകങ്ങൾ**
വില ₹500

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

സെപ്റ്റംബർ 2020
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്

ഉള്ളടക്കം

## സിയാറ്റിൽ മൂപ്പന്റെ സന്ദേശം

മലയാള വിവർത്തനം : **വീണ എം**

6

1854ൽ സിയാറ്റിൽ മൂപ്പൻ തന്റെ ഗോത്രഭാഷയിൽ നടത്തിയ പ്രസംഗം എക്കാലത്തും ഏറെ പ്രസക്തമാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവി കബന്ധവും വരുംതലമുറക്കുവേണ്ടി പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നതാണ് ഇതിന്റെ ഉള്ളടക്കം.



## പരുത്തിമരക്കാട്ടിലെ കുഞ്ഞിത്തത്ത

പുനരാഖ്യാനം : **റോസ്മേരി**

14




പിറ്റേന്നു രാവിലെ തന്നെ, കാവൽക്കാരൻ, നെൽച്ചെടികൾക്കി ടയിൽ, കുതിരവാലുകൊണ്ടുള്ള കെണി ഉണ്ടാക്കിവച്ചു. കാര്യമറി യാതെ നമ്മുടെ കുഞ്ഞി ത്തത്ത, അതിന്മേൽ ചെന്നി രുന്നു. കുഞ്ഞിത്തത്തയുടെയും കൂട്ടുകാരുടെയും കഥ വായിക്കൂ...

## എടക്കൽ ഗുഹകൾ

**വിജയൻ കോതമ്പത്ത്**

36

കേരളത്തിലെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിക്കടുത്തുള്ള, പശ്ചിമഘട്ടത്തിന്റെ ഭാഗമായ അമ്പുകുത്തി മലയിലെ രണ്ടു ഗുഹകളാണ് എടക്കൽ ഗുഹകൾ. എടക്കൽ ഗുഹകളെ കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിച്ചു നോക്കൂ...



**മുൻമൊഴി**......4
സുഗതകുമാരി
**കവിതാപരിചയം**......5
**സ്കൂൾഡെയ്സ്**......13
എൻ ടി രാജീവ്
**മഴത്തോഴൻ**......16
കെ കെ പല്ലശ്ശന
**കടപയാദി**......18
പള്ളിയറ ശ്രീധരൻ
**ഡൂഡിൽബഗ്**......19
തസ്മിൻ
**കുട്ടികളുടെ സമ്പൂർണാരോഗ്യത്തിന് പ്രാമുഖ്യം നൽകേണ്ട നാളുകൾ**......20
ഡോ. അജീഷ് പി ടി
**കാക്കമ്മെയും കള്ളക്കുയിലും**......23
ബിന്ദു കമലൻ
**നെല്ലിക്ക**......24
ഉണ്ണിവിശ്വനാഥ്
**മലയാളം മിഷൻ രചനകൾ**......26
**അന്തരാത്മാവിലെ സാക്ഷി**......28
ജി മുരളീധരൻ
**മഴനൃത്തം**......30
സി പി ചന്ദ്രൻ
**മഹാൻമാവ്**......31
കുസുംഷലാൽ ചെറായി
**വിശപ്പിന്റെ കാലം**......32
നൗഷാദ് പെരുമാതുറ
**മാനത്തെ ബഹളം**......35
പി എ അബ്ദുൽ കരീം
**ടോം സോയറുടെ സാഹസിക ജീവിതം**......42
പുനരാഖ്യാനം : ജോളി വർഗീസ്
**പെൺകുട്ടികൾക്കായി പൊരുതി; സൈന ഒളിംപിക് മെഡൽ നേടി**......46
സനിൽ പി തോമസ്
**മഹാഭാരതം**......48
**ഇളംതളിര്**......50
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**......52
**ഉണ്ടാക്കാം**......54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ ഫോട്ടോ
**പിന്ററസ്റ്റ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

മഹാകവി കുമാരനാശാനെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? അദ്ദേഹത്തിന്റെ ഒരു കവിതയെങ്കിലും നിങ്ങൾ പഠിച്ചുകാണും. 'കപോതപുഷ്പം' എന്നൊരു മനോഹരമായ കവിത അദ്ദേഹം എഴുതിയിട്ടുണ്ട്. നമുക്കതിനെ മലയാളത്തിൽ പ്രാവിൻപൂവ് എന്നുവിളിച്ചാലോ? നിങ്ങൾ കണ്ടിട്ടുണ്ടോ പ്രാവിൻപൂവ്! ഈ ലക്കം തളിരിന്റെ മുഖചിത്രം നോക്കുക. നേരിട്ടുകണ്ടാലോ! നാം അമ്പരന്നുനിന്നുപോകും. കടൽപ്പുറത്തെ ചിപ്പികൾ നിങ്ങൾ പെറുക്കിയിട്ടുണ്ടോ? ആ ചിപ്പിയുടെ ആകൃതിയാണ് ഈ പൂവിന്റെ ഇതളുകൾക്ക്. പൂവിതളുകൾ പോലല്ല. മെഴുകുകൊണ്ടു നിർമിച്ചതാണെന്നു തോന്നും. അത്രയ്ക്ക് വെളുത്ത്, കുറച്ചു കനത്ത്, നിറയെ മണത്ത്, ഒരു ഉരുണ്ട പൂവ്. പൂവിനടുത്തു ചെന്നുനോക്കിയാലോ! എന്തൊരത്ഭുതം! ഒരു കുഞ്ഞിക്കുഞ്ഞ് പ്രാവുണ്ടതാ ചിറകുകൾ കുറച്ചു വിരിച്ച് പൂവിനു നടുവിൽ അനങ്ങാതിരിക്കുന്നു! കുഞ്ഞുചിറകുകൾ വെളുത്തിട്ടാണ്. എന്നാൽ മെറൂൺ നിറത്തിലുള്ള കുത്തുകളുണ്ടവയിൽ! ഒരു തീരെ ചെറിയ കുഞ്ഞുതല, മഞ്ഞിച്ച കുഞ്ഞിക്കൊക്ക്! പകുതിവിടർന്ന ചിറകുകൾ! ഈശ്വരാ! എന്തൊരഴകാണിത്! എന്തൊരു മണമാണിതിന്! ഇങ്ങനെയൊരു പൂവു നിർമിച്ച് അതിനുള്ളിൽ ഒരു കിളിയെ ഉണ്ടാക്കി വയ്ക്കാൻ പ്രകൃതിക്ക് എന്തൊരു കുസൃതി തോന്നിയിരിക്കണം! അതാണ് പ്രാവിൻപൂവ്. ഇതിന്റെ ഉത്ഭവം അമേരിക്കയിലാണെന്നു കേൾക്കുന്നു. എവിടെയായാലെന്ത്? നമ്മുടെ നാട്ടിലും ഉണ്ടത്. അതു പോരേ!

സ്നേഹത്തോടെ,
**സുഗതകുമാരി**



വര: സുധീർ പി വൈ



# കപോതപുഷ്പം

**കുമാരനാശാൻ**



ഇതരസൗരഭവീചിയെ മേന്മയാൽ
വിധുരമാക്കിയിളംകുളുർവായുവിൽ
എതിരകന്നിവിടെ പ്രസരിപ്പൊരീ-
മധുരഗന്ധമഹോ! മതിമോഹനം.

ഭ്രമരനീലദലാവലികൾക്കുമേൽ
വിമലമായ് മലർമഞ്ജരിയൊന്നിതാ
കമഠ*മുള്ളിലെഴുന്ന കുളത്തിൽ നീർ-
ക്കുമിളതൻ നിരപോൽ വിലസുന്നുതേ!

ധവളമാം സ്ഫടികച്ചിമിഴീവിധം
നവസുഗന്ധമൊടൊന്നു തുറന്നതോ?
അവികലം മണിയാർന്നതിനിർമ്മല
ച്ഛവിയൊടും പുതുചിപ്പി വിടർന്നതോ?

അതിവിചിത്രമനോഹരശില്പമി-
പ്പുതിയ പൂ-കരകൗശലശാലയിൽ
ഇതിനൊടൊത്തൊരു ദന്തമയങ്ങളാം
കൃതികളില്ല വിധേ, വിഭു തന്നെ നീ!

അഹഹ! നിർമ്മലലോലമനോജ്ഞമീ-
വിഹഗമെങ്ങനെവന്നതിനുള്ളിലായ്;
ഗഹനമേ വിധിചേഷ്ട- പിറാവിതിൽ
സഹജമോ, നിഴലോ, മിഴിമായയോ?

ഒരു വികാരവുമെന്നിയഹോ! ഖഗം
മരുവിടുന്നിതു മൗനസമാധിയിൽ;
പറവയിൽ ചിലതുണ്ടവതാരമായ്;
പറയുമങ്ങനെയാഗമവേദികൾ.

ഭുവനതത്ത്വവുമന്തവുമൊന്നുമേ
വിവരമില്ല, പഠിച്ചു വലഞ്ഞിതേ!
ഇവനതെൻ പരിശുദ്ധകപോതികേ,
ഭവതിയോരുകിലമ്പിനൊടോതണേ!

*Dove Orchid എന്ന പുഷ്പത്തെപ്പറ്റി എഴുതി*
*'ആത്മപോഷിണി'യിൽ പ്രസിദ്ധീകരിച്ചത്.*

# സിയാറ്റിൽ മൂപ്പന്റെ സന്ദേശം

**മലയാള വിവർത്തനം : വീണ എം**

1854ൽ വടക്കുപടിഞ്ഞാറൻ ശാന്തസമുദ്ര തീരത്തു വച്ച് സിയാറ്റിൽ മൂപ്പൻ ഡുവാമിഷ് ഭാഷയിൽ നടത്തിയ പ്രസംഗം ഭാഷയ്ക്കും കാലത്തിനും അതീതമായ തരത്തിൽ അതിമനോഹരമായ ചിന്തകളാലും, സങ്കല്പങ്ങളാലും സമ്പുഷ്ടമാണ്. ഈ കാലത്ത് ഏറെ പ്രസക്തമാണ് സിയാറ്റിൽ മൂപ്പന്റെ പ്രസംഗത്തിലെ ഓരോ വാക്കും.



വാഷിംഗ്ടണിലെ പ്രധാന മേധാവി ഞങ്ങളുടെ ഭൂമി വാങ്ങണമെന്ന ആഗ്രഹം അറിയിച്ചുകൊണ്ടുള്ള സന്ദേശം അയച്ചിരിക്കുന്നു. അതുകൂടാതെ അദ്ദേഹം സൗഹൃദത്തിന്റേയും സന്മനസ്സിന്റേയും ആശംസകളും നമുക്ക് അയച്ചിരിക്കുന്നു. അദ്ദേഹത്തിന് നമ്മുടെ സൗഹൃദത്തിന്റെയൊന്നും ആവശ്യമില്ലെന്ന് നമുക്കറിയാവുന്നതിനാൽ, ഇത് അദ്ദേഹത്തിന്റെ ഹൃദയാലുത്വം ആയി കരുതാം.

എന്നാലും ഞങ്ങൾ നിങ്ങളുടെ നിർദേശം പരിഗണിക്കാം. കാരണം ഞങ്ങൾക്കറിയാം ഞങ്ങളീ ഭൂമി വിറ്റില്ല എങ്കിൽ വെള്ളക്കാരൻ തോക്കുകളുമായി വന്ന് ഈ ഭൂമി ഞങ്ങളിൽ നിന്ന് തട്ടിപ്പറിച്ചു കൊണ്ടുപോകുമെന്ന്.

ആകാശവും ഭൂമിയുടെ ഊഷ്മളതയും എങ്ങനെയാണ് നിങ്ങൾക്ക് വാങ്ങാനോ വിൽക്കാനോ കഴിയുക? ഈ ആശയം തന്നെ ഞങ്ങൾക്ക് അന്യമാണ്. കാറ്റിന്റെ നൈർമല്യവും വെള്ളത്തിന്റെ തിള

ക്കവും നിങ്ങൾക്കു സ്വന്ത മല്ലെങ്കിൽ, എങ്ങനെയാണ് നിങ്ങൾക്ക് അവയെ വാങ്ങാൻ കഴിയുക?

ഈ ഭൂമിയുടെ ഓരോ ഭാഗവും എന്റെ ജനത്തിന് പരിശുദ്ധമാണ്. പൈൻമരത്തിന്റെ തിളങ്ങുന്ന ഓരോ സൂചിയിലയും ഓരോ മണൽത്തീരവും ഇരുണ്ട കാട്ടിലെ ഓരോ മഞ്ഞിൻകണവും ഓരോ വെളിമ്പ്രദേശവും മൂളിപ്പാടുന്ന ഷഡ്പദങ്ങളും എല്ലാമെല്ലാം എന്റെ ജനങ്ങളുടെ ഓർമയിലും അനുഭവങ്ങളിലും വിശുദ്ധമായിരിക്കുന്നു. മരങ്ങളുടെ ഉള്ളിലൂടെ ഒഴുകുന്ന ജീവസത്തയിൽ ഇന്ത്യൻ വംശജരുടെ ഓർമകൾ അലിഞ്ഞുചേർന്നിരിക്കുന്നു.

നക്ഷത്രങ്ങൾക്കിടയിൽ നടക്കാൻ പോകുമ്പോൾ വെള്ളക്കാരുടെ പൂർവികർ അവരുടെ ജന്മദേശത്തെ മറന്നു പോകുന്നു. ഈ സുന്ദരമായ ഭൂമി തങ്ങളുടെ അമ്മയായതിനാൽ തന്നെ, ചുവന്ന വർഗക്കാരിലെ മരിച്ചവർ അവളെ ഒരിക്കലും വിസ്മരിക്കുന്നില്ല. ഞങ്ങൾ ഭൂമിയുടെ ഭാഗവും, ഭൂമി ഞങ്ങളുടെ ഭാഗവുമാണ്.

സുഗന്ധവാഹികളായ പൂക്കൾ ഞങ്ങളുടെ സഹോദരിമാരാണ്. മാനും കുതിരയും വൻപരുന്തുമൊക്കെ ഞങ്ങളുടെ സഹോദരന്മാരാണ്.

പാറമുടികളും പുൽമേടുകളുടെ മാധുര്യവും ഊഷ്മളമായ കുതിരക്കുട്ടിയുടെ ദേഹവും മനുഷ്യരും എല്ലാം ഒരേ കുടുംബത്തിന്റെ ഭാഗം തന്നെ.

വാഷിംഗ്ടണിലെ ഭരണാധികാരി, ഞങ്ങളുടെ ഭൂമി വാങ്ങണമെന്ന ആഗ്രഹം അറിയിച്ചുകൊണ്ടുള്ള സന്ദേശം അയയ്ക്കുമ്പോൾ, അദ്ദേഹം അതിനാൽ ഞങ്ങളിൽ നിന്ന് വളരെ കൂടുതൽ കാര്യങ്ങളാണ് ആവശ്യപ്പെടുന്നത്.

ഞങ്ങൾക്ക് ഞങ്ങളുടെ കാര്യങ്ങളൊക്കെ നോക്കി നന്നായി ജീവിക്കാൻ വേണ്ടി ഒരു സ്ഥലം മാറ്റിവയ്ക്കാമെന്നും, അവിടെ ഞങ്ങൾക്ക് സുഖമായി ജീവിക്കാമെന്നും അദ്ദേഹം വാക്കുതന്നിരിക്കുന്നു. അദ്ദേഹം ഞങ്ങളുടെ പിതാവും, ഞങ്ങൾ അദ്ദേഹത്തിന്റെ കുട്ടികളും ആണെന്ന പോലെ.

അതിനാൽ ഞങ്ങളുടെ ഭൂമി വാങ്ങണമെന്നുള്ള താങ്കളുടെ ആവശ്യം ഞങ്ങൾ പരിഗണിക്കാം. പക്ഷേ അതത്ര എളുപ്പമായിരിക്കില്ല. കാരണം ഈ ഭൂമി ഞങ്ങൾക്ക് വിശുദ്ധമാണ്.

അരുവികളിലൂടെയും പുഴകളിലൂടെയും മിന്നിച്ചിരിച്ചൊഴുകുന്ന ജലം വെറും ജലമല്ല: അതു ഞങ്ങളുടെ പൂർവികരുടെ ജീവരക്തമാണ്. ഈ ഭൂമി ഞങ്ങൾ നിങ്ങൾക്ക് വിൽക്കുകയാണെങ്കിൽ നിങ്ങളെപ്പോഴും ഓർക്കേണ്ടത് അത് വിശുദ്ധമാണെന്നാണ്. നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കേണ്ടത് അതിന്റെ പവിത്രതയെ പറ്റിയാണ്. തടാകങ്ങളിലെ തെളിനീരിൽ കാണുന്ന ആത്മീയ പ്രതിഫലനം, ഞങ്ങളുടെ വർഗക്കാരുടെ ജീവിതത്തിൽ നടന്ന ഓരോ സംഭവങ്ങളും ഓർമയുമാണ്. എന്റെ മുത്തച്ഛന്റെ സ്വരമാണ്, ജലത്തിന്റെ സ്നിഗ്ദ്ധമായ കളകളാരവത്തിൽ നിറഞ്ഞിരിക്കുന്നത്.

പുഴകൾ ഞങ്ങളുടെ സഹോദരന്മാരാണ്. അവർ ഞങ്ങളുടെ ദാഹത്തെ ശമിപ്പിക്കുന്നു. ഞങ്ങളുടെ തോണികളെ ചുമക്കുന്ന പുഴ, കുട്ടികളുടെ വിശപ്പ് അകറ്റുകയും ചെയ്യുന്നു. പുഴകൾ ഞങ്ങളുടേയും നിങ്ങളുടേയും സഹോദരന്മാരാണെന്ന വസ്തുത, ഞങ്ങളുടെ ഭൂമി നിങ്ങൾക്ക് വിൽക്കുകയാണെങ്കിൽ, നിങ്ങൾ ഓർക്കുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുക. അതോടൊപ്പം ഏതൊരു സഹോദരനും നൽകേണ്ട അനുകമ്പ നിങ്ങൾ പുഴയ്ക്കും നൽകുക.

പ്രഭാതസൂര്യന്റെ രശ്മികൾ പതിക്കും മുമ്പേ മലകളിലെ മഞ്ഞ് പിന്മാറി പോകുന്ന പോലെ, വെള്ളക്കാരന്റെ കടന്നുകയറ്റത്തിൽ ചുവന്ന വർഗക്കാരൻ പിന്മാറി പോയിട്ടേയുള്ളൂ. പൂർവികരുടെ അവശിഷ്ടങ്ങൾ പക്ഷേ ഞങ്ങൾക്ക് വിശുദ്ധമാണ്. അവരുടെ ഭൗതികാവശിഷ്ടങ്ങൾ ഭാഗമാക്കിയ ഈ ഭൂമി ഞങ്ങൾക്ക് വിശുദ്ധഭൂമിയും. അതിനാൽ തന്നെ ഈ കുന്നുകളും അതിലെ മരങ്ങളും ഭൂമിയുടെ ഈ ഭാഗവുമൊക്കെ തന്നെ ഞങ്ങൾക്ക് പവിത്രവുമാണ്. വെളുത്ത വർഗക്കാർക്ക് ഞങ്ങളുടെ രീതികൾ മനസ്സിലാവില്ലെന്ന് ഞങ്ങൾക്കറിയാം. രാത്രിയിൽ വന്ന് തനിക്ക് വേണ്ടതെല്ലാം എടുത്തുകൊണ്ടു



വര: വെങ്കി

പോകുന്ന അപരിചിതനെ പോലുള്ള വെള്ളക്കാരന്, ഭൂമിയുടെ ഒരു ഭാഗത്തെ കുറിച്ചു തോന്നുന്നതു പോലെ തന്നെ അടുത്തതിനെ കുറിച്ചും കരുതുന്നു. ഭൂമി അവന് സഹോദരനല്ല, ശത്രുവാണ്. ഒരിക്കൽ അതിനെ കീഴടക്കിയാൽ അവൻ അടുത്ത സ്ഥലം അന്വേഷിച്ചു നീങ്ങുകയായി. പിതാക്കന്മാരുടെ ശവകുടീരങ്ങളെ പിന്തള്ളി യാത്ര തുടരുന്നത് അവന് വല്യ കാര്യമേയല്ല. സ്വന്തം കുഞ്ഞുങ്ങളുടെ കൈയിൽ നിന്ന് ഭൂമി തട്ടിപ്പറിക്കുന്നതും അവന് നിസ്സാരം തന്നെ.

**എനിക്കറിയില്ല. ഞങ്ങളുടെ വഴികൾ നിങ്ങളുടെ വഴികളിൽ നിന്നും വ്യത്യസ്തമാണ്. നിങ്ങളുടെ നഗരങ്ങളിൽ കാണുന്ന കാഴ്ചകൾ ചുവന്ന വർഗക്കാരന്റെ കണ്ണുകളെ വേദനിപ്പിക്കുന്നു. അത് ഒരുപക്ഷേ, ചുവന്ന വർഗക്കാരൻ ഒരു പ്രാകൃതനും ഇതൊന്നും മനസ്സിലാക്കാൻ കഴിവില്ലാത്തവനും ആയതിനാലാവും.**



സ്വപിതാക്കന്മാരുടെ ശവകുടീരവും, സ്വന്തം കുഞ്ഞുങ്ങളുടെ ജന്മാവകാശവും അവൻ മറന്നിരിക്കുന്നു. അവന്റെ അമ്മയായ ഭൂമിയേയും ആകാശമെന്ന സഹോദരനേയും വാങ്ങാനും കൊള്ളയടിക്കാനും ചൂഷണം ചെയ്യാനും വിൽക്കാനും ഉള്ള ആടുമാടുകളേയോ, തിളക്കമുള്ള മുത്തുകളേയോ പോലെ അവൻ കണക്കാക്കുന്നു. അവന്റെ അത്യാർത്തി ഭൂമി മുഴുവൻ കാർന്നുതിന്ന് മരുഭൂമി മാത്രം അവശേഷിപ്പിക്കാൻ പോന്ന ഒന്നാണ്.

എനിക്കറിയില്ല. ഞങ്ങളുടെ വഴികൾ നിങ്ങളുടെ വഴികളിൽ നിന്നും വ്യത്യസ്തമാണ്. നിങ്ങളുടെ നഗരങ്ങളിൽ കാണുന്ന കാഴ്ചകൾ ചുവന്ന വർഗക്കാരന്റെ കണ്ണുകളെ വേദനിപ്പിക്കുന്നു. അത് ഒരുപക്ഷേ, ചുവന്ന വർഗക്കാരൻ ഒരു പ്രാകൃതനും ഇതൊന്നും മനസ്സിലാക്കാൻ കഴിവില്ലാത്തവനും ആയതിനാലാവും.

വെള്ളക്കാരന്റെ നഗരങ്ങളിൽ ശാന്തമായ ഒരിടവുമില്ല. വസന്തത്തിൽ തളിരിലകൾ ചുരുൾ നിവർത്തുന്നതിന്റേയും, ഷഡ്പദങ്ങൾ ചിറകുരുമ്മുന്നതിന്റേയും സ്വരം കേൾക്കാൻ പറ്റിയ ഒരു സ്ഥലം പോലുമില്ല. അത് ചിലപ്പോൾ ഞാനൊരു പ്രാകൃതനും ഇതൊന്നും മനസ്സിലാക്കാൻ കഴിവില്ലാത്തവനും ആയതിനാലാവും. ആകെ ചെവികളെ അലോസരപ്പെടുത്തുന്നതാണ് അവിടുത്തെ ശബ്ദകോലാഹലം. വിപ്പ് പുവർ വില്ലിന്റെ ഏകാന്ത സംഗീതവും രാത്രിയിൽ കുളത്തിന് ചുറ്റും





തവളകളുടെ വാഗ്വാദവും മനുഷ്യർക്ക് കേൾക്കാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ ജീവിതത്തിന് മാറ്റുകൂട്ടുവാൻ മറ്റെന്താണ് ഉള്ളത്. ഞാനൊരു ചുവന്ന വർഗക്കാരനാണ്. എനിക്കിതൊന്നും മനസ്സിലാകുന്നില്ല. കുളത്തിന്റെ പ്രതലത്തിൽ തെന്നിനീങ്ങുന്ന കാറ്റിന്റെ തലോടലിന്റെ മൃദുസ്വരവും നട്ടുച്ചയിലെ മഴ ശുദ്ധമാക്കിയതോ, പൈൻമരത്തിന്റെ സുഗന്ധം കലർന്നതോ ആയ കാറ്റിന്റെ ഗന്ധവുമായിരിക്കും ചുവന്ന ഇന്ത്യാക്കാരൻ കൂടുതൽ ഇഷ്ടപ്പെടുന്നത്.

എല്ലാ ജീവനും പങ്കുവയ്ക്കുന്നത് ഒരേ ശ്വാസത്തെയാണ് – മൃഗവും മരവും മനുഷ്യരും ഒക്കെ – അതിനാൽ തന്നെ ഈ പ്രാണവായു ചുവന്നവർഗക്കാരന് അമൂല്യമാണ്. വെള്ളക്കാരൻ താൻ ശ്വസിക്കുന്ന വായുവിനെ ശ്രദ്ധിക്കാറേയില്ല എന്ന് തോന്നുന്നു. ദിവസങ്ങൾക്കു മുമ്പേ മരിച്ചുപോയ മനുഷ്യനെപ്പോലെ, അവൻ ദുർഗന്ധത്തോടെ മരവിച്ചിരിക്കുന്നു. എന്നാലീ ഭൂമി ഞങ്ങൾ നിങ്ങൾക്കു വിൽക്കുകയാണെങ്കിൽ, നിങ്ങൾ ഒരു കാര്യം ഓർമ്മിക്കുക, ഈ പ്രാണവായു ഞങ്ങൾക്ക് അമൂല്യമാണ് – കാരണം വായു സ്വന്തം ജീവചൈതന്യത്തെ അത് താങ്ങി നിർത്തുന്ന എല്ലാ ജീവനുമായി പങ്കുവയ്ക്കുന്നു. ഞങ്ങളുടെ മുത്തച്ഛന് ആദ്യശ്വാസം പ്രദാനം ചെയ്ത വായു തന്നെയാണ് അദ്ദേഹത്തിന്റെ അവസാന ശ്വാസം ഏറ്റുവാങ്ങിയതും. പുൽമേട്ടിലെ പൂക്കളുടെ മാധുര്യം കലർന്നിട്ടുള്ള കാറ്റിന്റെ രുചി നുകരാൻ, വെള്ളക്കാർക്കും പോകാൻ പറ്റുന്ന സ്ഥലമായി ഞങ്ങൾ നിങ്ങൾക്കു നൽകുന്ന ഭൂമിയെ പ്രത്യേകം മാറ്റിവയ്ക്കുകയും പരിശുദ്ധമായി സംരക്ഷിക്കുകയും ചെയ്യുക.

അതിനാൽ ഞങ്ങളുടെ ഭൂമി വാങ്ങാനുള്ള നിങ്ങളുടെ താത്പര്യം ഞങ്ങൾ പരിഗണിക്കാം. ഞങ്ങൾ നിങ്ങളുടെ ഈ ആവശ്യം പരിഗണിക്കുകയാണെങ്കിൽ ഞാൻ ഒരൊറ്റ നിബന്ധന മാത്രം മുന്നോട്ടുവയ്ക്കും: നിങ്ങൾ, വെള്ളക്കാർ ഈ നാട്ടിലെ മൃഗങ്ങളെ സഹോദരങ്ങളായി കണ്ട് പെരുമാറണം.

ഞാനൊരു പ്രാകൃതനാണ്. എനിക്കീ രീതി അല്ലാതെ വേറൊന്നും അറിയില്ല.

ഓടുന്ന തീവണ്ടിയിലിരുന്ന് വെള്ളക്കാർ നേരംപോക്കിനായി



വെടിവച്ചു വീഴ്ത്തിയ ഒരായിരം കാട്ടുപോത്തുകളുടെ ചീയുന്ന ശവശരീരങ്ങൾ പ്രയറിപ്പുൽപ്പരപ്പുകളിൽ ഞാൻ കണ്ടിട്ടുണ്ട്. ഞാനൊരു പ്രാകൃതനാണ്. അതിനാൽ എനിക്കു മനസ്സിലാകാത്തത്, ജീവൻ നിലനിർത്താനായി മാത്രം ഞങ്ങൾ കൊല്ലാറുള്ള കാട്ടുപോത്തിനെക്കാൾ പുക തുപ്പുന്ന ഇരുമ്പ് കുതിരയ്ക്കുള്ള പ്രാധാന്യം എന്ത് എന്നതാണ്.

മൃഗങ്ങളേയില്ലെങ്കിൽ പിന്നെ മനുഷ്യനെന്താണ്? മൃഗങ്ങളെല്ലാം ഒഴിഞ്ഞുപോകുകയാണെങ്കിൽ ആത്മാവിനെ ബാധിക്കുന്ന ആ വലിയ ശൂന്യതയാൽ മനുഷ്യനും മരിച്ചുപോകും. കാരണം മൃഗങ്ങൾക്കു സംഭവിക്കുന്നതെന്താണോ അത്, വളരെ വേഗം മനുഷ്യനും വന്നു ഭവിക്കും. എല്ലാം പരസ്പര ബന്ധിതമാണ്.

ഞങ്ങളുടെ മുത്തച്ഛന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന ഭൂമിയാണ് അവരുടെ കാൽക്കീഴിലെന്ന സംഗതി നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുക. നമ്മുടെ ബന്ധുജനങ്ങളുടെ ജീവനാൽ സമ്പന്നമാണ്, നമ്മുടെ ഈ ഭൂമിയെന്ന കാര്യം കുട്ടികളെ മനസ്സിലാക്കിക്കുക. അങ്ങനെയവർ ഈ ഭൂമിയെ ബഹുമാനിക്കാൻ ഇടയാകട്ടെ. ഞങ്ങൾ ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കാറുള്ളതുപോലെ നിങ്ങൾ നിങ്ങളുടെ കുട്ടികളേയും ഭൂമി നമ്മുടെ അമ്മയാണെന്ന് പഠിപ്പിക്കുക. എന്തുതന്നെയാണോ ഭൂമിക്കു സംഭവിക്കുന്നത്, അതുതന്നെ ഭൂമിയുടെ മക്കൾക്കും സംഭവിക്കും. മനുഷ്യൻ ഭൂമിയുടെ മേൽ തുപ്പുമ്പോൾ, അവനവന്റെ നേരെയാണ് അതു പതിക്കുന്നത്.

ഇതു ഞങ്ങൾക്കറിയാം. ഭൂമി മനുഷ്യന്റെ സ്വന്തമല്ല. എന്നാലോ മനുഷ്യൻ ഭൂമിയുടെ സ്വന്തമാണ്. ഇത് ഞങ്ങൾക്കറിയാം. രക്തം ഒരു കുടുംബത്തെ എങ്ങനെയാണോ ബന്ധിപ്പിക്കുന്നത്, അതുപോലെ എല്ലാ കാര്യങ്ങളും പരസ്പരബന്ധിതമാണ്.

എന്താണോ ഭൂമിക്കു സംഭവിക്കുന്നത്, അതുതന്നെ ഭൂമിയുടെ മക്കൾക്കും സംഭവിക്കും. ജീവന്റെ വല നെയ്യുന്നത് മനുഷ്യനല്ല. അവൻ അതിലെ വെറുമൊരു തന്തു മാത്രമാണ്. ഈ ജീവന്റെ ശൃംഖലാജാലികയെ അവൻ എന്തൊക്കെ ചെയ്യുന്നോ, അതെല്ലാം അവൻ അവനോട് തന്നെയാണ് ചെയ്യുന്നത്.

എന്നാലും എന്റെ വംശജർക്കായി മാറ്റിവച്ചിട്ടുള്ള നിർദിഷ്ട ഭൂമിയിലേക്ക് പോകാനുള്ള നിങ്ങളുടെ നിർദേശം ഞങ്ങൾ പരിഗണിക്കാം. സമാധാനം നിലനിർത്തി തന്നെ നമുക്ക് പരസ്പരം അകന്നു ജീവിക്കാം. ഞങ്ങളുടെ ബാക്കി കാലം എവിടെ കഴിച്ചുകൂട്ടുന്നു എന്നത് തീരെ അപ്രസക്തമാണ്.

തോൽവി ഞങ്ങളുടെ പിതാക്കന്മാരെ എളിമപ്പെടുത്തുന്നത് ഞങ്ങളുടെ കുട്ടികൾ കണ്ടിട്ടുണ്ട്. ഞങ്ങളുടെ പോരാളികൾ തോൽവിക്കു ശേഷം നാണക്കേടു കാരണം അവരുടെ ദിവസങ്ങളെ അലസത കൊണ്ടും, ശരീരങ്ങളെ രുചികരമായ ആഹാരസാധനങ്ങളും, മദിപ്പിക്കുന്ന പാനീയങ്ങളും കൊണ്ടും മലിനപ്പെടുത്തുന്നതും കണ്ടിട്ടുണ്ട്. ഞങ്ങളുടെ ബാക്കി കാലം എവിടെ കഴിച്ചുകൂട്ടുന്നു എന്നത് അപ്രസക്തമാണ്. ആ ദിനങ്ങൾ ഇനി അധികമില്ലല്ലോ. ചിലപ്പോൾ കുറച്ചു മണിക്കൂറുകൾ, അല്ലെങ്കിൽ കുറച്ചു മഞ്ഞുകാലങ്ങൾ. അത് കഴിഞ്ഞാൽ ഒരു കാലത്ത് അതിശക്തന്മാരും നിങ്ങളുടേതിനൊപ്പം പ്രതീക്ഷകൾ പുലർത്തിയിരുന്നവരുമായ, ഈ ഭൂമിയിൽ ഒരിക്കൽ ജീവിക്കുകയും കാട്ടിലൊക്കെ ചെറിയ കൂട്ടങ്ങളായി അലഞ്ഞുനടക്കുകയും ചെയ്ത ആ വലിയ സമൂഹത്തിലെ ഒരു കുട്ടി പോലും ഈ മനുഷ്യരുടെ ശവകുടീരങ്ങളേയോ ഓർമകളേയോ പോലും ഓർത്ത് കരയാൻ ബാക്കിയുണ്ടാവില്ല. പക്ഷേ ഞാനെന്തിന് എന്റെ ജനങ്ങളുടെ ഒഴിഞ്ഞുപോകലിനെ ഓർത്ത് കരയണം? ആദിമസമൂഹങ്ങളിലും മനുഷ്യരാണുള്ളത്, മറ്റൊന്നുമല്ല അവയിലുള്ളത്. മനുഷ്യർ വരികയും പോവുകയും ചെയ്യും, കടലിലെ തിരമാലകൾ പോലെ.

ഒരു സുഹൃത്തിനെ പോലെ ഒരുമിച്ച് കൂടെ നടക്കുന്ന ഒരു ദൈവത്തിൽ വിശ്വസിക്കുന്ന വെള്ളക്കാരനു പോലുമീ പൊതുവിധിയിൽ നിന്ന് ഒഴി

**ഓടുന്ന തീവണ്ടിയിലിരുന്ന് വെള്ളക്കാർ നേരംപോക്കിനായി വെടിവച്ചു വീഴ്ത്തിയ ഒരായിരം കാട്ടുപോത്തുകളുടെ ചീയുന്ന ശവശരീരങ്ങൾ പ്രയറിപ്പുൽപ്പരപ്പുകളിൽ ഞാൻ കണ്ടിട്ടുണ്ട്. ഞാനൊരു പ്രാകൃതനാണ്. അതിനാൽ എനിക്കു മനസ്സിലാകാത്തത്, ജീവൻ നിലനിർത്താനായി മാത്രം ഞങ്ങൾ കൊല്ലാറുള്ള കാട്ടുപോത്തിനെക്കാൾ പുക തുപ്പുന്ന ഇരുമ്പ് കുതിരയ്ക്കുള്ള പ്രാധാന്യം എന്ത് എന്നതാണ്.**

ഞ്ഞുനിൽക്കാനാവില്ല. എന്തൊക്കെയായാലും നമ്മൾ സഹോദരന്മാരായിരിക്കും, നമുക്കു കാണാം. വെള്ളക്കാരൻ എന്നെങ്കിലുമൊരിക്കൽ തിരിച്ചറിയാൻ സാധ്യതയുള്ള ഒരു കാര്യം ഞങ്ങൾക്കറിയാം, നിങ്ങളുടെ ദൈവവും ഞങ്ങളുടേതും ഒന്നു തന്നെയാണ് എന്ന്. നിങ്ങൾ ചിന്തിക്കുന്നത് ഒരു പക്ഷേ ഞങ്ങളുടെ ഭൂമി നിങ്ങൾ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നതുപോലെ, ദൈവത്തേയും സ്വന്തമാക്കി മാറ്റണമെന്നാവും. പക്ഷേ നിങ്ങൾക്കതിനാവില്ല. അദ്ദേഹം സകല മാനവരുടേയും ദൈവമാണ്; ചുവന്ന വർഗക്കാരനോടും വെള്ളക്കാരനോടും അദ്ദേഹത്തിനു തുല്യ കാരുണ്യമാണുള്ളത്. ഈ ഭൂമി അദ്ദേഹത്തിന് അമൂല്യമാണ്; അതിനെ നശിപ്പിക്കുക എന്നാൽ സൃഷ്ടാവിന്റെ മീതെ വെറുപ്പിന്റെ കൂന കൂട്ടുന്നതുപോലെയാണ്.



എന്നാൽ വെള്ളക്കാരും തീർച്ചയായും ഒരുനാൾ ഒഴിഞ്ഞുപോകും. ഒരു പക്ഷേ മറ്റു വർഗക്കാരെക്കാൾ മുമ്പ് തന്നെ അവർക്കത് വന്നു ഭവിക്കും. സ്വന്തം കിടക്കയിൽ മാലിന്യങ്ങൾ കുന്നുകൂട്ടിയാൽ, എന്നെങ്കിലും ഒരു രാത്രി നിങ്ങൾ ശ്വാസം മുട്ടി മരിക്കും, തീർച്ച.

വേറെന്തോ പ്രത്യേക കാരണങ്ങളാൽ ഈ നാട്ടിലേക്ക് നിങ്ങളെ എത്തിക്കുകയും, ഈ ഭൂമിക്കും ചുവന്ന വർഗക്കാർക്കും മീതെ അധികാരം സ്ഥാപിക്കാൻ അവസരം തരികയും ചെയ്ത നിങ്ങളുടെ ദൈവത്തിന്റെ ശക്തിയാൽ ഒരുപക്ഷേ നശിച്ചു നാമാവശേഷമാകുമ്പോൾ പോലും നിങ്ങൾ പ്രഭ ചൊരിഞ്ഞേക്കും.



കാട്ടുപോത്തുകളെയെല്ലാം കൊല ചെയ്യുമ്പോഴും, കാട്ടുകുതിരകളെ ഇണക്കി വളർത്തുമ്പോഴും, കാടിന്റെ രഹസ്യകോണുകളിൽ മനുഷ്യഗന്ധം നിറയുമ്പോഴും, സമ്പന്നമായ കുന്നുകളിൽ സംസാരിക്കുന്ന കമ്പികൾ (വൈദ്യുതകമ്പികൾ) കാഴ്ചയെ മറയ്ക്കുമ്പോഴും എന്താണ് സംഭവിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ആ നിയതി ഞങ്ങളെ സംബന്ധിച്ചിടത്തോളം നിഗൂഢമാണ്.

എവിടെയാണ് പൊന്തക്കാട്? പോയ്മറഞ്ഞിരിക്കുന്നു.

എവിടെയാണ് പരുന്ത്? പോയ്മറഞ്ഞിരിക്കുന്നു.

**നിങ്ങളീ ഭൂമി വാങ്ങിക്കുന്ന വേളയിൽ എങ്ങനെയായിരുന്നു എന്നതിന്റെ ഓർമ നിങ്ങളെന്നും മനസ്സിൽ നിലനിർത്തുക. നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെയും, മനസ്സോടെയും, കഴിവുകൾ ഉപയോഗിച്ചും നിങ്ങളുടെ കുട്ടികൾക്കായി അതിനെ സംരക്ഷിക്കുക, സ്നേഹിക്കുക... നമ്മളോരോരുത്തരേയും ദൈവം സ്നേഹിക്കുന്ന മാതിരി.**

വേട്ടയാടലിന്റെ ആഹ്ലാദം നിറഞ്ഞ ജീവിതത്തിനും വേഗതയിലോടുന്ന കുതിരക്കുട്ടിക്കും യാത്രാമൊഴി ചൊല്ലുക എന്നാൽ എന്താണ്? ജീവിക്കുന്നതിന്റെ അന്ത്യവും നിലനിൽപ്പിന്റെ തുടക്കവും.

അതിനാൽ ഞങ്ങളുടെ ഭൂമി വാങ്ങാനുള്ള നിങ്ങളുടെ നിർദേശം ഞങ്ങൾ പരിഗണിക്കാം. ഞങ്ങളതംഗീകരിക്കുന്നത് നിങ്ങൾ ഞങ്ങൾക്ക് വാഗ്ദാനം ചെയ്ത നിർദിഷ്ട ഭൂമി ഉറപ്പാക്കാൻ വേണ്ടി മാത്രമാണ്. അവിടെ ഒരുപക്ഷേ ഞങ്ങളുടെ ബാക്കി ദിവസങ്ങൾ ഞങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ ചില വഴിച്ചേക്കും. അവസാനത്തെ ചുവന്ന മനുഷ്യനും ഈ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായി കഴിയുമ്പോൾ, പ്രയറിപ്പുൽപ്പരപ്പിനു മുകളിലൂടെ നീന്തിപ്പോകുന്ന മേഘശകലത്തിന്റെ നിഴൽ മാത്രമായി അവന്റെ ഓർമ മാറുമ്പോഴും, ഈ തീരങ്ങളും കാടുകളും എന്റെ ആൾക്കാരുടെ ആത്മാക്കളെ ഉൾക്കൊള്ളുന്നുണ്ടാകും. കാരണം ഒരു നവജാതശിശു എങ്ങനെ തന്റെ അമ്മയുടെ ഹൃദയതാളത്തെ സ്നേഹിക്കുന്നുവോ അതുപോലെ അവരീ ഭൂമിയെ സ്നേഹിക്കുന്നു. അതിനാൽ ഞങ്ങളീ ഭൂമി നിങ്ങൾക്കു വിൽക്കുകയാണെങ്കിൽ, ഞങ്ങളീ ഭൂമിയെ സ്നേഹിക്കുന്ന മാതിരി നിങ്ങളും അതിനെ സ്നേഹിക്കുക. ഞങ്ങളതിനെ സംരക്ഷിച്ച പോലെ നിങ്ങളും സംരക്ഷിക്കുക. നിങ്ങളീ ഭൂമി വാങ്ങിക്കുന്ന വേളയിൽ എങ്ങനെയായിരുന്നു എന്നതിന്റെ ഓർമ നിങ്ങളെന്നും മനസ്സിൽ നിലനിർത്തുക. നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെയും, മനസ്സോടെയും, കഴിവുകൾ ഉപയോഗിച്ചും നിങ്ങളുടെ കുട്ടികൾക്കായി അതിനെ സംരക്ഷിക്കുക, സ്നേഹിക്കുക... നമ്മളോരോരുത്തരേയും ദൈവം സ്നേഹിക്കുന്ന മാതിരി.

ഒരു കാര്യം ഞങ്ങൾക്കറിയാം. ഞങ്ങളുടെ ദൈവവും നിങ്ങളുടേതും ഒന്നുതന്നെ. ഈ ഭൂമി അദ്ദേഹത്തിന് ഏറെ അമൂല്യമാണ്. വെള്ളക്കാരനുപോലും പൊതുവിധിയിൽ നിന്നും ഒഴിഞ്ഞുനിൽക്കാനാവില്ല. എല്ലാം കഴിഞ്ഞാലും, നമ്മൾ സഹോദരന്മാരായിരിക്കും. നമുക്കു കാണാം.

*(1854ൽ വടക്കുപടിഞ്ഞാറൻ ശാന്തസമുദ്ര തീരത്തു വച്ച് സിയാറ്റിൽ മൂപ്പൻ ഡുവാമിഷ് ഭാഷയിൽ നടത്തിയ പ്രസംഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷ ഡോ. ഹെന്റി സ്മിത്ത് നടത്തിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ ഭാഷയ്ക്കും കാലത്തിനും അതീതമായ തരത്തിൽ അതിമനോഹരമായ ചിന്തകളാലും, സങ്കല്പങ്ങളാലും സമ്പുഷ്ടമായതിനാൽ തന്നെ അതിനെ പരിഭാഷപ്പെടുത്തുന്നതിൽ അദ്ദേഹം അതിയായി പരാജയപ്പെട്ടുവത്രേ. പക്ഷേ പ്രയറിപ്പുൽപ്പരപ്പുകളും കാട്ടുപോത്തുകളും ഒരിക്കലും കണ്ടിട്ടില്ലാത്ത, തങ്ങളുടെ സ്ഥലത്തിനടുത്തൊന്നും 1869-നോടടുത്തല്ലാതെ റെയിൽപ്പാതകളൊന്നും വരുന്നത് കണ്ടിട്ടില്ലാത്ത സിയാറ്റിൽ മൂപ്പൻ എങ്ങനെ തന്റെ പ്രസംഗത്തിൽ ഇവയെക്കുറിച്ചൊക്കെ പറഞ്ഞു എന്നത് നിഗൂഢമാണ്. നമ്മൾ ജീവിക്കുന്ന ഭൂമിയെപ്പറ്റിയും അതിലെ ജീവനെപ്പറ്റിയും രേഖപ്പെടുത്തിയ ഏറ്റവും ഉദാത്തമായ സന്ദേശങ്ങളിൽ ഒന്നാണിത്.)*

2020-ൽ കൊറോണ എന്ന കുഞ്ഞ് വൈറസ് തന്ന കോവിഡ് എന്ന മഹാമാരിയുടെ മുൻപിൽ മാനവവംശം ഒന്നാകെ പകച്ചു നിൽക്കുമ്പോഴും, ഈ വാക്കുകൾ ഭൂമി എന്ന ജീവസമ്പന്നമായ സമുദ്രഗോളത്തിന്റെ പരസ്പരാശ്രിതത്വത്തേയും ബന്ധങ്ങളേയും ഉൾക്കൊണ്ട് ഏത് ശാസ്ത്രഗ്രന്ഥത്തേക്കാളും നമ്മൾ, കുഞ്ഞുങ്ങളും മുതിർന്നവരും ഒരുപോലെ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന ശാസ്ത്രമായാണ് എനിക്കു തോന്നുന്നത്. കണ്ണുനിറയാതെ, ഹൃദയമിടിപ്പിന്റ താളംതെറ്റാതെ ഇതു വായിച്ചു തീർക്കാൻ എനിക്കിതേവരെ കഴിഞ്ഞിട്ടില്ല.

ഗാന്ധിജി പറഞ്ഞതുപോലെ, വികസനം എന്ന് കേൾക്കുമ്പോൾ നമ്മൾ കണ്ടതിലേറ്റവും ദരിദ്രനാരായണന്, ഒരുനേരത്തെ ഭക്ഷണമെങ്കിലും എത്തിക്കാൻ കഴിയുന്ന ഒന്നായിരിക്കണമെന്ന് പറഞ്ഞപോലെ ഈ കൊറോണാക്കാലത്ത് ഓരോ ആവശ്യങ്ങളും, അവകാശങ്ങളും പറഞ്ഞ് പ്രകൃതിയെ ഹനിക്കുമ്പോൾ നമുക്കേവർക്കും ഒരുപോലെ വിലകൊടുക്കേണ്ടിവരുന്ന ഒരു നിയതി നാം എഴുതിച്ചേർക്കുകയാണെന്ന് ഇത് വായിക്കുന്ന ഓരോരുത്തരും ഓർക്കുമെന്ന് കരുതുന്നു. നമുക്ക് കരുതലിന്റെ മക്കളാകാം. ഈ കാലത്തിന്റെ വലിയ ആവശ്യം അതാണ്. സ്നേഹോഷ്മളമായി നിങ്ങളോരോരുത്തരേയും മനസ്സിൽ കരുതുന്നു.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്









# പരുത്തിമരക്കാട്ടിലെ കുഞ്ഞിത്തത്ത


**പുനരാഖ്യാനം: റോസ്‌മേരി**

കണ്ണെത്താദൂരത്തോളമങ്ങനെ പരന്നുകിടക്കുന്ന നെൽപ്പാടം. സ്വർണവർണമാർന്ന് വിളഞ്ഞുപാകമായ് നിൽക്കുന്ന കതിരുകൾ. വിളവു കൊയ്യാൻ കാലമായിരിക്കുന്നു. കതിരുകളുടെ ഭാരത്താൽ നന്നേ കുനിഞ്ഞാണു നെൽച്ചെടികളുടെ നിൽപ്പ്.

കൊയ്യാൻ പാകമായ നെല്ലല്ലേ. വല്ല കള്ളക്കൂട്ടങ്ങളും മോഷ്ടിച്ചു കൊണ്ടുപോയാലോ? അതുകൊണ്ടു വളരെ ജാഗ്രതയോടെയാണ് പാറാവുകാരൻ വയലു കാക്കുന്നത്.

എത്ര കരുതലോടെ സൂക്ഷിച്ചിട്ടും അയാളുടെ കണ്ണുതെറ്റുന്ന നേരം നോക്കി, ആരോ വയലിൽ കടന്ന് നെല്ലു മോഷ്ടിക്കുന്നുണ്ട്. ആരെന്നോ, എവിടെനിന്നോ പറന്നുവരുന്ന ഒരു പറ്റം തത്തകൾ.





വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

അയാൾ ഉച്ചയൂണും കഴിഞ്ഞ് മരത്തണലിൽ കിടന്നു തെല്ലു നേരം ഒന്നു മയങ്ങുമ്പോഴാണു തസ്കരന്മാർ പണി പറ്റിക്കുന്നത്! ഏതാനും ദിവസത്തെ കാത്തിരിപ്പിനുശേഷമാണ് അയാൾ പച്ചത്തത്തകളെ നേരിട്ടു കാണുന്നത്.

ഒരു കൂട്ടമായാണ് അവ പറന്നിറങ്ങുന്നത്. വേണ്ടത്ര നെന്മണികൾ കൊത്തിത്തിന്ന് വയറുനിറച്ചിട്ട് അവ തിരികെ മടങ്ങും. കൂട്ടത്തിൽ ഏറ്റവും ചെറിയ തത്തയെ കാവൽക്കാരൻ പ്രത്യേകം ശ്രദ്ധിച്ചു.

കാണാൻ എന്തൊരു കൗതുകമാണെന്നോ, അവനെ! പ്രായം കുറവാണെങ്കിലും നല്ല ചൊടിയും ചുറുചുറുക്കും. തിരികെ മടങ്ങുമ്പോൾ ഇവന്റെ ചുണ്ടത്ത് ഭദ്രമായ് സൂക്ഷിച്ച നാലഞ്ചു കതിർക്കറ്റകളുമുണ്ടാവും. അത് കാവൽക്കാരനെ അത്ഭുതപ്പെടുത്തി. എന്തിനാണാവോ, തത്തക്കുഞ്ഞിന് കതിർക്കറ്റ?

തത്തകളുടെ വരവ് പതിവായപ്പോൾ, കാവൽക്കാരൻ യജമാനനെ ചെന്നുകണ്ട് ആവലാതി ബോധിപ്പിച്ചു. നെന്മണികൾ കവർന്നെടുക്കുന്ന തത്തകളെക്കുറിച്ചു പറഞ്ഞപ്പോൾ കതിരുകൊത്തിപ്പറക്കുന്ന കൊച്ചു തത്തയെക്കുറിച്ചും അയാൾ വിവരിച്ചു.

കാവൽക്കാരൻ, ആ തത്തക്കുഞ്ഞിന്റെ ചന്തം വർണിച്ചു. അതുകേട്ട വയൽ ഉടമയ്ക്ക് അവനെ കാണാതെ ഇരിക്കപ്പൊറുതി ഇല്ലെന്നായി. എത്രയും പെട്ടെന്ന് ആ ചന്തക്കാരൻ കുഞ്ഞിത്തത്തയെ തന്റെ മുന്നിൽ ഹാജരാക്കണം എന്നായി യജമാനന്റെ കൽപ്പന. കിളിയെ പിടികൂടാനായി, കുതിരവാലുകൊണ്ട് കെണി വയ്ക്കേണ്ടതെങ്ങിനെ എന്നുമയാൾ

**തെല്ലൊന്നു പരിഭ്രമിച്ചെങ്കിലും അവൻ കൂവി വിളിക്കാനൊന്നും പോയില്ല. തന്റെ കൂട്ടുകാർ തീറ്റ കൊത്തിത്തിന്നു തുടങ്ങിയതേയുള്ളൂ. ഇപ്പോൾ താൻ ചിലച്ചു ബഹളമുണ്ടാക്കിയാൽ അവർ ആഹാരം കഴിക്കുന്നതു പാതിയിൽ വച്ചു നിർത്തും. എന്നിട്ട് തന്നെ രക്ഷിക്കാൻ വേണ്ടി ഇങ്ങു പറന്നെത്തും. വേണ്ട, സാധുക്കൾ ആദ്യം വയറു നിറയ്ക്കട്ടെ.**

കാവൽക്കാരനു പറഞ്ഞുകൊടുത്തു. ''ആ തത്തക്കുഞ്ഞിനെ ജീവനോടെ തന്നെ പിടിച്ചു കൊണ്ടു വന്നേക്കണം കേട്ടോ!'' യജമാനൻ പ്രത്യേകം ഓർമിപ്പിച്ചു.

പിറ്റേന്നു രാവിലെ തന്നെ, കാവൽക്കാരൻ, നെൽച്ചെടികൾക്കിടയിൽ, കുതിരവാലുകൊണ്ടുള്ള കെണി ഉണ്ടാക്കി വച്ചു. കാര്യമറിയാതെ നമ്മുടെ കുഞ്ഞിത്തത്ത, അതിന്മേൽ ചെന്നിരുന്നു. കഷ്ടമേ, പറന്നുയരാൻ നോക്കുമ്പോഴുണ്ട് അവന്റെ കാൽവിരലുകൾ ആ കുടുക്കിൽ പെട്ടിരിക്കുന്നു.

തെല്ലൊന്നു പരിഭ്രമിച്ചെങ്കിലും അവൻ കൂവി വിളിക്കാനൊന്നും പോയില്ല. തന്റെ കൂട്ടുകാർ തീറ്റ കൊത്തിത്തിന്നു തുടങ്ങിയതേയുള്ളൂ. ഇപ്പോൾ താൻ ചിലച്ചു ബഹളമുണ്ടാക്കിയാൽ അവർ ആഹാരം കഴിക്കുന്നതു പാതിയിൽ വച്ചു നിർത്തും. എന്നിട്ട് തന്നെ രക്ഷിക്കാൻ വേണ്ടി ഇങ്ങു പറന്നെത്തും. വേണ്ട, സാധുക്കൾ ആദ്യം വയറു നിറയ്ക്കട്ടെ. അതിനു ശേഷം മതി, തന്നെ രക്ഷിക്കാനുള്ള ശ്രമം. ഇങ്ങിനെ പോയി അവന്റെ ചിന്തകൾ.

ചങ്ങാതിമാരെക്കുറിച്ച് ഇത്രമേൽ കരുതലുള്ള ആ കൊച്ചുതത്ത ചില്ലറക്കാരനല്ല. ഒരു രാജകുമാരനാണ്! മലമുകളിലെ പരുത്തിമരക്കാട്ടിൽ വസിക്കുന്ന തത്തരാജന്റെയും റാണിയുടെയും ഓമനപ്പുത്രൻ!

അവർക്കു പ്രായമായപ്പോൾ ജനിച്ച അരുമസന്താനം! കുഞ്ഞിലേ തന്നെ അവനെ കാണാൻ നല്ല ശേലുണ്ടായിരുന്നു. ലോകത്തിലെ മറ്റേതു തത്തയെക്കാൾ കരുത്തനും കോമളനുമായ് അവൻ വളർന്നു വന്നു.

തന്റെ അച്ഛനമ്മമാർക്ക് വയസ്സായെന്നും വാർധക്യത്തിന്റെ ക്ഷീണതകൾ അവരെ പരവശരാക്കുന്നുണ്ടെന്നും തിരിച്ചറിഞ്ഞ മകൻ ഒരുനാൾ അവരോടു പറഞ്ഞു: ''എന്റെ പുന്നാര അച്ഛാ, അമ്മേ, ഞാനിന്ന് നല്ല കരുത്തനും പ്രാപ്തനുമായിത്തീർന്നിരിക്കുന്നു. ഇനിമുതൽ നിങ്ങൾക്കുള്ള ഭക്ഷണം ഞാൻ തേടിക്കൊണ്ടുവന്നുകൊള്ളാം. നിങ്ങൾ നമ്മുടെ കൂട്ടിലിരുന്ന് വിശ്രമിച്ചുകൊൾക!''

അച്ഛൻതത്തയും അമ്മത്തത്തയും മകന്റെ വാക്കുകൾ കേട്ടു സന്തുഷ്ടരായി. അവരുടെ ഹൃദയം അഭിമാനം കൊണ്ടു നിറഞ്ഞു. അന്നുമുതൽ കൊച്ചുതത്ത ചങ്ങാതിമാരുടെ പറ്റത്തോടൊപ്പം അടുത്തും അകലെയുമുള്ള ദിക്കുകളിൽ തീറ്റ തേടിപ്പോയി. തിരികെവരുമ്പോൾ അച്ഛനമ്മമാർക്കായി ധാന്യക്കതിരുകൾ ചുണ്ടിൽ കടിച്ചുപിടിച്ചിട്ടുണ്ടാവും...

അങ്ങിനെയിരിക്കേയാണ് തത്തക്കൂട്ടം കൃഷിക്കാരന്റെ ഫലഭൂയിഷ്ഠമായ നെൽപ്പാടം കണ്ടെത്തിയതും അവിടെ പതിവായി പറന്നിറങ്ങിത്തുടങ്ങിയതും.

കെണിയിൽ കുടുങ്ങിയ

നമ്മുടെ കുഞ്ഞിത്തത്ത ക്ഷമയോടെ കാത്തിരുന്നു. കൂട്ടുകാർ വയർ നിറയെ ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോഴാണ് അവൻ ചിലച്ചുകരഞ്ഞ്, തന്റെ അപകടാവസ്ഥ വെളിപ്പെടുത്തിയത്.

കഷ്ടമേ, ആ ദയനീയസ്ഥിതി കേട്ടപാടേ മറ്റു തത്തകൾ ശീഘ്രം അവിടെ നിന്നും പറന്നകന്നു. ആരും അവനെ രക്ഷിക്കാൻ ശ്രമിച്ചില്ല. തിരിഞ്ഞൊന്നു നോക്കിയതുപോലുമില്ല. കൂട്ടുകാരനെ രക്ഷിക്കാൻ ഒരുമ്പെട്ടാൽ തങ്ങളും ആപത്തിൽപ്പെട്ടാലോ എന്നായിരുന്നു അവരുടെ പേടി.

പാവം തത്തക്കുഞ്ഞ്. വല്ലാതെ സങ്കടപ്പെട്ടു. 'ഈശ്വരാ, ഞാനെന്തു തെറ്റാണു ചെയ്തത്? എന്തുകൊണ്ടാണ് അവരെന്നെ ഉപേക്ഷിച്ചുകടന്നുകളഞ്ഞത്?'' അവൻ ദീനദീനം വിലപിച്ചു.

അതുകേട്ടു സ്ഥലത്തെത്തിയ കാവൽക്കാരനു ബഹുസന്തോഷമായി. ''ഹ ഹ ഹാ, ഞാനാശിച്ച കിളിയെത്തന്നെ കിട്ടി. കൊള്ളാം'' എന്നുംപറഞ്ഞ് അവനതിനെ കെണിയിൽ നിന്നും ഊരിയെടുത്ത് നേരെ യജമാനന്റെ വീട്ടിലേക്കു നടന്നു.

അങ്ങേർ, വളരെ ശ്രദ്ധാപൂർവം ആ കുഞ്ഞുതത്തയെ ഇരുകൈകളും നീട്ടി ഏറ്റുവാങ്ങി. എന്നിട്ടതിനെ വാത്സല്യത്തോടെ ഓമനിച്ചുംകൊണ്ടു ചോദിച്ചു. ''എന്റെ പക്ഷീ, നീ ദിനവും എന്റെ വയലിൽ കടന്നുവന്ന് വയറുനിറയെ നെന്മണികൾ കൊത്തിത്തിന്നുന്നു. എന്നിട്ടു കുറേ കതിരുകൾ കൊത്തിക്കൊണ്ടു മടങ്ങുകയും ചെയ്യുന്നു. ആ നെല്ലൊക്കെ ശേഖരിച്ചു വയ്ക്കാൻ നിനക്കെന്താ, വല്ല പാടമോ മറ്റോ സ്വന്തമായിട്ടുണ്ടോ?

മധുരമായ ഒരു പാട്ടിന്റെ ഈണത്തിലായിരുന്നു നമ്മുടെ ചങ്ങാതിയുടെ മറുപടി.

*''നിറവേറ്റുന്നൂ, ഞാനെന്റെ ചുമതല*

*ദിനവും കാക്കുന്നെൻ നിധി ശേഖരം!''*

''പറയൂ, എന്താണ് നിന്റെ ചുമതല? നീ കാത്തുസൂക്ഷിക്കുന്ന നിധിശേഖരം എന്താണ്?'' കൃഷിക്കാരന് അറിയാൻ തിടുക്കമായി.

''എന്റെ അച്ഛനമ്മമാർക്കു വയസ്സായി. പുറത്തേക്കു പറന്നു ചെന്ന് ഭക്ഷണം ശേഖരിക്കാൻ അവർക്കാവതില്ല. ദിവസവും അവർക്കു വേണ്ട ആഹാരം എത്തിച്ചുകൊടുക്കുന്നതാണ് എന്റെ ചുമതല.''

''പിന്നെ എന്റെ നിധിശേഖരം, സ്നേഹത്തിന്റെ ഒരു മനോജ്ഞവനപ്രദേശമാണ്. ദുർബലരെ ശക്തർ സഹായിക്കുക: വിശന്നിരിക്കുന്നവരെ തീറ്റിപ്പോറ്റുക. ഇതാണ് ആ വനത്തിലെ നിയമം.'' അവൻ പറഞ്ഞു.

ഇതുകേട്ടു സന്തുഷ്ടനായ കൃഷിക്കാരൻ പറഞ്ഞു: ''ഈ വയൽ നിങ്ങൾക്കുംകൂടി ഉള്ളതാണ്. നിന്നെ കാത്തിരിക്കുന്ന അച്ഛനമ്മമാരുടെ അടുത്തേക്ക് തത്കാലം പൊയ്ക്കൊള്ളൂ. പക്ഷേ എന്നും എന്റെ വയലിലെത്താൻ മറക്കരുത്.''

അവൻ സമയം കളയാതെ, തന്റെ വീട്ടിലേക്കു തന്നെ മടങ്ങി. അച്ഛനമ്മമാർ അവന്റെ വരവും കാത്ത് കണ്ണുനട്ടിരിപ്പായിരുന്നു. എല്ലാ തത്തകളും അവൻ പറഞ്ഞ കഥ കേൾക്കാൻ അക്ഷമയോടെ ചുറ്റിനും കൂടി. ഓമനമകൻ അപകടമൊന്നും കൂടാതെ തിരിച്ചെത്തിയതിൽ രാജാവും റാണിയും അതിരറ്റു സന്തോഷിച്ചു. സ്നേഹത്തോടും ഒരുമയോടും കൂടി അവർ ഏവരും ആ പരുത്തിക്കാട്ടിൽ ഏറെക്കാലം വാണു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ!



**ഇതുകേട്ടു സന്തുഷ്ടനായ കൃഷിക്കാരൻ പറഞ്ഞു: "ഈ വയൽ നിങ്ങൾക്കുംകൂടി ഉള്ളതാണ്. നിന്നെ കാത്തിരിക്കുന്ന അച്ഛനമ്മമാരുടെ അടുത്തേക്ക് തത്കാലം പൊയ്ക്കൊള്ളൂ. പക്ഷേ എന്നും എന്റെ വയലിലെത്താൻ മറക്കരുത്."**

# മഴത്തോഴൻ

കെ കെ പല്ലശ്ശന



വര: സചീന്ദ്രൻ കാറഡുക്ക

ചറപറ പെയ്യും മഴയത്ത്
നിറമേഴുള്ളൊരു കുടചൂടി
ചെറു പൈതങ്ങൾ പോകുന്നു
വാർമഴവില്ലിന്നഴകോടെ

പള്ളിക്കൂട പടിവരെയും
തുള്ളിച്ചെല്ലും ചെറുമഴയും
നാലു മണിക്കായ് കാക്കുന്നു
നല്ലൊരു ചെല്ലമഴത്തോഴൻ
മഴവിൽക്കുടയെ തഴുകീടാൻ
മിഴികൾക്കുത്സവമേകീടാൻ
നാലുമണിക്കൊരു മഴയുണ്ട്
നാടിനു ചേർന്നൊരു മഴയുണ്ട്.

അന്തിക്കെത്തി പെയ്യുന്നു
അന്നു മുഴുക്കെ പെയ്യുന്നു
പുലർവെട്ടത്തിൽ പോകുന്നു
പിള്ളേർക്കൊപ്പം കൂടുന്നു
പള്ളിക്കൂട പടിവരെയും
തുള്ളിത്തുള്ളി മഴത്തോഴൻ!

# ശ്രീബുദ്ധനും ഗണിത ശാസ്ത്രവും

പള്ളിയറ ശ്രീധരൻ

പ്രാചീന ഭാരതത്തിൽ ഗണിതശാസ്ത്രത്തിന് വളരെ മുഖ്യമായ സ്ഥാനമുണ്ടായിരുന്നു. താഴെ കൊടുത്തിരിക്കുന്ന ശ്ളോകം ശ്രദ്ധിക്കുക

*യഥാ ശിഖാ മയൂരാണാം,*
*നാഗാനാം മണയോ തഥാ*
*തദ്വദ് വേദാംഗശാസ്ത്രാണാം*
*ഗണിതം മൂർദ്ധനിസ്ഥിതം*

സർപ്പത്തിന്റെ ശിരസ്സിലെ രത്നമെന്നപോലെയും മയിലിന്റെ ശിരസ്സിലെ മനോഹരമായ ശിഖപോലെയും വേദാംഗങ്ങളായ ശാസ്ത്രങ്ങളുടെ മൂർദ്ധാവിൽ ഗണിതം ശോഭിക്കുന്നു എന്ന് ഈ ശ്ലോകം വ്യക്തമാക്കുന്നു.

മതപരമായ ഗ്രന്ഥങ്ങളിൽ ഗണിത ശാസ്ത്രത്തിനും പ്രാധാന്യം നൽകിയിരുന്നു. ബുദ്ധമതഗ്രന്ഥമായ 'ലളിതവിസ്താര'ത്തിൽ ശ്രീബുദ്ധന്റെ ഗണിതജ്ഞാനത്തെപ്പറ്റി പ്രസ്താവിക്കുന്ന ഒരു ഭാഗമുണ്ട്. ശ്രീബുദ്ധൻ വിവാഹപ്രായമെത്തിയപ്പോൾ 'ഗോപ' എന്ന യുവതിയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു. ഗോപയെ വിവാഹം ചെയ്യാൻ അഞ്ഞൂറു യുവാക്കൾ ആഗ്രഹിച്ചിരുന്നു. ഗോപയ്ക്ക് അനുരൂപനായ ഒരു വരനെ തെരഞ്ഞെടുക്കാൻ അവളുടെ പിതാവ് ഒരു പരീക്ഷ നടത്താൻ തീരുമാനിച്ചു. എഴുത്ത്, അങ്കഗണിതം, സംഗീതം, അസ്ത്രവിദ്യ എന്നിവയായിരുന്നു വിഷയങ്ങൾ. ഈ പരീക്ഷയിൽ അർജ്ജുനനും ശ്രീബുദ്ധനുമാണ് ഏറ്റവും ഉയർന്ന സ്ഥാനങ്ങളിലെത്തിയത്. പിന്നീട് ഇവർ തമ്മിലായി മത്സരം. ശ്രീബുദ്ധനോട് തന്റെ ശാസ്ത്രജ്ഞാനം തെളിയിക്കാൻ ആവശ്യപ്പെട്ടു. ശ്രീബുദ്ധൻ പറഞ്ഞു "ഏഴ് പ്രാഥമിക ആറ്റങ്ങൾ ചേർന്ന് പൊടിയുടെ ഒരു വളരെ ചെറിയ തരി (Very minute grain of dust) ഉണ്ടാകുന്നു. ഇത്തരം ഏഴ് പൊടിയുടെ ചെറിയ തരി ചേർന്ന് ഒരു കണം ഉണ്ടാകുന്നു. ഇങ്ങനെ തുടർന്ന് ഏഴിന്റെ ഗുണിതങ്ങളായി ഒരു നാഴിക ദൂരത്തിന്റെ വലിപ്പം ശ്രീബുദ്ധൻ വ്യക്തമാക്കി. ശ്രീബുദ്ധൻ നിരത്തിയ ഏഴിന്റെ ഗുണിതങ്ങളുടെ ഫലം അമ്പതിലേറെ അക്കങ്ങളുള്ള ഒരു വലിയ സംഖ്യയെയാണ് സൂചിപ്പിച്ചിരുന്നത്. ക്രിസ്തുവിനും 600 വർഷം മുമ്പ് തന്നെ ഭാരതീയർ വളരെ വലിയ സംഖ്യകൾ കൈകാര്യം ചെയ്തിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

palliyarasreedharan@gmail.com

# ഡ്യൂഡിൽ ബഗ്

**തസ്മിൻ**

ഇത്തിരിക്കുഞ്ഞൻ കുഴിയാന ഒരു പടം വരച്ചു. മണിക്കുട്ടൻ കൗതുകത്തോടെ നോക്കി.

ഇതെന്താണ്! ആഹാ...! മനോഹരം! ഇന്ത്യയുടെ ഭൂപടം തന്നെ.

പൂഴിമണ്ണിൽ മേലോട്ടും താഴോട്ടും ഇഴഞ്ഞിഴഞ്ഞ് അവൻ ചിത്രം പൂർത്തിയാക്കി.

നിർന്നിമേഷം മണിക്കുട്ടനത് നോക്കി നിന്നു. ചാഞ്ഞും ചരിഞ്ഞും അവൻ നോക്കി. ഇത് ഇന്ത്യ തന്നെ. ഓഹ്, ഞാനെത്ര വരച്ചാലും ശരിയാവാത്ത ഈ ചിത്രം ഇവനെങ്ങനായിരിക്കും ഇത്രവേഗം വരയ്ക്കാൻ പഠിച്ചത്? ''എടാ ഇത്തിരിക്കുഞ്ഞാ, നിന്നെ പടം വരയ്ക്കാൻ ആരാ പഠിപ്പിച്ചത്?'' മണിക്കുട്ടൻ ആകാംക്ഷ അടക്കാനാവാതെ ഇത്തിരിക്കുഞ്ഞൻ കുഴിയാനയോട് ചോദിച്ചു.

''ആരും പഠിപ്പിച്ചതല്ല കൂട്ടുകാരാ... ഞങ്ങൾ ജന്മനാ ഇങ്ങനെയാണ്. പടങ്ങൾ വരച്ചുകൊണ്ടേയിരിക്കും.''

കുഴിയാന മണിക്കുട്ടനെ നോക്കി പുഞ്ചിരിച്ചു.

ഇത്തിരിക്കുഞ്ഞൻ കുഴിയാന വരച്ച ഇന്ത്യയുടെ ഭൂപടത്തിനുള്ളിൽ 'ഇന്ത്യ എന്റെ രാജ്യമാണ്' എന്ന് കൂടി എഴുതിവയ്ക്കണമെന്ന് മണിക്കുട്ടന് തോന്നി.

സ്കൂളിൽ അസംബ്ലിക്ക് നിൽക്കുമ്പോൾ 'ഇന്ത്യ എന്റെ രാജ്യമാണ്' എന്ന് തുടങ്ങുന്ന പ്രതിജ്ഞ വലതുകൈ നീട്ടിപ്പിടിച്ച് മണിക്കുട്ടനും എന്നും ഏറ്റുചൊല്ലാറുണ്ട്. എന്താണതിൽ പറയുന്നതെന്നൊന്നും മനസിലായിട്ടില്ല. എന്നാലും എന്തോ വല്യ കാര്യമാണെന്ന് മാത്രം രണ്ടാം ക്ലാസുകാരനായ അവന് മനസിലായിട്ടുണ്ട്.

ടീച്ചർമ്മാർ കുട്ടികളെ പഠിപ്പിക്കുന്നത് അവൻ കേൾക്കാറുണ്ടല്ലോ. അപ്പോ ഈ ഇത്തിരിക്കുഞ്ഞന് എല്ലാ വിഷയങ്ങളും ചിലപ്പോ കാണാപ്പാഠമായിരിക്കും.

''എടാ ഇത്തിരിക്കുഞ്ഞാ നീ കേമൻ തന്നെ.''

മണിക്കുട്ടൻ സ്നേഹത്തോടെ ഇത്തിരിക്കുഞ്ഞൻ കുഴിയാനയെ എടുത്ത് കൈവെള്ളയിൽ വച്ചു. മണിക്കുട്ടനെ ഇക്കിളി കൂട്ടിക്കൊണ്ട് ഇത്തിരിക്കുഞ്ഞൻ കൈവെള്ളയിൽ പിന്നെയും ചിത്രം വരച്ചു.

അപ്പോഴാണ് ഇത്തിരിക്കുഞ്ഞന്റെ പുറകോട്ടുള്ള നടപ്പ് മണിക്കുട്ടന്റെ ശ്രദ്ധയിൽപ്പെട്ടത്.

''നിനക്കെന്താ കണ്ണു കാണില്ലേ?''

കൈവെള്ളയിൽ പുറകോട്ട് നടക്കുന്ന ഇത്തിരിക്കുഞ്ഞനെ നോക്കി മണിക്കുട്ടൻ കളിയാക്കിച്ചിരിച്ചു.

''അതേയ്, ഞങ്ങളിങ്ങനാ. പുറകോട്ടേ നടക്കൂ. ഇങ്ങനെ പുറകോട്ട് നടന്നുപോകുമ്പോൾ പൂഴിമണ്ണിൽ ചിത്രം വരച്ചപോലെ ഞങ്ങളുടെ കാലടി അടയാളങ്ങൾ പതിയും. അത് കണ്ടിട്ടാ ഞങ്ങൾക്ക് 'ഡ്യൂഡിൽ ബഗ്' എന്ന് പേരുണ്ടായത്.''

''അമ്പടാ... നിന്റെ പേര് അടിപൊളിയാണല്ലോ. ആരാ നിനക്ക് ഈ പേരിട്ടത്?''

മണിക്കുട്ടന്റെ ചോദ്യത്തിനുത്തരം പറയാതെ ഇത്തിരിക്കുഞ്ഞൻ അല്പനേരം ദൂരേക്ക് നോക്കിയിരുന്നു. എന്നിട്ട് ഗമയോടെ പറഞ്ഞു.

''വടക്കേ അമേരിക്കക്കാർ.''



വര: സുജിത് പി വി

# കുട്ടികളുടെ സമ്പൂർണാരോഗ്യത്തിന് പ്രാമുഖ്യം നൽകേണ്ട നാളുകൾ

ഡോ. അജീഷ് പി ടി

പൊതുവിദ്യാഭ്യാസരംഗത്ത് രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് കേരളം നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഓരോ വിദ്യാർഥിക്കും ഗുണമേന്മയേറിയതും സൗജന്യവുമായ വിദ്യാഭ്യാസം നൽകുന്നതിൽ സ്ഥിരത പുലർത്തുന്നതിനാൽ യൂണിസെഫ്, നീതി ആയോഗ് തുടങ്ങിയ ഏജൻസികളുടെ റാങ്കിങ്ങിലും മുൻപന്തിയിലാണ് കേരളത്തിന്റെ സ്ഥാനം. കൊവിഡ് മഹാമാരി ശക്തമാകുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ പോലും ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച് അക്കാദമിക വിനിമയ സംവിധാനം ഉറപ്പുവരുത്തുകയും ചെയ്തു. വളരെ പെട്ടെന്നു തന്നെ ഓൺലൈൻ ക്ലാസുകളെ ജനങ്ങൾ സ്വീകരിച്ച് വൈറലാക്കിയിട്ടുണ്ട്. ഇത് പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് കൂടുതൽ ആശ്വാസവും പ്രചോദനവും ആകുന്നുണ്ട്.



ക്ലാസുകൾ ആരംഭിച്ച് രണ്ടുമാസം പിന്നിടുമ്പോൾ കുട്ടികളിൽ ആദ്യസമയങ്ങളിലുണ്ടായിരുന്ന താത്പര്യം കുറയുന്നതായി രക്ഷിതാക്കളും അധ്യാപകരും സാക്ഷ്യപ്പെടുത്തുന്നു. വീടുകൾ വിദ്യാലയമാകുന്ന ഈ പ്രത്യേക സാഹചര്യത്തിൽ അധ്യാപകരുടെ റോൾ രക്ഷിതാക്കൾ തന്നെയാണ് നിർവഹിക്കുന്നത്. കുട്ടികൾക്ക് തങ്ങളുടെ അധ്യാപകരെ കാണുവാൻ സാധിക്കാത്തതും സഹപാഠികളുമായി ഇടപഴകുവാൻ സാധിക്കാത്തതും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. വീട്ടിനുപുറത്തു പോകാൻ വെമ്പൽ കൊള്ളുന്നവരും സ്കൂൾ ഏതുവിധേനയും തുറന്നാൽ മതിയെന്നാഗ്രഹിക്കുന്നവരും നിരവധിയുണ്ട്. പുതുമ എപ്പോഴും ആഗ്രഹിക്കുന്നവരാണ് കുട്ടികൾ. എന്നാൽ നിലവിലുള്ള സാഹചര്യം വളരെയധികം മടുപ്പ് അവരിൽ ഉണ്ടാക്കിയിട്ടുണ്ടെന്ന് രക്ഷിതാക്കളും സമ്മതിക്കുന്നു.

ഈ ഒരു പ്രത്യേക സാഹചര്യത്തിൽ കുട്ടിയുടെ സമ്പൂർണാരോഗ്യത്തിന് അതീവ പ്രാധാന്യം നൽകണം. ആരോഗ്യമെന്നാൽ ശാരീരികവും മാനസികവും സാമൂഹികവും

വൈകാരികവുമായ പൂർണതയാണ്. ഈ പൂർണതയിൽ ഒരു ചാലകശക്തിയായി പ്രവർത്തിച്ചിരുന്നത് വിദ്യാലയവും അധ്യാപകരുമാണ്. ഇന്നിപ്പോൾ അതിന്റെ സ്വാധീനവും ഇടപെടലും തീരെയില്ല. അതിനാൽ കുട്ടിയുടെ സമഗ്രപുരോഗതിയുടെ കടിഞ്ഞാൺ രക്ഷിതാക്കളിലും കുടുംബത്തിലെ മുതിർന്നവരിലും കേന്ദ്രീകൃതമാവുകയും അവരുടെ ഉത്തരവാദിത്തത്തിന്റെ തോതും കൂടിവരുന്നു.

ശാരീരികമായ ആരോഗ്യം കരസ്ഥമാക്കുന്നതിന് ശാസ്ത്രീയ വ്യായാമ രീതികളും പോഷകസമൃദ്ധമായ ആഹാരവും സഹായിക്കും. ഇവ കൃത്യമായ അനുപാതത്തിൽ കുട്ടികൾക്ക് ലഭ്യമാകണം. വീട്ടിലെ പരിമിതമായ സൗകര്യത്തിലും ദിവസവും കുറച്ചു നേരം കായിക പ്രവർത്തനങ്ങളോ വ്യായാമമോ ചെയ്യുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഐക്യരാഷ്ട്ര സംഘടനയും ലോകാരോഗ്യ സംഘടനയും നിഷ്കർഷിക്കുന്നതു പ്രകാരം ആഴ്ചയിൽ 150 മിനിട്ടെങ്കിലും കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് എല്ലാപേർക്കും അവസരം നൽകണം. ഇത്തരം പ്രവർത്തനങ്ങളിൽ സ്ഥിരമായി പങ്കെടുക്കുന്നതിലൂടെ ആരോഗ്യവും പ്രതിരോധശേഷിയും വർധിക്കും. ഈ പ്രതിരോധശേഷി പകർച്ചവ്യാധി പ്രതിരോധത്തിൽ ഓരോ വ്യക്തിക്കും ഗുണപരമാകും. വീട്ടിലായതിനാൽ കുട്ടികൾ കഴിക്കുന്ന ഭക്ഷണത്തിലും നിയന്ത്രണം പാലിക്കുന്നില്ല. രക്ഷിതാക്കളാകട്ടെ രുചികരമായ ഭക്ഷണപദാർഥങ്ങൾ ആവശ്യത്തിലധികം പാകം ചെയ്തു നൽകുകയും ചെയ്യുന്നുണ്ട്. പ്രത്യേക കായിക പ്രവർത്തനങ്ങളൊന്നും ചെയ്യാതെ ചലനരഹിതമായിരിക്കുന്ന




**ശാരീരികമായ ആരോഗ്യം കരസ്ഥമാക്കുന്നതിന് ശാസ്ത്രീയ വ്യായാമരീതികളും പോഷകസമൃദ്ധമായ ആഹാരവും സഹായിക്കും. ഇവ കൃത്യമായ അനുപാതത്തിൽ കുട്ടികൾക്ക് ലഭ്യമാകണം. വീട്ടിലെ പരിമിതമായ സൗകര്യത്തിലും ദിവസവും കുറച്ചുനേരം കായിക പ്രവർത്തനങ്ങളോ വ്യായാമമോ ചെയ്യുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.**

ഇത്തരം കുട്ടികളിൽ അമിതമായി കൊഴുപ്പ് അടിഞ്ഞുകൂടുവാനുള്ള സാധ്യതയുണ്ട്. ഇത് ക്രമേണ ശൈശവ കാലഘട്ടത്തിൽ വന്നുഭവിക്കാറുള്ള ജീവിതശൈലീരോഗങ്ങൾക്കുള്ള ചവിട്ടുപടിയുമാകുന്നു. അതിനാൽ കുട്ടികൾക്ക് ഗുണമേന്മയേറിയതും സ്വാദിഷ്ഠമായതുമായ ഭക്ഷണം നൽകുന്ന രീതിയോടൊപ്പം വ്യായാമ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുള്ള സമീപനവും സ്വീകരിക്കുന്നത് ഉചിതമാകും.

കുട്ടികൾ ആഗ്രഹിക്കുന്ന രീതിയിൽ പുറത്തേക്കിറങ്ങാനോ സ്കൂളിൽ പോകാനോ അവരിഷ്ടപ്പെടുന്ന സ്ഥലങ്ങളിൽ പോകാനോ സാധിക്കാത്തതിനാൽ മാനസികമായ തളർച്ചയും പിരിമുറുക്കവും ഉണ്ടായിട്ടുണ്ട്. അതിനാൽ നിലവിലുള്ള ലോകസാഹചര്യത്തിന്റെ വ്യാപ്തി ക്രമേണ അവരെ ബോധ്യപ്പെടുത്തുകയും ഇതിനെയെല്ലാം തരണംചെയ്തു മുന്നോട്ടു പോകുമെന്നുമുള്ള സന്ദേശവും കരുത്തും നൽകി അവർക്ക് പിന്തുണ നൽകാം. ദിവസവും കൂടുതൽ നേരം രക്ഷിതാക്കൾ അവരോടൊപ്പം ഇഴുകിച്ചേരണം. കളികളിലും പഠന പ്രവർത്തനങ്ങളിലും കൂടെ ഇടപെട്ടും അവർക്ക് ആത്മവിശ്വാസവും ഉത്തേജനവും നൽകാം.


സാമൂഹിക ജീവിയായ മനുഷ്യൻ എപ്പോഴും സമൂഹവുമായി ഇടപഴകിക്കൊണ്ടിരിക്കുന്നു. കുട്ടികളും ഈ ശീലം ചെറുപ്പം മുതൽ പിൻതുടരുന്നു. എന്നാൽ ഇപ്പോഴുള്ള പ്രത്യേക സാഹചര്യത്തിൽ അവരുമായി ഇടപഴകിയിരുന്നവരുമായി ഫോൺ മുഖേനയോ മറ്റു സംവിധാനമുപയോഗിച്ചോ ആശയവിനിമയം നടത്തുന്നതിനും അവസരമൊരുക്കണം. സഹപാഠികളുമായി സാമൂഹിക

അകലം ഈ സാഹചര്യത്തിൽ പാലിച്ചാലും മാനസികമായ അടുപ്പം ഉറപ്പാക്കണം. ഇത് സാമൂഹ്യവത്കരണ പ്രക്രിയയുടെ വേറിട്ട തലമായി സൃഷ്ടിച്ചെടുക്കേണ്ടതാണ്. ഓരോ കുട്ടിയും ആഴത്തിലും വൈകാരികമായും ഇഷ്ടപ്പെടുന്ന സഹപാഠിയുമായി, സഹപാഠികളുമായി സംസാരിക്കുമ്പോഴും അനുഭവങ്ങൾ കൈമാറ്റം ചെയ്യുമ്പോഴും ആശയവിനിമയം നടത്തുമ്പോഴും ലഭിക്കുന്ന മാനസിക സംതൃപ്തി വളരെ വലുതാണ്. ഇത്തരം അവസരങ്ങൾ രക്ഷിതാക്കൾ പരമാവധി ഒരുക്കിക്കൊടുക്കേണ്ടതാണ്.

വീടുകളിൽ തളയ്ക്കപ്പെട്ടു കിടക്കുന്ന കുട്ടികളിൽ കടുത്ത നിരാശ, ഉത്കണ്ഠ, ഭയം, ആക്രമണോത്സുകത തുടങ്ങിയ വികാരവിക്ഷോഭങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ടതിനായി രക്ഷിതാക്കൾ കൂടുതൽ ജാഗ്രത കാട്ടണം. സന്ദർഭങ്ങളേയും സാഹചര്യങ്ങളേയും അതിജീവിക്കുവാൻ കുട്ടികൾക്ക് സാധിച്ചില്ലായെങ്കിൽ ആത്മഹത്യാപ്രവണതയിലേക്ക് അവരെ കൊണ്ടുചെന്നെത്തിക്കുന്നു. ലോക്ഡൗൺ നാളുകളിൽ മാത്രം അറുപതിലധികം കുട്ടികൾ ആത്മഹത്യ ചെയ്തത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. അതിനാൽ വൈകാരികമായ കരുത്തും സന്തുലനവും ഉറപ്പാക്കുകയും കുട്ടിയുടെ ഓരോ രീതികളും സസൂക്ഷ്മം വീക്ഷിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

കൊറോണ വൈറസ് വ്യാപനത്തെ മനുഷ്യൻ ഇന്നല്ലെങ്കിൽ നാളെ അതിജീവിക്കുമെന്നുറപ്പാണ്. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാരായി രാജ്യത്തെ നയിക്കേണ്ടവർ. അതിനാൽ അവരെ സുരക്ഷിതമായി പരിപാലിക്കേണ്ടത് ഓരോ രക്ഷകർത്താവിന്റെയും മുതിർന്നവരുടെയും പ്രധാന കടമയാണ്. കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവും സമഗ്രവും സന്തുലിതവുമായ ആരോഗ്യം ഉറപ്പാക്കണം. കരുത്തുറ്റ വിദ്യാർഥികൾ എന്നും രാജ്യപുരോഗതിയുടെ കാവൽക്കാരാണ്. അതിനാൽ ഈ പ്രത്യേക കാലഘട്ടത്തിൽ സമ്പൂർണമായ ആരോഗ്യം അവരിൽ ഉടലെടുക്കുവാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം.





**ചുനക്കര രാമൻകുട്ടി**
(1936 – 2020)

പ്രശസ്ത കവിയും ചലച്ചിത്ര നാടക ഗാനരചയിതാവുമായ ചുനക്കര രാമൻകുട്ടി വിടപറഞ്ഞു. നാടകഗാനങ്ങളും ലളിതഗാനങ്ങളും എഴുതി രചനാരംഗത്തേക്ക് കടന്നുവന്ന ചുനക്കര രാമൻകുട്ടി 1978ലാണ് ചലച്ചിത്രഗാന രചനയിലേക്ക് കടക്കുന്നത്. എഴുപത്തഞ്ചോളം ചലച്ചിത്രങ്ങൾക്കായി ഇരുനൂറിലധികം ഗാനങ്ങൾ രചിച്ചു. കൂടാതെ ഒട്ടേറെ കവിതകളും എഴുതിയിട്ടുണ്ട്. *അഗ്നിസന്ധ്യ*, *സ്നേഹാടനക്കിളികൾ* തുടങ്ങിയവ കവിതാസമാഹാരങ്ങളാണ്. ആകാശവാണിക്ക് വേണ്ടി നാടകങ്ങൾ എഴുതുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. നാടകരംഗത്തെ സമഗ്ര സംഭാവനയ്ക്ക് കേരള സംഗീതനാടക അക്കാദമിയുടെ ഗുരുശ്രേഷ്ഠ പുരസ്കാരം (2015) ലഭിച്ചു. തളിരിന്റെ സഹയാത്രികനായ ചുനക്കര രാമൻകുട്ടിക്ക് ആദരാഞ്ജലികൾ നേരുന്നു.



വര: ആശ ആർ

# കാക്കമ്മയും കള്ളക്കുയിലും



**ബിന്ദു കമലൻ**

കഥയറിയാക്കിളി കാക്കപ്പെൺകിളി
കള്ളിക്കുയിലിന്നഭയം നൽകി
ചന്തം പോരാ ചിന്തയിലാണ്ട്-
കാക്കപ്പെണ്ണ് കരഞ്ഞീടുമ്പോൾ
നാദപ്പെരുമയിലൂറ്റംകൊണ്ടാ-
കുയിലിനു തെല്ലൊരഹങ്കാരം.
മുട്ടകളിട്ടവൾ കാക്കക്കൂട്ടിൽ
കണ്ടൊരു വഴിയെ പോയീ കള്ളി....
കുഞ്ഞിക്കുയിൽമണിനാദം കേ-
ട്ടമ്മക്കാക്കയ്ക്കു സങ്കടമായ്
കുഞ്ഞിക്കിളിതൻ പശിയാറ്റാനവൾ
തീറ്റകൾ തേടീ നാടെങ്ങും
കാലം മെല്ലെ പോകവെയങ്ങനെ,
കുഞ്ഞിക്കുയിലിനു ചിറകുകളായ്
അമ്മക്കാക്കയെ വിട്ടവളപ്പോൾ
മാനം നോക്കിപ്പറന്നുപോയീ.
കുഞ്ഞിക്കുയിലവൾ കള്ളിപ്പെണ്ണവൾ
കള്ളക്കുയിലിൻ മകളല്ലേ...



വര: സുധീർ പി വൈ



# നെല്ലിക്ക

ഉണ്ണിവിശ്വനാഥ്

തിരുനെല്ലിയെന്നൊരു ഗ്രാമം, അവിടെ നിറയെ നെല്ലിമരങ്ങൾ ഉണ്ടായിരുന്നു. കണ്ണനും കൂട്ടുകാരും എന്നും സ്കൂൾ വിട്ട് വരുമ്പോൾ നെല്ലിക്കാകാട്ടിൽ നിന്നും നെല്ലിക്ക പെറുക്കാൻ പോകുമായിരുന്നു. അങ്ങനെ ഒരുദിവസം നിറയെ നെല്ലിക്കയും പെറുക്കി വീട്ടിലേക്കുള്ള വഴിയെത്തിയപ്പോൾ ദൂരെ വീട്ടിനു മുന്നിൽ അമ്മ തെങ്ങു കേറാൻ വരുന്ന വേണുമാമനോട് സംസാരിച്ചുനിൽക്കുന്നു. കയ്യിൽ ഒരു ചെമ്പരത്തിക്കമ്പും ഇരിപ്പുണ്ട്. കണ്ടപാടെ കണ്ണനു മനസ്സിലായി അടി ഉറപ്പാണെന്ന്. അവൻ മെല്ലെ കുട്ടികളുടെ ഇടയിൽക്കൂടി പുറകിൽ വന്ന് അടുത്തു കണ്ട ഇടവഴിയിലൂടെ കടന്ന് അടുത്ത വീട്ടിലെ ചേച്ചിയുടെ ഉമ്മറത്തെത്തി, അവിടെനിന്നും മതിലുകേറി ചാടി വീടിന്റെ പുറകുവശത്തെത്തി. അവിടെ അച്ഛമ്മ മുറ്റമടിക്കുകയായിരുന്നു

അവൻ അച്ഛമ്മയുടെ അടുത്തുചെന്ന് മിണ്ടല്ലേന്ന് വായിൽ കൈ പൊത്തി .

പിന്നെ ബാഗു തുറന്ന് പറമ്പിൽ നിന്നും പെറുക്കിയെടുത്ത നെല്ലിക്ക മുഴുവൻ അച്ഛമ്മയുടെ മുന്നിലിരുന്ന ബക്കറ്റിൽ കൊട്ടി .

അപ്പോഴേക്കും അമ്മ പുറകുവശത്തെത്തിയിരുന്നു.

കള്ളൻ ഒളിച്ചും പാത്തും വരാനും തുടങ്ങിയല്ലെ എന്നു പറഞ്ഞ് പിടിക്കാനാഞ്ഞു. അവൻ അച്ഛമ്മയുടെ പിന്നിലൊളിച്ചു.

**പെട്ടെന്ന് കുറച്ചുപേർ അവിടെ കൂടിനിൽക്കുന്നതു കണ്ട് അവൻ തിരക്കിനിടയിലൂടെ നൂഴ്ന്ന് ചെന്ന് നോക്കുമ്പോൾ ഒരു പശു ചത്തു കിടക്കുന്നു. അവിടെ കൂടിനിന്നവർ പറയുന്നുണ്ടായിരുന്നു; പാമ്പുകടിച്ചു ചത്തതാ, നിറയെ വിഷപ്പാമ്പുകളുള്ള സ്ഥലമാ. അറിഞ്ഞിട്ടും പാവം മിണ്ടാപ്രാണിയെ കൊണ്ട് കെട്ടിയവരെ പറഞ്ഞാൽ മതി.**



നിന്നോട് എത്ര തവണ പറഞ്ഞു ആ കാടുപിടിച്ച പറമ്പിൽ കയറരുതെന്ന്. നീ അനുസരിക്കില്ല അല്ലേടാ എന്നുപറഞ്ഞ് എത്തിപ്പിടിച്ച് അവനെ തല്ലാൻ തുടങ്ങി. അഞ്ചാറു തല്ലു കിട്ടിയപ്പോൾ അവൻ ഉറക്കെ നിലവിളിക്കാൻ തുടങ്ങി. അച്ഛമ്മ മതിയെന്ന് പറഞ്ഞ് വടി പിടിച്ചുവാങ്ങി ദൂരത്തെറിഞ്ഞു.

അമ്മ ദേഷ്യത്തോടെ എന്തൊക്കെയോ പിറുപിറുത്ത് അകത്തേക്കു പോയി. അവൻ ഉറക്കെ കരഞ്ഞുകൊണ്ട് പറഞ്ഞു: ''ചീത്ത അമ്മ, എന്നോടൊരു സ്നേഹവുമില്ല, കൊള്ളില്ല, എനിക്ക് വേണ്ട ഈ അമ്മയെ. എനിക്ക് അച്ഛമ്മ മതി.'' അവൻ അച്ഛമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു .

അന്ന് അവൻ അത്താഴമുണ്ടില്ല. അമ്മയോടു മിണ്ടിയില്ല, ഒന്നും പഠിച്ചതുമില്ല, കിടന്നുറങ്ങി. രാവിലെ അച്ഛമ്മയുടെ നിർബന്ധത്തിൽ രണ്ടു ദോശ കഴിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു. വൈകുന്നേരം സ്കൂൾ വിട്ട് പതിവുപോലെ കൂട്ടുകാരുമായി വരുമ്പോൾ നെല്ലിക്കാകാടിനടുത്തെത്തി. നോട്ടം അവിടേക്ക് പോയെങ്കിലും തലേദിവസത്തെ അടിയുടെ നീറ്റൽ അപ്പോഴും മാറിയിരുന്നില്ല. കൂട്ടുകാരോട് അവൻ പറഞ്ഞു: ''നിങ്ങൾ പൊയ്ക്കോ, ഞാൻ വരുന്നില്ല, അമ്മ തല്ലും.'' അവൻ മനസ്സിൽ അമ്മയോടുള്ള ദേഷ്യവും, വെറുപ്പും കടിച്ചമർത്തി നടന്നു.

പെട്ടെന്ന് കുറച്ചുപേർ അവിടെ കൂടിനിൽക്കുന്നതുകണ്ട് അവൻ തിരക്കിനിടയിലൂടെ നൂഴ്ന്ന് ചെന്ന് നോക്കുമ്പോൾ ഒരു പശു ചത്തു കിടക്കുന്നു. അവിടെ കൂടിനിന്നവർ പറയുന്നുണ്ടായിരുന്നു; പാമ്പു കടിച്ചു ചത്തതാ, നിറയെ വിഷപ്പാമ്പുകളുള്ള സ്ഥലമാ. അറിഞ്ഞിട്ടും പാവം മിണ്ടാപ്രാണിയെ കൊണ്ട് കെട്ടിയവരെ പറഞ്ഞാൽ മതി. പെട്ടിക്കട നടത്തുന്ന അമ്മുവമ്മ കണ്ണനേം കൂട്ടുകാരെയും ചൂണ്ടി പറഞ്ഞു: ''ഈ കുട്ടികൾ ദിവസവും അവിടെ കടന്ന് നെല്ലിക്കാ പെറുക്കാറുണ്ട്. ഞാൻ ഒത്തിരി തവണ പറഞ്ഞിട്ടുണ്ട്. കേൾക്കണ്ടെ കുസൃതികൾ. പറഞ്ഞാൽ കേൾക്കില്ല.'' മീശക്കാരൻ ശശിയേട്ടൻ പറഞ്ഞു: ''ഇനി ഇവൻമാർ ഇതിനകത്ത് കയറിയാൽ പാമ്പ് അടുത്ത് കടിക്കുന്നത് ഇവൻമാരെയാവും.'' ഇത്രയും കേട്ടതും കണ്ണൻ അവിടെ നിന്നും ഓടി, കൂടെ കൂട്ടുകാരും. കൂട്ടുകാർ പറഞ്ഞു: ''അമ്മയും അച്ഛനുമൊക്കെ എത്ര തവണ പറഞ്ഞിട്ടുണ്ട് നമ്മൾ അനുസരിച്ചിട്ടില്ല. വീട്ടിലേക്കുള്ള വഴി എത്തിയതും അമ്മ ഗേറ്റിന് പുറത്ത് നിൽക്കുന്നത് കാണാമായിരുന്നു. കയ്യിൽ കമ്പൊന്നും ഇല്ലായിരുന്നു. അവന് ചിന്തിച്ചപ്പോൾ വിഷമമായി. എന്നെ പാമ്പു കടിക്കുമെന്ന് പേടിച്ചാവും അമ്മ വഴക്കുപറഞ്ഞതും തല്ലിയതും. അമ്മക്ക് അത്രക്ക് ഇഷ്ടമുള്ളതുകൊണ്ടാ അങ്ങനെയൊക്കെ ചെയ്തത്. അമ്മയെ ഞാൻ എന്തൊക്കെ പറഞ്ഞു, എൻെറ അമ്മ പാവമാ... എന്നെ വലിയ ഇഷ്ടമാ. അവന്റെ കുഞ്ഞുമനസ്സ് വേദനിച്ചു. കണ്ണൻ കരഞ്ഞുകൊണ്ട് ഓടിച്ചെന്ന് അമ്മയെ മുറുക്കെ കെട്ടിപ്പിടിച്ചു ഉറക്കെ കരഞ്ഞുപറഞ്ഞു: ''അമ്മേ സോറി. അമ്മ കണ്ണനോടു പിണങ്ങല്ലേ?'' അമ്മ അവന് കുറേ ഉമ്മകൾ നൽകി അവനെയും കൂട്ടി ഗേറ്റിനുള്ളിലേക്ക് കടന്നു. ഉമ്മറത്ത് നിന്ന് അച്ഛമ്മ പറഞ്ഞു: ''ചീത്ത അമ്മയെന്ന് ഇന്നലെ പറഞ്ഞയാൾ മുറുക്കെപ്പിടിച്ചിട്ടുണ്ടല്ലോ?'' ''ഞാനൊന്നും പറഞ്ഞില്ല... ഇതെന്റെ ചക്കര അമ്മയാ, അച്ഛമ്മയാ കള്ളം പറയുന്നേ.'' അമ്മയും, അച്ഛമ്മയും ഉറക്കെ ചിരിച്ചു. കണ്ണനും നിഷ്കളങ്കമായി ഉറക്കെ ചിരിച്ചു.

# അമ്മ

**സിന്ധു**

മിണ്ടിത്തുടങ്ങുവാൻ വെമ്പുന്നൊരാ
പിഞ്ചുപൈതലിൻ നാവിന്മേൽ
കൊഞ്ചിവരുന്നല്ലോ
'അ' എന്നൊരക്ഷരം
അമ്മേ എന്ന വിളികേൾക്കാൻ
കൊതിച്ചൊരാനാളുകൾ
ആ വിളിക്ക് കാതോർത്തു
കാത്തിരുന്ന നാളുകൾ
തന്നോമനപൈതലിൻ നാവിൽ
നിന്നാദ്യമായ് അമ്മയ്ക്കു
കേൾക്കാൻ കഴിഞ്ഞല്ലോ
ദേവലോകത്തിന്നമൃതിന്
തുല്യമാം ആവിളി
അം...ഉം..മേ....മ്മേ...
ആ വിളി കേട്ടപ്പോൾ കോരിത്തരിച്ചമ്മ
തൻ കുഞ്ഞിനെ വാരിപ്പുണർന്നു
പൊന്നുമ്മകൾ കൊണ്ടു പൊതിഞ്ഞു
അമ്മ തൻ ജന്മസാഫല്യമാമാകുഞ്ഞിനെ
മാറോട് ചേർത്ത് പിടിച്ചു
തൻ ദൈവത്തിനായി നിവേദിച്ചു
നന്ദി തൻ ആയിരം പൂച്ചെണ്ടുകൾ



വര: ബാബുരാജൻ


എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം



വര: റോണി ദേവസ്യ

# ദിക്ക്

**പി ടി മണികണ്ഠൻ, പന്തലൂർ**

ഇരുളിനെ മാടിയൊതുക്കി
കതിരവൻ പൊങ്ങുന്നു പയ്യേ
അങ്ങു കിഴക്കേ ചെരിവിൽ
ചെന്നിറം പൂക്കുന്നു നീളെ

സന്ധ്യ മയങ്ങുന്ന നേരം
എന്തേ പടിഞ്ഞാറു കാൺമൂ
ചെമ്പട്ടു പാവാട ചാർത്തി
എങ്ങോ മറയുന്നു സൂര്യൻ

തെക്കു നിന്നെത്തുന്ന കാറ്റിൻ
കിന്നാരപ്പാട്ടുകൾ കേൾക്കാൻ
അങ്ങു വടക്കു നിന്നെത്തി
കിന്നരി വെച്ച കിളികൾ

മാനം മുഴുക്കെ ചരിക്കാൻ
ഒക്കാത്തതെന്തെന്റെ സൂര്യാ
ദിക്കുകൾ നാലെണ്ണമല്ലേ
ഒക്കെ നിൻ കാൽച്ചോട്ടിലല്ലേ?

മലയാളം മിഷൻ

# അന്തരാത്മാവിലെ സാക്ഷി

ജി മുരളീധരൻ

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേക്കു യാത്ര തുടർന്നുകൊണ്ടേയിരുന്നു. വീടിന്റെ ഉമ്മറത്ത് വഴിയിലേക്കു കണ്ണുംനട്ടിരുന്ന ആ അമ്മയുടെ നോട്ടം കുഞ്ഞായ ഐസക്കിൽ ചെന്നുപതിച്ചു. തോളിൽ പുസ്തകസഞ്ചിയും തൂക്കി തന്റെ ഓമനമകൻ കുഞ്ഞുകാലുകൾ അടിവച്ചടിവച്ച് സന്തോഷത്തോടെ നടന്നുവരുന്നു. അതങ്ങനെയാണല്ലോ. സ്കൂളിലേക്കു പോകുന്ന മനോഭാവമല്ലല്ലോ വീട്ടിലേക്കു തിരിച്ചുവരുമ്പോൾ കുരുന്നു മനസ്സുകളിലുണ്ടാവുക. അമ്മയുടെ അടുത്ത് ഓടിയെത്തിയ ഐസക് പറഞ്ഞു. ''അമ്മേ സ്കൂളിൽ നിന്നും അധ്യാപകൻ അമ്മയ്ക്കു തരാൻവേണ്ടി ഒരു കത്തു തന്നിട്ടുണ്ട്.'' അവൻ ബാഗിൽ നിന്നും കത്തെടുത്ത് അമ്മയ്ക്കു കൊടുത്തു. അമ്മയുടെ മനസ്സിൽ എന്തെല്ലാമോ ഉദ്വേഗജനകമായ ചിന്തകൾ മാറിമറിഞ്ഞു. എന്തായിരിക്കും കത്തിൽ പറഞ്ഞിട്ടുണ്ടാവുക. അധ്യാപകൻ കൊടുത്തയച്ച കത്തായതുകൊണ്ട് തീർച്ചയായും അത് ഐസക്കിനെ സംബന്ധിക്കുന്ന വിഷയമായിരിക്കും. അവനെന്തെങ്കിലും കുസൃതി കാണിച്ചിട്ടുണ്ടായിരിക്കുമോ? അവന്റെ പഠനനിലവാരത്തെക്കുറിച്ചായിരിക്കുമോ?



കത്തു പൊട്ടിച്ച് അതിൽ കണ്ണോടിക്കുമ്പോഴേക്കും അമ്മയുടെ മനസ്സിൽ ഒരായിരം ചിന്തകൾ ഉരുണ്ടുകൂടി. ഒടുവിൽ ആ കത്തിലെ വരികളിലൂടെ കടന്നുപോയ അമ്മയുടെ മുഖം ആദ്യമൊന്നു വാടി. ആ കണ്ണുകളിൽ വിഷാദത്തിന്റെ ഒരു നേരിയ വികാരം മിന്നിമറിഞ്ഞു. പെട്ടെന്ന് ആ കണ്ണുകൾ പ്രകാശഭരിതമായി. മുഖം പ്രസന്നമായി. തികഞ്ഞ സന്തോഷത്തോടെ അമ്മ കത്തു വായിച്ചുതീർക്കുന്നത് ഐസക് നോക്കിനിന്നു. അവൻ അമ്മയോടു ചോദിച്ചു? ''എന്താണമ്മേ ആ കത്തിലുള്ളത്? കത്തുവായിച്ചിട്ട് അമ്മയ്ക്കെന്താ ഇത്രയും സന്തോഷം?'' അമ്മ പ്രസന്നവദനയായിത്തന്നെ ഐസക്കിനെ നോക്കി. ആകാംക്ഷാഭരിതമായ ആ കുഞ്ഞുകണ്ണുകളിലെ തിളക്കം അമ്മ കണ്ടു. ആ തിളക്കത്തിനു പിന്നിൽ വിളങ്ങുന്ന ബുദ്ധിവൈഭവം എത്ര വ്യാപ്തമുള്ളതാണെന്നു ദീർഘവീക്ഷണമുള്ള അമ്മയുടെ വിചാരഗോപുരത്തിൽ തെളിഞ്ഞുവന്നു. ആ കത്തിലെ ഉള്ളടക്കം അമ്മ ഐസക്കിനെ വായിച്ചു കേൾപ്പിക്കുമ്പോൾ ഒരു ഭാവിവാഗ്ദാനമായി മാറാൻ വെമ്പുന്ന ചിന്താധാരയുടെ പ്രവചനമാണ് ആ വാക്കുകളിലൂടെ ഐസക്കിന്റെ കാതുകളിൽ പതിച്ചത്. അമ്മ കത്ത് ഇപ്രകാരം വായിച്ചു. ''ഐസക് അസാമാന്യ ബുദ്ധിയുള്ള കുട്ടിയാണ്. അവനെ പഠിപ്പിക്കുന്നതിന് അനുയോജ്യമായ ഒരന്തരീക്ഷമല്ല ഈ സ്കൂളിനുള്ളത്. അവനെ പഠിപ്പിക്കത്തക്ക സാമർഥ്യമുള്ള അധ്യാപകരും ഇവിടെയില്ല. അതുകൊണ്ട് സ്കൂളിൽ വിട്ട് അവനു മെച്ചപ്പെട്ട ഒരു ജീവിതം ഇല്ലാതാക്കുന്നതിലുംഭേദം നിങ്ങൾ തന്നെ അവനെ വേണ്ട വിധത്തിൽ പഠിപ്പിക്കുന്നതായിരിക്കും.''

അതുവായിച്ചുകേൾപ്പിച്ചു കഴിഞ്ഞപ്പോഴേക്കും സന്തോഷം

കൊണ്ടോ എന്തോ അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ കവിളിലൂടെ ഒഴുകി വീണു കൊണ്ടിരുന്നു. പിന്നീട് ആ കത്തിലെ വരികളൊന്നുംതന്നെ അമ്മയ്ക്കു കാണാൻ കഴിഞ്ഞില്ല. തന്റെ പുന്നാരമകനെ നെഞ്ചോടു ചേർത്തുപിടിച്ച് അമ്മ തുരുതുരെ ചുംബിച്ചു. ആ പിഞ്ചുഹൃദയത്തിനു കിട്ടാവുന്ന ഏറ്റവും വലിയ സന്തോഷമായിരുന്നു അമ്മയുടെ ആനന്ദക്കണ്ണീർ.

ഋതുക്കൾ മാറിമാറിവന്നു. ബാല്യം കൗമാരത്തിനു വഴിമാറി. ഐസക്ക് ഇന്നൊരു മധ്യവയസ്കനാണ്. ലോകത്തിന്റെതന്നെ ഉന്നതിക്കു കാരണഭൂതമായ അനേകം കണ്ടുപിടുത്തങ്ങളുടെ കർത്താവാണിന്നദ്ദേഹം. ഐസക് ഇന്ന് ഐസക് ന്യൂട്ടൺ എന്ന ലോകപ്രസിദ്ധ ശാസ്ത്രജ്ഞനാണ്. ലോകരാഷ്ട്രങ്ങൾ ആ പ്രതിഭയ്ക്കു മുന്നിൽ നമിച്ചു നിന്നു. അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളും ജീവിതവും പാഠ്യവിഷയങ്ങളുമായി. അദ്ദേഹത്തെക്കുറിച്ചു പഠിക്കുകയും ആ ഗവേഷണരീതികളെ അപഗ്രഥനം ചെയ്യുകയും ചെയ്യുന്ന വിദ്യാർഥികൾക്ക് ഒരത്ഭുത പ്രതിഭാസമായി സർ ഐസക് ന്യൂട്ടൺ ഇന്നു നിലകൊള്ളുന്നു.

**വർഷങ്ങൾക്കുശേഷം പഴയ ചില കടലാസുകൾ പരിശോധിച്ചു കൊണ്ടിരുന്ന അവസരത്തിൽ അന്നു കുട്ടിയായിരിക്കുമ്പോൾ അധ്യാപകൻ കൊടുത്തുവിട്ട ആ കത്ത് അവനു കിട്ടി. ആ ഉള്ളടക്കം അമ്മയിൽനിന്നും വായിച്ചുകേട്ട അറിവേ അന്നവന് ഉണ്ടായിരുന്നുള്ളൂ. ഐസക് ആ കത്തുവായിച്ചിട്ടുണ്ടായിരുന്നില്ല.**

എന്നാൽ കുട്ടിയായ ഐസക്കിനെ അവന്റെ സ്നേഹനിധിയായ അമ്മ വായിച്ചുകേൾപ്പിച്ച ആ കത്തിലെ യഥാർഥ പൊരുൾ അറിഞ്ഞാൽ നമ്മൾ മൂക്കത്തു വിരൽവച്ച് നിന്നുപോകും!

വർഷങ്ങൾക്കുശേഷം പഴയ ചില കടലാസുകൾ പരിശോധിച്ചു കൊണ്ടിരുന്ന അവസരത്തിൽ അന്നു കുട്ടിയായിരിക്കുമ്പോൾ അധ്യാപകൻ കൊടുത്തുവിട്ട ആ കത്ത് അവനു കിട്ടി. ആ ഉള്ളടക്കം അമ്മയിൽനിന്നും വായിച്ചുകേട്ട അറിവേ അന്നവന് ഉണ്ടായിരുന്നുള്ളൂ. ഐസക് ആ കത്തു വായിച്ചിട്ടുണ്ടായിരുന്നില്ല. അതിനുള്ള പ്രായമൊന്നും അന്നവന് ഉണ്ടായിരുന്നില്ലല്ലോ? തന്നെയുമല്ല അമ്മയാണ് ആ കത്ത് അവനെ വായിച്ചുകേൾപ്പിച്ചത്. അതുകൊണ്ട് മറ്റൊന്നും ചിന്തിക്കേണ്ട ആവശ്യവും ഇല്ലല്ലോ? എന്നാൽ വർഷങ്ങൾക്കുശേഷം ഇന്ന് ആ കത്ത് ഐസക്കിന്റെ കൈയിൽ കിട്ടിയിരിക്കുകയാണ്. സ്വാഭാവികമായി ഉണ്ടാകാവുന്ന ഒരാകാംക്ഷയോടെ ഐസക് ആ കത്തുതുറന്നു. അന്ന് അമ്മ വായിച്ചു കേൾപ്പിച്ചു തന്ന അതിലെ വാചകങ്ങൾ ഇന്നും തന്റെ കർണങ്ങളിൽ മുഴങ്ങിക്കേൾക്കുന്നത് അവന് അനുഭവപ്പെടുന്നുണ്ടായിരുന്നു. ആ വാക്കുകളാണല്ലോ വെറും ഐസക്കിനെ സർ ഐസക് ന്യൂട്ടൺ എന്ന പ്രതിഭാശാലിയാക്കി മാറ്റാൻ വഴിത്തിരിവായത്.



വര: ബോബി എം പ്രഭ

അതുകൊണ്ടുതന്നെ അതൊന്നു സ്വയം വായിച്ചു കോൾമയിർകൊള്ളാൻ ആ ഹൃദയം വെമ്പൽകൊണ്ടു. കത്തിലെ വാചകങ്ങൾ അവൻ ഇപ്രകാരം വായിച്ചു. ''നിങ്ങളുടെ മകൻ ഐസക് ബുദ്ധിയില്ലാത്ത ഒരു മണ്ടൻ കുട്ടിയാണ്. സ്കൂളിൽ പഠിപ്പിക്കുന്നതൊന്നും അവനെക്കൊണ്ടു പഠിക്കാൻ കഴിയില്ല. അവനെ പഠിപ്പിച്ച് സമയം പാഴാക്കാൻ ഇവിടത്തെ അധ്യാപകരും തയ്യാറല്ല. അതുകൊണ്ട് സ്കൂളിൽ വിട്ട് മറ്റു കുട്ടികളുടെ കൂടി സമയം പാഴാക്കിക്കളയുന്നതിലും ഭേദം നിങ്ങൾതന്നെ വീട്ടിലിരുത്തി അവനു വല്ലതും പറഞ്ഞുകൊടുക്കുന്നതായിരിക്കും.''

കത്തിലെ വരികൾ വായിച്ച് ഐസക് അസ്ഥാളിച്ചിരുന്നുപോയി. അമ്മ കത്തുവായിച്ച് പറഞ്ഞുതന്ന കാര്യങ്ങളും കത്തിലെ യഥാർഥവരികളും അവന്റെ ചിന്താമണ്ഡലത്തിൽ കെട്ടുപിണഞ്ഞ് അലയടിച്ചുയർന്നു. അധ്യാപകന്റെ കത്തിലെ നിഗമനങ്ങളെക്കാൾ അമ്മയുടെ പ്രതീക്ഷയുടെ പ്രവചനമാണല്ലോ സത്യമായി തീർന്നതെന്നോർത്തപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു. അമ്മയെക്കുറിച്ചോർത്ത് അവൻ അഭിമാനംകൊണ്ടു. അമ്മയാണ് എന്നെ ഞാനാക്കിയ സാക്ഷാത്ഗുരു എന്നവൻ തിരിച്ചറിഞ്ഞു.

നമുക്കെല്ലാം നിത്യപ്രചോദനം നൽകിക്കൊണ്ട് അമ്മയെന്ന വിശ്വരൂപം എന്നും നമ്മളിൽ ജ്വലിച്ചുകൊണ്ടുനിൽക്കും. മണ്ടനെന്നു പറഞ്ഞ് അധ്യാപകരാൽ പുറന്തള്ളപ്പെട്ട ഐസക് എന്ന ബാലൻ ലോകത്തിലെ ബുദ്ധിമാന്മാരിൽ ബുദ്ധിമാനായി സർ ഐസക് ന്യൂട്ടൻ എന്ന പേരിൽ ലോകാരാധ്യനായി തീർന്നതിനുപിന്നിൽ അമ്മയുടെ പ്രതീക്ഷാനിർഭരമായ പ്രവചനവാക്കുകൾ തന്നെയാണ് അനുഗ്രഹമായിത്തീർന്നതെന്ന് ഐസക് സ്വന്തം ആത്മാവിൽതൊട്ടു വിശ്വസിച്ചിരുന്നു.

*''അമ്മയുണ്ടമ്മയുണ്ടെന്നുമൊപ്പം*
*ആത്മപ്രചോദന ദീപമായി*
*അമ്മയുണ്ടമ്മയുണ്ടറിയുന്നതെല്ലാം*
*അന്തരാത്മാവിലെ സാക്ഷിയായി.''*



കവിത

# മഴനൃത്തം

## സി പി ചന്ദ്രൻ



വര: എൻ ടി രാജീവ്

കരിമേഘങ്ങൾ വൻതിരപോലെ
ഇളകിത്തുള്ളി ഗമിക്കുമ്പോൾ
മഴദേവതയോ ഉന്മാദിനിയായ്
നൃത്തച്ചുവടുകൾ വയ്ക്കുന്നു.
ആയിരമഗ്നി ജ്വാലകൾ തുപ്പി
മിന്നൽപ്പിണരൊളി തെളിയുമ്പോൾ
കാതും കരളും നിശ്ചലമാക്കും
ഇടിനാദധ്വനിയുയരുന്നു.
വീശിയടിച്ച മരുത്തിൻചടുലത
വനഭുവിതാണ്ഡവമാക്കുന്നു
മഴ മഴ പെരുമഴയഴകേറും മഴ
ഭൂമിക്കമൃതമതേകുന്നു!

# മഹാൻമാവ്

കുസുംഷലാൽ ചെറായി



വര: സുധീർ പി വൈ

പൊരിവെയിൽകൊണ്ടു പുളഞ്ഞീടാതെ
പെരുമഴയേറ്റു കുഴഞ്ഞീടാതെ
പെരുവഴിയരികിൽ ചില്ലവിരിച്ചൊരു
മരമുത്തച്ഛൻ മരുവുന്നൂ!
വെയിലേറ്റുരുകി വരുന്നോർക്കെല്ലാം
തണലായ്, കുളിരായ് തുണയേകും
തമ്മിലിണങ്ങും കിളികൾക്കെല്ലാം
കൂടുകൊരുക്കാനിടമേകും
കൂടില്ലാത്തൊരു ഗായകനാകും
കുയിലിനു ലഹരിത്തളിരേകും
തേൻ നുകരാനായണയുന്നോർക്ക്
തേൻ കിനിയുന്നൊരു പൂന്തോട്ടം!
കനിവിളയുമ്പോളെത്തുന്നോർക്കതു
കനിവൊടു നൽകി വിശപ്പാറ്റും
ഏറുകളെത്ര സഹിക്കുന്നെങ്കിലു-
മില്ലൊരു പകയും പരിഭവവും
മറ്റുള്ളവരുടെ സംതൃപ്തിക്കായ്
സ്വന്തം ജീവിതമർപ്പിക്കും
മരമുത്തച്ഛൻ ധന്യാത്മാവായ്
മരുവുകയാണീ വഴിയരികിൽ!

# വിശപ്പിന്റെ കാലം

**നൗഷാദ് പെരുമാതുറ**

തെരുവ് ആകെ വിജനമാണ്. കടകമ്പോളങ്ങൾ അടഞ്ഞുകിടപ്പാണ്. കാറ്റിന്റെ നേരിയ ശബ്ദം പോലും വ്യക്തമായി കേൾക്കാൻ കഴിയുന്നത്ര നിശ്ശബ്ദത. വല്ലപ്പോഴും പാഞ്ഞുപോകുന്ന വാഹനങ്ങളുടെ ഇരമ്പൽ പൂക്കിളിപ്പൂച്ചയിൽ ഭീതിയുണ്ടാക്കി.

ഒരു ചായക്കടയുടെ പിന്നിലെ ചായ്പ്പിൽ സുഭിക്ഷമായി ഭക്ഷണം കഴിച്ച് കഴിഞ്ഞുപോകുകയായിരുന്നു അവൾ. അങ്ങോട്ടേക്ക് കടന്നുവരാൻ ശ്രമിച്ച ജീവികളെയെല്ലാം തന്ത്രത്തിൽ ഒഴിവാക്കി ഒറ്റയ്ക്ക് സസുഖം വാഴുകയായിരുന്നു. പെട്ടെന്നാണ് സാഹചര്യങ്ങൾ മാറിയത്. രണ്ടാഴ്ചയായി കട അടഞ്ഞുകിടപ്പാണ്. ആരും ആ ഭാഗത്തേക്ക് തിരിഞ്ഞു നോക്കുന്നേയില്ല. എന്താണ് സംഭവിച്ചതെന്ന് ഒരു നിശ്ചയവുമില്ല.

ഭക്ഷണം കഴിക്കാതെ ദിവസങ്ങളായി കിടന്ന് പൂക്കിളിപ്പൂച്ച ആകെ വലഞ്ഞുപോയി. അങ്ങനെയാണ് ചായക്കടയുടെ മതിൽക്കെട്ട് ചാടിക്കടന്ന് അവൾ തെരുവിലെത്തിയത്.

ചുറ്റുപാടുകൾ ആകെ മാറിപ്പോയിരിക്കുന്നു. തെരുവിൽ കണ്ട ആളുകളുടെ മുഖമെല്ലാം തുണികൊണ്ട് മറച്ചിരിക്കുന്നു. മറ്റേതോ ലോകത്ത് ചെന്നുപെട്ടതുപോലെ.

വിശപ്പ് കത്തിക്കാളുന്നു. കൈകാലുകൾ കുഴയുന്നു. ഒരിത്തിരി ഭക്ഷണം കിട്ടിയെങ്കിൽ. അവൾ കറങ്ങിത്തിരിഞ്ഞ് ഒരു വീടിന്റെ ഗേറ്റിന് മുന്നിലെത്തി. വീടിന്റെ ഉമ്മറത്തിരിക്കുന്ന ബാലൻ എന്തോ തിന്നുകയാണ്.

''എനിക്ക് വിശക്കുന്നൂ... ഇത്തിരി ഭക്ഷണം തരണേ...''

പൂക്കിളിപ്പൂച്ച ആർദ്രമായി കരഞ്ഞുപറഞ്ഞു. ആരു കേൾക്കാൻ. ഏറെ നേരം അവിടെയിരുന്ന് കരഞ്ഞു



വര: ടി ആർ രാജേഷ്



നോക്കി. രക്ഷയില്ല. ഒന്ന് നോക്കുക പോലുമുണ്ടായില്ല.

“ഉണ്ണീ അകത്തേക്ക് വാ... പൂച്ചേട കൊതി കിട്ടും...” വീടിനകത്തുനിന്നൊരു സ്ത്രീ ശബ്ദം. ബാലൻ എഴുന്നേറ്റു പോയി വാതിലടച്ചു.

സങ്കടത്തോടെ പൂക്കിളി അവിടെ ചുറ്റിത്തിരിഞ്ഞു. സമീപത്തായുള്ള സ്കൂളിനകത്തൊരു ആൾക്കൂട്ടം. അവിടെന്തോ ചടങ്ങ് നടക്കയാണ്. റോഡ് മുറിച്ചുകടന്ന് അവൾ അങ്ങോട്ടേക്ക് നടന്നു. വിശപ്പും ദാഹവും കൈകാലുകളെ അശക്തമാക്കുന്നു. പോകുന്ന വഴിക്ക് പൈപ്പിന്റെ ചുവട്ടിലെ ഇത്തിരിക്കുഴിയിൽ കെട്ടിക്കിടന്ന വെള്ളം അവൾ നക്കിത്തുടച്ചു. എന്തൊരാശ്വാസം. വയറ്റിലെ കാളലിന് തെല്ലൊരു ശമനം.

സ്കൂൾ മതിൽക്കെട്ടിനുള്ളിൽനിന്ന് മീൻകറിയുടെ കൊതിപ്പിക്കുന്ന മണം. നിരത്തിയിട്ട മേശമേൽ നിറയെ ഭക്ഷണവിഭവങ്ങൾ. എല്ലാം കവറുകൾക്കുള്ളിലാക്കി പൊതിഞ്ഞെടുക്കാൻ തിരക്കുകൂട്ടുന്നവർ. നിലത്തെവിടെയെങ്കിലും എന്തെങ്കിലും വീണുകിടപ്പുണ്ടോയെന്ന് പൂക്കിളിപ്പൂച്ച തപ്പിപ്പെറുക്കി നോക്കി. ഒന്നും കിട്ടിയില്ല.

അപ്പോഴാണ് അവളത് കണ്ടത്. ആരുടേയോ കൈയിൽനിന്ന് നിലത്തുവീണ മീൻകറി. കൂട്ടത്തിൽ ഒരു മീൻകഷണവും. നിലത്തു വീണതല്ലേ. ഇനിയാരും എടുക്കില്ല. അവൾ മേശകൾക്കിടയിലൂടെ പതുങ്ങിച്ചെന്ന് മീൻ എടുക്കാനാഞ്ഞു.

ഠിം... അടി കിട്ടിയത് തലയ്ക്കാണ്. വേദന കൊണ്ട് പുളഞ്ഞുപോയി. കണ്ണുകളിൽ ഇരുട്ടുകയറി. വീണ്ടും ശരീരത്തിൽ എവടെല്ലാമോ അടി വീണു. ആകെ മരവിച്ചുപോയതിനാൽ ഒന്നും അറിയാൻ കഴിഞ്ഞില്ല.

**സങ്കടത്തോടെ പൂക്കിളി അവിടെ ചുറ്റിത്തിരിഞ്ഞു. സമീപത്തായുള്ള സ്കൂളിനകത്തൊരു ആൾക്കൂട്ടം. അവിടെന്തോ ചടങ്ങ് നടക്കയാണ്. റോഡ് മുറിച്ചുകടന്ന് അവൾ അങ്ങോട്ടേക്ക് നടന്നു. വിശപ്പും ദാഹവും കൈകാലുകളെ അശക്തമാക്കുന്നു. പോകുന്ന വഴിക്ക് പൈപ്പിന്റെ ചുവട്ടിലെ ഇത്തിരിക്കുഴിയിൽ കെട്ടിക്കിടന്ന വെള്ളം അവൾ നക്കിത്തുടച്ചു. എന്തൊരാശ്വാസം.**

ഒരുവിധം അവൾ പുറത്തുചാടി. പിന്നാലെ ഒരാൾക്കൂട്ടം. തിരിഞ്ഞും പിരിഞ്ഞും നോക്കാതെ ഓടുകയായിരുന്നു. തളർന്നപ്പോൾ വഴിക്കുകണ്ട പൊന്തക്കാട്ടിനിടയിൽ കയറിയിരുന്നു.

‘ഇനി എന്തു ചെയ്യാനാകും? ഒരിത്തിരി ഭക്ഷണത്തിന് വഴിയൊന്നും കാണുന്നില്ല. വിശന്ന് ചത്തുപോകത്തേയുള്ളൂ...’

പൂക്കിളിപ്പൂച്ചക്ക് എത്ര ആലോചിച്ചിട്ടും ഒരെത്തും പിടിയും കിട്ടിയില്ല. ചായക്കടയുടെ പിന്നിലെ ഭക്ഷണത്തൊട്ടിയിൽനിന്ന് ഇഷ്ടംപോലെ ആഹാരം കിട്ടിയിരുന്നതിനാൽ മറ്റെങ്ങോട്ടും പോയി പരിചയവുമില്ല. അങ്ങനെ ആലോചിച്ചിരുന്ന് തളർച്ചകൊണ്ട് അവൾ ഉറങ്ങിപ്പോയി. വല്ലാത്തൊരു മുരളൽ കേട്ടാണ് ഉണർന്നത്. നേരം ഇരുട്ടി. പൊന്തക്കാട്ടിലെ കട്ടപിടിച്ച ഇരുട്ടിനിടയിലൂടെ തീക്കട്ട പോലെ രണ്ട് കണ്ണുകൾ. കൂർത്ത് വികൃതമായ പല്ലുകൾ പുറത്തു കാണിച്ച് അത് വീണ്ടും മുരണ്ടു. കരുമാടൻ നായാണ്.

“നിനക്കെന്നെ ഓർമയുണ്ടോ? ആഹാരം തേടി ചായക്കടക്ക് പിന്നിലെത്തിയ എനിക്ക് കടക്കാരന്റെ കൈയ്യീന്ന് തല്ലു വാങ്ങിത്തന്നത് നീയാണ്. ആ ദുഷ്ടൻ എന്തുമാത്രം തല്ലിയെന്നോ... അന്നു മുതൽ നിന്നെ നോക്കിനടക്കയാണ്. ഇന്ന് നിന്നെ ഞാൻ കൊല്ലും...”

പൊന്തക്കാട്ടിലെ വള്ളികൾക്കിടയിലൂടെ കരുമാടൻ മുന്നോട്ട് കയറി. കൂർത്ത നഖങ്ങൾ പുറത്തേക്കു നീട്ടി പിടിക്കാനായുന്ന നായുടെ മുന്നിൽനിന്ന് പൂക്കിളി പിടഞ്ഞുമാറി. പിന്നെ വള്ളികൾ വകഞ്ഞുമാറ്റി പുറത്തേക്ക് ചാടി. ഒരു നിശ്ചയവുമില്ലാത്ത വഴികളിലൂടെ ആകുന്നത്ര ശക്തി സംഭരിച്ച് അവൾ ഓടി. പിന്നാലെ പാഞ്ഞടുക്കുന്ന കിതപ്പിൽനിന്നും തുറിച്ചനോട്ടത്തിൽനിന്നും കഴിയുന്നത്ര വേഗത്തിൽ ഓടിയകലാനുള്ള ശ്രമമായിരുന്നു. മരണമാണ് പിന്നാലെ വരുന്നത്. ഒരു ചാട്ടം പിഴച്ചാൽ എല്ലാം അവസാനിക്കും. ഓടിയും ചാടിയും പൂക്കിളിപ്പൂച്ച ആകെ തളർന്നു. കൈകാലുകൾ നിലത്തുറയ്ക്കുന്നത് അറിയാതായി. ഓടിയോടി മുന്നിലെ വഴി തീരുകയാണ്. കോട്ടപോലെ ഉയരമുള്ള മതിൽക്കെട്ട് മുന്നിൽ. ചാടിക്കടക്കുക അസാധ്യം. പിന്നിൽ ഓടിയടുക്കുന്ന മരണം. എന്തു ചെയ്യും?

കൂടുതൽ ആലോചിച്ചു നിൽക്കാൻ സമയമില്ല. മതിലിനോട് ചേർന്നുനിന്ന മാവിലേക്ക് പൂക്കിളി ഓടിക്കയറി. തൊട്ടു തൊട്ടില്ലെന്ന ദൂരത്തിലെത്തിയ കരുമാടൻ മാവിന്റെ ചുവട്ടിൽ വന്നുനിന്ന് ഉച്ചത്തിൽ ബഹളമുണ്ടാക്കി.

“രക്ഷപ്പെട്ടെന്ന് കരുതണ്ട. മരത്തിൽനിന്ന് നീ ചെന്നിറങ്ങുന്നിടത്ത് ക്രൂരനായൊരു മനുഷ്യനുണ്ട്. അയാൾ നിന്നെ കൊന്ന് ഇങ്ങോട്ടേക്കുതന്നെ എറിയും. ചെല്ല്... ചെല്ല്... വേഗം ചെല്ല്. ഞാനിവിടെ കാത്തുനിൽക്കും.”

മതിലിനോട് ചേർന്നുനിൽക്കുന്ന വീടിന്റെ രണ്ടാം നിലയ്ക്ക് മുകളിലാണ് പൂക്കിളി കയറിയ കൊമ്പ് ചെന്നെത്തിയത്.



കൊമ്പിനോട് ചേർന്നൊരു മുറി. അതിന്റെ ജനാല തുറന്നുകിടന്നു. ആ ചുറ്റുവട്ടത്ത് അവിടെ മാത്രമാണ് ലൈറ്റ് കത്തിക്കിടന്നത്. എന്നാൽ, ആരെയും കാണാനില്ല. കരുമാടൻ നായുടെ പിടിയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ആ മുറിയിലേക്ക് കയറി പുറത്തിറങ്ങുകയേ വഴിയുള്ളൂ.

പൂക്കിളി ജനാലപ്പടിയിൽ ചാടിക്കയറി. ഉള്ളിലാരുമില്ലെന്ന് ഉറപ്പിക്കാൻ ചുറ്റും നന്നായി നോക്കി. പുറത്തേക്ക് തുറന്നുകിടക്കുന്ന വാതിലിനോട് ചേർന്ന് മേശ. മേശമേൽ പാത്രങ്ങൾ മൂടിവെച്ചിട്ടുണ്ട്. വിശപ്പിന്റെ ആളിക്കത്തൽ വീണ്ടും അവളെ അവശയാക്കി. ശബ്ദമുണ്ടാക്കാതെ മേശമേൽ കയറി പാത്രങ്ങൾ മണത്തു നോക്കി.

'ഹായ്... മീൻ വിഭവങ്ങൾ. കറി കൂട്ടിക്കുഴച്ച ചോറുമുണ്ട്. വിശന്നിട്ടു വയ്യ. തിന്നിട്ടു പോകാം. ഇനിയെവിടന്നും കിട്ടീന്ന് വരില്ല...'

തിന്നാനൊരുങ്ങുമ്പോൾ മൂടിവെച്ച പാത്രങ്ങളിലൊന്ന് വാൽതട്ടി നിലത്തുവീണു. രാത്രിയുടെ നിശ്ശബ്ദതയെ തുളച്ച ശബ്ദത്തിൽ പൂക്കിളി കിടുങ്ങിപ്പോയി. പെട്ടെന്ന് വാതിൽ കടന്ന് കൊമ്പൻ മീശക്കാരനായൊരാൾ ഉള്ളിലെത്തി. ഭയം കൊണ്ട് വിറച്ചുപോയ അവൾ കുഴഞ്ഞ് താഴേക്ക് വീണു. എത്രനേരം കഴിഞ്ഞെന്നറിയില്ല. ഓർമ വരുമ്പോൾ കൊമ്പൻ മീശക്കാരന്റെ മടിയിലാണവൾ. അയാളുടെ കൈകൾ അവളെ സ്നേഹപൂർവം തഴുകി.

''എന്തിനാണ് ഭയക്കുന്നത്? നിന്നെ ഞാനൊന്നും ചെയ്യില്ല. കുറേ ദിവസമായി ഞാനിവിടെ ഒറ്റപ്പെട്ട് കഴിയാണ്. ആരും എന്നെ കാണാൻ വരുന്നില്ല. ആരൊക്കെയോ കൊണ്ടുവെക്കുന്ന ഭക്ഷണത്തിൽ ജീവിച്ചുപോകുന്നു. ഭ്രാന്ത് പിടിക്കുമെന്ന് കരുതിയിരിക്കുമ്പോഴാണ് നീ വന്നത്. ഇനി എങ്ങട്ടും പോകണ്ട. എന്റെ കൂടെ കൂടിക്കോ.''

അയാൾ ഭക്ഷണസാധനങ്ങളെല്ലാമെടുത്ത് അവൾക്ക് കൊടുത്തു. എന്ത് രുചിയാണ് അവയ്ക്കെല്ലാം! സന്തോഷം കൊണ്ട് അവൾ തുള്ളിച്ചാടിപ്പോയി. മീശക്കാരൻ അതുകണ്ട് ആർത്തു ചിരിച്ചു.


# മാനത്തെ ബഹളം

പി എ അബ്ദുൽ കരീം



വര:സചീന്ദ്രൻ കാറഡുക്ക

മാനത്തുള്ളൊരു കറുത്തസ്ലേറ്റിൽ
കുത്തിവരയ്ക്കണതാരാണ്?
ചെരിവും വളവും വിറയലുമുള്ളൊരു
വരകൾ കാണാനെന്തു രസം!
വിണ്ണിൽ നിന്നും മണ്ണിലിറങ്ങാൻ
കുതിച്ചു മിന്നണ പൊൻവരകൾ.
തകൃതിയിലാരോ വരകൾ വരയ്ക്കെ,
വികൃതികൾ വെള്ളം ചീറ്റുകയായ്.
പടപടെപൊട്ടും പടക്കമെറിഞ്ഞി-
ട്ടോടിമറഞ്ഞൂ വിരുതന്മാർ.
വിണ്ണിലെ ബഹളം കേട്ടു നടുങ്ങി
കണ്ണീർ വാർത്തൂ, ചില പിള്ളേർ.





# എടക്കൽ ഗുഹകൾ

**വിജയൻ കോതമ്പത്ത്**

കേരളത്തിലെ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിക്കടുത്തുള്ള, പശ്ചിമഘട്ടത്തിന്റെ ഭാഗമായ അമ്പുകുത്തി മലയിലെ രണ്ടു ഗുഹകളാണ് എടക്കൽ ഗുഹകൾ. എടക്കൽ എന്നും ഇടക്കൽ എന്നും ഈ ഗുഹകളെ വിളിക്കാറുണ്ട്. 98 അടി നീളവും 22 അടി വീതിയുമുള്ള, നെടുകേ പിളർന്ന ഒരു പാറയുടെ വിള്ളലിലേക്ക് മുകളിൽ നിന്നും ഒരു കൂറ്റൻ പാറ ഇറക്കിവച്ച പോലെയാണ് പ്രകൃതിയുടെ ഈ ഗുഹാ നിർമ്മിതി. കേരളത്തിൽ ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കം ചെന്ന ലിഖിതങ്ങൾ ഇവിടെ കാണാം.

കോഴിക്കോട് ജില്ലയിലെ അടിവാരത്തു നിന്നാണ് താമരശ്ശേരി ചുരം ആരംഭിക്കുന്നത്. ചുരം കയറിയാൽ വയനാടായി. അടിവാരത്ത് എത്തിയാൽ മിക്ക വലിയ വാഹനങ്ങളും കുറച്ചുനേരം അവിടെ നിറുത്തിയിടാറുണ്ട്. വാഹനത്തിന്റെ ബ്രേക്ക്, ടയറിലെ കാറ്റ്, എഞ്ചിൻഓയിൽ, ടാങ്കിലെ എണ്ണയുടെ അളവ് എന്നിവയൊക്കെ പരിശോധിച്ച് വണ്ടി നല്ല നിലയിലാണെന്ന് ഉറപ്പുവരുത്തിയിട്ടാണ് ഡ്രൈവർമാർ ചുരം കയറാൻ തുടങ്ങുക. ശ്രദ്ധിച്ച് വാഹനം ഓടിച്ചില്ലെങ്കിൽ അപകടം പറ്റാവുന്ന ഒന്നാണ് താമരശ്ശേരി ചുരം. അഗാധമായ ഗർത്തങ്ങളിലേക്ക് വണ്ടികൾ മറിയാനിടയുണ്ട്. മഴക്കാലത്ത് ചുരമിടിഞ്ഞും അപകടങ്ങൾ പതിവാണ്. യാത്രക്കാരെ പ്രലോഭിപ്പിക്കുന്ന മറ്റൊന്നാണ് അടിവാരത്തെ ചായക്കടകളിലെ പൊറോട്ടയും കല്ലുമ്മക്കായ റോസ്റ്റും. വാഹനങ്ങൾ അടിവാരത്ത് നിറുത്താൻ അതും ഒരു കാരണമാണ്.

ഒമ്പത് ഹെയർ പിൻ വളവുകളോടു കൂടിയതാണ് വയനാടൻ ചുരം. അടിവാരത്തു നിന്നും മുകളറ്റം വരെ ഏതാണ്ട് 14 കീ.മീറ്റർ ദൂരമുണ്ട്. ദൂരം കുറച്ചേ ഉള്ളു



author : Rahul Ramdas

വെങ്കിലും കയറ്റങ്ങളും വളവ് തിരിവുകളും കാരണം ചുരം കയറാൻ മണിക്കൂറുകൾ വേണ്ടി വരും. മഴചാറുമ്പോഴുള്ള യാത്ര രസകരമാണ്. മഴയിലും കോട മഞ്ഞിലുമുള്ള പ്രകൃതിദൃശ്യം വിഭ്രമിപ്പിക്കുന്ന കാഴ്ചകളാണ്. ബസ്സിലാണ് യാത്രയെങ്കിൽ വയനാടൻ ചുരത്തിലെ കാഴ്ചകൾ കാണാൻ ഒരു സൈഡ് സീറ്റ് എങ്ങനെയെങ്കിലും ഞാൻ സംഘടിപ്പിക്കാറുണ്ട്. വയനാട് ചുരം മുഴുവൻ ഒരിക്കൽ ഞാൻ നടന്ന് കയറിയിട്ടുമുണ്ട്. ഒമ്പതാമത്തെ ഹെയർപിൻ വളവും കഴിഞ്ഞാൽ എത്തുന്നത് വയനാട് ജില്ലയിലേക്കാണ്. അപ്പോഴേക്കും നമ്മൾ സമുദ്രനിരപ്പിൽ നിന്നും 2625 അടി ഉയരത്തിൽ എത്തിയിട്ടുണ്ടാവും. വൻ കെട്ടിടങ്ങളും ഫ്ളാറ്റുകളും നഗരത്തിൽ ഉയരുന്നതിനു മുമ്പ്, ഒമ്പതാം ഹെയർപിൻ വളവിന് മുകളിലെ വ്യൂ പോയിന്റിൽ നിന്നും നോക്കിയാൽ രാത്രികാലങ്ങളിൽ കോഴിക്കോട് കടപ്പുറത്തെ ലൈറ്റ് ഹൗസിന്റെ വെളിച്ചവും പകൽ കടലിന്റെ തിളക്കവും കാണാമായിരുന്നു. ഇപ്പോൾ അങ്ങനെ കാണാൻ പ്രയാസമാണ്. എങ്കിലും ചുരത്തിന് മുകളിൽ നിന്നുമുള്ള കാഴ്ചകളെല്ലാം അതീവ ഹൃദ്യമാണ്.

വയനാട്ടിലേക്ക് എത്താനുള്ള താമരശ്ശേരി ചുരം കണ്ടുപിടിക്കാൻ ബ്രിട്ടീഷുകാരെ സഹായിച്ചത് കരിന്തണ്ടൻ എന്ന ആദിവാസി മൂപ്പനാണെന്ന് ഒരു ഐതിഹ്യമുണ്ട്. വയനാട് ചുരത്തിന്റെ പിതാവായി കരിന്തണ്ടൻ അറിയപ്പെടുന്നത് ഇഷ്ടപ്പെടാതിരുന്ന ബ്രിട്ടീഷുകാർ ആ ആദിവാസി മൂപ്പനെ ചതിയിൽ വകവരുത്തിയെന്നാണ് കഥ. അപമൃത്യു വരിച്ച കരിന്തണ്ടന്റെ പ്രേതം വഴിയാത്രക്കാരെ ഉപദ്രവിക്കാൻ തുടങ്ങിയെന്നും അതിൽ നിന്നും രക്ഷനേടാൻ കരിന്തണ്ടന്റെ പ്രേതത്തെ ആവാഹിച്ച് മരത്തിൽ തറച്ചുവെന്നുമൊക്കെയാണ് കഥ പോകുന്നത്. പ്രേതവും പിശാചുക്കളുമൊന്നും ഇല്ല



വയനാട് താമരശ്ശേരി ചുരം

author : Sreeraj PS aka Ezhuttukari

കബനിയുടെ പോഷക നദിയായ പനമരം പുഴയിലാണ് ബൗണാസുര സാഗർ അണക്കെട്ട്. പൂർണ്ണമായും മണ്ണിൽ നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ടാണ് ഇത്. ഈ അണക്കെട്ടിൽ ആനകൾ ഇറങ്ങി കുളിക്കുന്ന കൗതുകമുള്ള കാഴ്ചകളും ചിലപ്പോൾ കാണാൻ കഴിയും.


author : Rameshng
പൂക്കോട്


author : Challiyan
ബാണാസുര സാഗർ അണക്കെട്ട്

എന്ന് ഇന്ന് നമുക്കറിയാം. എങ്കിലും ഈ കഥയ്ക്ക് അടിസ്ഥാനമായ കരിന്തണ്ടന്റെ പ്രേതത്തെ ചങ്ങലയിൽ തറച്ചു എന്ന് പറയപ്പെടുന്ന ചങ്ങലമരം, ചുരം കയറിച്ചെന്നാലുള്ള ലക്കിടി എന്ന സ്ഥലത്ത് ഒരു റോഡരികിൽ കാണാം. അവിടെയിപ്പോൾ ചെറിയ തോതിലുള്ള പൂജയും ആരാധനകളും തുടങ്ങിയിട്ടുണ്ട്. വിശ്വാസം പോകുന്ന ഒരു പോക്കു കണ്ടോ?

മഹാകവി കുഞ്ചൻ നമ്പ്യാർ ജനിച്ചത് ലക്കിടി എന്ന ദേശത്താണെന്ന് അറിയാമല്ലോ. ആ പ്രദേശം പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്തിനടുത്താണ്. കരിന്തണ്ടന്റെ കഥയിൽ പറഞ്ഞ ലക്കിടി വയനാട് ജില്ലയിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഇവിടെയാണ്. ലക്കിടി കഴിഞ്ഞ് കുറച്ചു വടക്ക് ഭാഗത്തേക്ക് പോയാൽ വിശാലമായ പൂക്കോട് തടാകം കാണാം. ധാരാളം ആളുകൾ പതിവായി ഇവിടെ സന്ദർശിക്കാറുണ്ട്. പൂക്കോട് തടാകത്തിൽ മാത്രം കാണപ്പെടുന്ന ഒരു പരൽ മത്സ്യമാണ് പൂക്കോടൻ പരൽ. തടാകത്തിൽ പെഡൽ ബോട്ടിൽ സഞ്ചരിക്കാനുള്ള സൗകര്യമുണ്ട്. ഈ തടാകത്തിനു സമീപത്താണ് കേരളത്തിന്റെ വെറ്ററിനറി സർവകലാശാല.

ലക്കിടിയിൽ നിന്നും നേരേ പോയാൽ വൈത്തിരി എന്ന സ്ഥലത്ത് എത്തും. വൈത്തിരിയിൽ നിന്നും ഇടത്തോട്ടുള്ള റോഡിലൂടെ മാനന്തവാടിയിലേക്ക് പോകാം. മാനന്തവാടിയിലേക്കുള്ള വഴിയിൽ ആണ് ബാണാസുര സാഗർ അണക്കെട്ട്. കബനിയുടെ പോഷകനദിയായ പനമരം പുഴയിലാണ് ഈ അണക്കെട്ട്. പൂർണമായും മണ്ണിൽ നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വലിയ


പഴശ്ശിരാജയു



തടാകം



ട ശവകുടീരം

author : Zus

അണക്കെട്ടാണ് ബാണാസുര സാഗർ. ഈ അണക്കെട്ടിൽ ആനകൾ ഇറങ്ങി കുളിക്കുന്ന കൗതുകമുള്ള കാഴ്ചകളും ചിലപ്പോൾ കാണാൻ കഴിയും.

മാനന്തവാടിയിലാണ് പഴശ്ശി രാജയുടെ ശവകുടീരം. ബ്രിട്ടീഷുകാരോടു പടവെട്ടിയാണ് ആ ധീരദേശാഭിമാനി അന്ത്യശ്വാസം വലിച്ചത് എന്നറിയാമല്ലോ.



കുറുവ ദ്വീപ്

author : Vinayaraj

മാനന്തവാടിയിൽ നിന്നും അധികം അകലെയല്ല തിരുനെല്ലി ക്ഷേത്രം. ഈ പുരാതന ക്ഷേത്രത്തിന് സമീപത്തു നിന്നാണ് പാപനാശിനി പുഴ ഉത്ഭവിക്കുന്നത്. മാനന്തവാടിക്ക് അടുത്തുനിന്നാണ് കബനി നദിയും ഉത്ഭവിക്കുന്നത്. കിഴക്കോട്ട് ഒഴുകുന്ന മൂന്ന് നദികളിൽ ഒന്നാണല്ലോ കബനി. മാനന്തവാടിക്ക് സമീപത്തായി വള്ളിയൂർക്കാവ്, ജൈനക്ഷേത്രങ്ങൾ, കുറുവ ദ്വീപുകൾ, പക്ഷിപാതാളം തുടങ്ങിയ ടൂറിസ്റ്റുകേന്ദ്രങ്ങളുമുണ്ട്.

വൈത്തിരിയിൽ നിന്നും നേരേ പോവുകയാണെങ്കിൽ കല്പറ്റയിലാണ് എത്തുക. വയനാട് ജില്ലയുടെ തലസ്ഥാനമാണ് കല്പറ്റ. കല്പറ്റയുടെ തെക്കുഭാഗത്തുള്ള മേപ്പാടി പഞ്ചായത്തിലാണ് വയനാട്ടിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ചെമ്പ്ര പീക്ക്. ചെമ്പ്ര പീക്കിന് സമുദ്രനിരപ്പിൽ നിന്നും 6900 അടി ഉയരമുണ്ട്. മലയ്ക്ക് മുകളിൽ ഒരിക്കലും വറ്റാത്ത ഒരു തടാകമാണ് ചെമ്പ്ര പീക്കിന്റെ ഒരുസവിശേഷത.

കല്പറ്റയിൽ നിന്നും വീണ്ടും നേരേ പോയാൽ സുൽത്താൻ ബത്തേരിയിലെത്തും. പോർച്ചുഗീസ് ഭാഷയിലെ ബത്തേറിയ എന്ന പദത്തിൽ നിന്നാണത്രെ ബത്തേരി എന്ന പേരുണ്ടായത്. ടിപ്പു സുൽത്താന്റെ ഒരു ആയുധപ്പുര ഈ പ്രദേശത്തായിരുന്നത്രെ. സുൽത്താന്റെ ആയുധപ്പുരയാണ്(Sultan's Battery) പിന്നീട് സുൽത്താൻ ബത്തേരിയായത്. ബത്തേരിയിൽ നിന്നും കുറച്ചുകൂടി കിഴക്കോട്ട് പോയാൽ മുത്തങ്ങ വന്യജീവി സങ്കേതത്തിലെത്തും. മുത്തങ്ങ ഒരു ആനവളർത്തൽ കേന്ദ്രം കൂടിയാണ്. അതിനും കിഴക്കായി കേരള കർണാടക അതിർത്തിയും ബന്ദിപൂർ നാഷണൽ പാർക്കുമാണ്. ബത്തേരിയിൽ നിന്നും മൈസൂരിലെത്താൻ മൂന്ന് മണിക്കൂറിൽ താഴെ മാത്രം സമയം മതി.

ബത്തേരിയിൽ നിന്നും 14 കി.മീ. അകലെ പശ്ചിമഘട്ട മലനിരകളിലുള്ള അമ്പുകുത്തി മലയിലാണ് നമ്മൾ കാണാൻ പോകുന്ന എടക്കൽ ഗുഹകൾ. നാലായിരം അടി ഉയരത്തിലുള്ള എടക്കലിൽ രണ്ട് ഗുഹകളാണുള്ളത്. എടക്കൽ എന്നും ഇടക്കൽ എന്നും ഈ ഗുഹകളെ വിളിക്കാറുണ്ട്. 98 അടി നീളവും 22 അടി വീതിയുമുള്ള, നെടുകേ പിളർന്ന ഒരു പാറ



മുത്തങ്ങാക്കാട്



എടക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ

**കേരളത്തിൽ ലഭ്യമായ ശിലാലിഖിതങ്ങളിൽ വച്ച് ഏറ്റവും പഴക്കമേറിയ താണ് എടക്കൽ ഗുഹ യിലേത്. ക്രി.മു. 7000 വർഷം വരെയുള്ള രേഖ പ്പെടുത്തലുകൾ ഇവിടെ യുണ്ടെന്നാണ് അനുമാനി ക്കുന്നത്. എടക്കൽ ഗുഹ യിലെ ലിഖിതങ്ങളുമായി ബന്ധപ്പെട്ട് വലിയ പഠന ങ്ങൾ നടന്നിട്ടുണ്ട്. നവീന ശിലായുഗത്തിലുള്ള താണ് ലിഖിതങ്ങൾ.**



യുടെ വിള്ളലിലേക്ക് മുകളിൽ നിന്നും ഒരു കൂറ്റൻ പാറ ഇറക്കിവച്ച പോലെയാണ് പ്രകൃതിയുടെ ഈ ഗുഹാനിർമ്മിതി. ഇടയ്ക്ക് കല്ലുള്ളത് എന്ന അർഥത്തിലാണ് ഇടക്കൽ എന്ന പേര് വന്നത്. ഈ ഗുഹയുടെ ഉയരം 30 അടിയാണ്. വിസ്മൃതിയിലാണ്ടു പോയിരുന്ന എടക്കൽ ഗുഹകളെ കണ്ടെത്തിയിട്ട് അധികം കാലമായിട്ടില്ല.

മലബാർ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ഫ്രഡ് ഫോസെറ്റ് (Fred Fawcett) എന്ന ബ്രിട്ടീഷുകാരൻ 1901 ൽ 'ഇന്ത്യൻ ആന്റിക്വറി' എന്ന പത്രികയിൽ പ്രസിദ്ധം ചെയ്ത സചിത്രലേഖനമാണ് എടക്കൽ ഗുഹകളെ ലോകശ്രദ്ധയിൽ കൊണ്ടുവന്നത്. അതിനും രണ്ട് ദശകങ്ങൾക്കു മുമ്പ് ആദിവാസികളുടെ സഹായത്തോടെ അദ്ദേഹം ഈ ഗുഹകൾ കണ്ടെത്തിയിരുന്നുവത്രെ.

യാത്രാവാഹനങ്ങൾ എടക്കൽ ഗുഹയുടെ താഴ്‌വാരത്ത് നിറുത്തേണ്ടതുണ്ട്. തുടർന്ന് ഗുഹയിലേക്കുള്ള ഒരു കി.മീറ്ററോളം ദൂരം നടക്കുകയോ ടൂറിസവുമായി ബന്ധപ്പെട്ട ജീപ്പുകളിൽ കയറുകയോ വേണം. സന്ദർശകർക്കുള്ള ടിക്കറ്റുകൾ ഗുഹയ്ക്കടുത്തുള്ള കൗണ്ടറിൽ നിന്നും ലഭിക്കും. കാലത്ത് 9 മണി മുതൽ വൈകിട്ട് 4 മണിവരെയാണ് പ്രവേശനമുള്ളത്. തിങ്കളാഴ്ച അവധിയാണെന്നാണ് ഓർമ. ഗുഹയിലേക്ക് കുത്തനെയുള്ള കയറ്റം നമുക്ക് ശരിക്കും ബുദ്ധിമുട്ടുണ്ടാക്കും. നാനൂറോളം പടികൾ കയറി വേണം ഗുഹയിലെത്താൻ. പ്രായമുള്ളവർക്കും കുട്ടികൾക്കും ഇത് വളരെ ആയാസകരമാണ്.

കേരളത്തിൽ ലഭ്യമായ ശിലാലിഖിതങ്ങളിൽ വച്ച് ഏറ്റവും പഴക്കമേറിയതാണ് എടക്കൽ ഗുഹയിലേത്. ക്രി.മു. 7000 വർഷം വരെയുള്ള രേഖപ്പെടുത്തലുകൾ ഇവിടെയുണ്ടെന്നാണ് അനുമാനിക്കുന്നത്. എടക്കൽ ഗുഹയിലെ ലിഖിതങ്ങളുമായി ബന്ധപ്പെട്ട്

വലിയ പഠനങ്ങൾ നടന്നിട്ടുണ്ട്. നവീന ശിലായുഗത്തിലുള്ളതാണ്(Neolithic or new stone age) എടക്കൽ ഗുഹകളിലെ ലിഖിതങ്ങൾ. ആൾരൂപങ്ങൾ, മൃഗങ്ങൾ, ചക്രങ്ങൾ, വണ്ടികൾ, ആശയവിനിമയത്തിനായി ഉപയോഗിച്ച ചിത്രങ്ങൾ, ചിഹ്നങ്ങൾ, അക്ഷരങ്ങൾ, അക്കങ്ങൾ എന്നിവ ഗുഹാഭിത്തികളിൽ കോറിവരഞ്ഞതു കാണാം. ആൾരൂപങ്ങളാണ് ചിത്രങ്ങളിൽ മുഖ്യമായത്. പല കാലങ്ങളിൽ വരച്ചവയായതുകൊണ്ട് ചിത്രങ്ങൾക്ക് പല ശൈലീഭേദങ്ങളും കാണാം. അത്ഭുതകരമായ ഒരു കാര്യം, എടക്കൽ ഗുഹയിലെ ചില ചിത്രങ്ങൾക്ക് സിന്ധൂനദീതട സംസ്കൃതിയിലെ മുദ്രകളിൽ കാണുന്ന ചിഹ്നങ്ങളുമായുള്ള സാദൃശ്യങ്ങളാണ്. അതുകൊണ്ടുതന്നെ സിന്ധൂനദീതട സംസ്കാരവുമായി എടക്കൽ ഗുഹാവാസികൾക്ക് ബന്ധങ്ങൾ ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നവരുമുണ്ട്.


പ്രാചീന ലിപികളിലുള്ള ചില ലിഖിതങ്ങളും എടക്കൽ ഗുഹകളിലുണ്ട്. ഗുഹയിലെ ലിഖിത രൂപങ്ങൾ വായിച്ചെടുക്കാനുള്ള ചില ശ്രമങ്ങൾ ഡോ. എം ആർ രാഘവവാര്യരെപ്പോലുള്ള പണ്ഡിതർ നടത്തിയിട്ടുണ്ട്. ചായംകൊണ്ട് വരച്ച പാറച്ചിത്രങ്ങൾ ലോകത്ത് പലയിടങ്ങളിലുമുണ്ട്. എന്നാൽ പാറമേൽ കോറി വരച്ച എടക്കൽ ഗുഹയിലുള്ളതു പോലുള്ള ചിത്രങ്ങൾ തികച്ചും അപൂർവവും വ്യത്യസ്തവുമാണ്. മേലേയും കീഴേയുമായി രണ്ടു ഗുഹകളാണ് എടക്കലിൽ ഉള്ളത്. താഴത്തെ ചെറിയ ഗുഹയിലൂടെയാണ് മുകളിലേക്കുള്ള വഴി. മുകളിലത്തെ ഗുഹയിലാണ് ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ളത്. താഴത്തെ ഗുഹയുടെ ബലത്തിലാണ് മുകളിലെ ഗുഹയുടെ നിലനില്പ്. അതുകൊണ്ടുതന്നെ കണക്കിലേറേ ആളുകൾ ഒരേ സമയം ഗുഹകളിൽ എത്തുന്നത് ഗുഹകൾക്ക് ബലക്ഷയം വരുത്താനിടയുണ്ട്. അമ്പുകുത്തി മലയിലുള്ള അനധികൃത കരിങ്കൽ ക്വാറികളും ഈ ഗുഹകൾക്ക് ഒരു ഭീഷണിയാണ്. ലോകോത്തരമായ ഈ പൈതൃകം മാനവരാശിക്ക് നഷ്ടമാവാതെ സംരക്ഷിക്കാനുള്ള കടമ എല്ലാവർക്കുമുണ്ടെന്ന് അറിയണം.

ഗുഹകൾക്കു പുറത്തെ മലമുകളിൽ കയറിയാൽ കാണുന്ന വയനാട് ജില്ലയുടെ ദൃശ്യഭംഗികൾ വർണനാതീതമാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ഈ അമ്പുകുത്തി മലയിലും ഇവിടത്തെ ഗുഹകളിലും നമ്മുടെ പൂർവികർ അതിജീവനത്തിനായി പ്രകൃതിയോട് മല്ലടിച്ചിട്ടുണ്ടാവുമല്ലോ. അപ്പോഴും കാലത്തെ അതിജീവിച്ച അവരുടെ സർഗാത്മക പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ അവർ കാണിച്ച ഉത്സാഹത്തിന്റെ അടയാളങ്ങളാണ് ഈ ഗുഹകളിൽ നമ്മൾ കാണുന്ന ചിത്രവേലകൾ.

ഞാൻ ഇപ്പോൾ കയറി നിൽക്കുന്ന ഈ മലമുകളിൽ എടക്കൽ ഗുഹാവാസികളും ഇതേപോലെ നോക്കി നിന്നിരിക്കുമല്ലോ എന്നോർത്തപ്പോൾ ഒരു വല്ലാത്ത അനുഭൂതിയിലേക്ക് ഞാൻ ഉയരുന്ന പോലെ തോന്നി. അതിശയകരമായ എത്രയെത്ര വിചിത്രപാതകൾ പിന്നിട്ടാണ് മാനവരാശി ഇന്നത്തെ നിലയിൽ എത്തിച്ചേർന്നിരിക്കുന്നതെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് എടക്കൽ ഗുഹകൾ.

author : Jaseem Hamza

author : Satheesan vn



# ടോം സോയറുടെ
# സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

ടോം കുറേ നേരം ഉറങ്ങിക്കിടക്കുന്ന സ്നേഹിതരെ നോക്കി ചിന്താമഗ്നനായി ഇരുന്നു. പിന്നീട് എഴുന്നേറ്റ് മുട്ടിൽ ഇഴഞ്ഞ് പുല്ലിലൂടെ എന്തോ അന്വേഷിച്ച് നടന്നു. സീക്കാമോർ മരത്തിന്റെ ഉണങ്ങിയ രണ്ട് പാളികൾ ചുരുൾപോലെയുള്ളവ എടുത്തു തീയുടെ അടുത്ത് മുട്ടുകുത്തിയിരുന്ന് അതിൽ, തന്റെ ചുവന്നചോക്ക് എടുത്ത് എഴുതി. ഒരെണ്ണം ചുരുട്ടി ജായ്ക്കറ്റിന്റെ പോക്കറ്റിലിട്ടു. മറ്റേ ചുരുൾ, ജോയുടെ തൊപ്പിക്കുള്ളിലും വച്ചു. ആ തൊപ്പിക്കുള്ളിൽ അവൻ അവന്റെ വിലപ്പെട്ട ചില നിധികളും വച്ചു. ഒരുകഷണം ചോക്ക്, ഒരു റബ്ബർ പന്ത്, മൂന്ന് മീൻ ചൂണ്ടകൾ, തിളങ്ങുന്ന ഒരു ഗോലി. അവൻ പതുക്കെ ശബ്ദമുണ്ടാക്കാതെ നടന്നു മരക്കൂട്ടങ്ങൾക്കിടയിലേക്ക് കടന്നു. ഉറങ്ങിക്കിടക്കുന്നവർക്ക് ശബ്ദം കേൾക്കാനാകില്ലെന്ന് ഉറപ്പായപ്പോൾ മണൽത്തിട്ടയിലേക്ക് അതിവേഗം കുതിച്ചു.

നിമിഷങ്ങൾക്കുള്ളിൽ ടോം നദിയുടെ ആഴംകുറഞ്ഞ ഭാഗത്തൂടെ ഇല്ലിനോയ് തീരത്തേക്ക് ആയാസപ്പെട്ട് നടക്കുകയായിരുന്നു. വെള്ളം അവന്റെ അരഅറ്റം ആയപ്പോഴേക്കും അവൻ നദിയുടെ മുക്കാൽ ഭാഗം പിന്നിട്ടിരുന്നു. പിന്നീട് വെള്ളത്തിലൂടെ നടക്കാൻ ബുദ്ധിമുട്ടായപ്പോൾ അവൻ നീന്തിത്തുടങ്ങി. ഒഴുക്ക് അവനെ താഴേക്ക് വലിച്ചെങ്കിലും അവൻ തളരാതെ നീന്തി. അവസാനം കരയോടടുത്തപ്പോൾ, വീണ്ടും ആഴംകുറഞ്ഞ ഭാഗത്ത് എഴുന്നേറ്റ് നിന്നു. പോക്കറ്റിലെ ചുരുൾ അവിടെ ഉണ്ടോ എന്ന് പരിശോധിച്ചു. തീരത്തൂടെ ഒളിച്ചും പാത്തും



കാടിന്റെ മറവിൽ വെള്ളം ഇറ്റി റ്റുവീഴുന്ന കുപ്പായവുമായി അവൻ നടന്നു. രാത്രി പത്തു മണി ആയപ്പോഴേക്കും അവന്റെ ഗ്രാമത്തിന്റെ എതിർഭാഗത്തുള്ള ഒരു തുറന്ന സ്ഥലത്ത് അവൻ എത്തിച്ചേർന്നു. കടത്തുബോട്ട്, അവിടെ മരക്കൂട്ടങ്ങൾക്കിടയിൽ കിടപ്പുണ്ടായിരുന്നു. കണ്ണുചി മ്മുന്ന നക്ഷത്രങ്ങൾക്ക് താഴെ എല്ലാം ശാന്തം. അവൻ തീര ത്തൂടെ ഇഴഞ്ഞിഴഞ്ഞ് നടന്നു. വീണ്ടും വെള്ളത്തിലിറങ്ങി ഏതാനും അടിദൂരം നീന്തി. കടത്തുബോട്ടിന്റെ വലതുഭാ ഗത്തുണ്ടായിരുന്ന ചെറിയ വഞ്ചിയിൽ കയറി, തുഴക്കാ രുടെ ഇരിപ്പിടത്തിന് കീഴിൽ പതുങ്ങിയിരുന്നു.

ബോട്ടിലെ മണി അടിക്കു കയും ഒരു ശബ്ദം ബോട്ട് നീക്കാനുള്ള കല്പന പുറ പ്പെടുവിക്കുകയും ചെയ്തു. ആ ചെറിയ വള്ളവും വലിച്ചു കൊണ്ടാണ് ബോട്ട് നീങ്ങിയത്.

**ബോട്ടിലെ മണി അടിക്കുകയും ഒരു ശബ്ദം ബോട്ട് നീക്കാനുള്ള കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ആ ചെറിയ വള്ളവും വലിച്ചുകൊണ്ടാണ് ബോട്ട് നീങ്ങിയത്. അങ്ങനെ അവന്റെ യാത്ര ആരംഭിച്ചു. ഏകദേശം പതിനഞ്ച് മിനിറ്റുകൾ കഴിഞ്ഞപ്പോൾ ബോട്ട്, യാത്ര അവസാനിപ്പിച്ചു. ടോം ആരും കാണാതെ പുറ ത്തിറങ്ങി ഇരുട്ടിലൂടെ നീന്തി കരയ്ക്കെത്തി.**

അങ്ങനെ അവന്റെ യാത്ര ആരം ഭിച്ചു. ഏകദേശം പതിനഞ്ച് മിനിറ്റുകൾ കഴിഞ്ഞപ്പോൾ ബോട്ട്, യാത്ര അവസാനിപ്പിച്ചു. ടോം ആരുംകാണാതെ പുറ ത്തിറങ്ങി ഇരുട്ടിലൂടെ നീന്തി കരയ്ക്കെത്തി. ആരും അവനെ കണ്ടുപിടിക്കാൻ ഇടയില്ലാത്ത ഒരു ഒഴിഞ്ഞ ഇടത്തിലാണ് അവൻ ചെന്നു കയറിയത്. അവൻ സാധാരണ നടക്കാത്ത ഇടവഴി കളിലൂടെ ഓടിയോടി, അവൻ പോളി ആന്റിയുടെ വീടിന്റെ പിന്നിലെ വേലിയരികിൽ എത്തി. അവൻ വേലി ചാടിക്കടന്നു. സ്വീകരണമുറിയുടെ ജനലി ലൂടെ എത്തിനോക്കി. അവിടെ വെളിച്ചം ഉണ്ടായിരുന്നു.

പോളി ആന്റിയും സിദ്ദും മേരിയും ജോയ് ഹാർപ്പറിന്റെ അമ്മയും അവിടെ ഇരുന്ന് സംസാരിക്കുന്നു. അവർ കട്ടി ലിനരികിലാണ് ഇരിക്കുന്നത്. കട്ടിൽ അവർക്കും വാതിലിനും ഇടയിലായിരുന്നു. ടോം വാതി ലിനരികെച്ചെന്ന് വളരെ സാവ ധാനം അതിന്റെ കൊളുത്ത് നീക്കി, പതുക്കെ ഒന്ന് തള്ളി. വാതിൽപ്പാളി നേരിയ ഞരക്ക ത്തോടെ അല്പം ഒന്നു തുറന്നു. അവൻ വീണ്ടും പതുക്കെ തള്ളി, തള്ളി അവന് മുട്ടേൽ ഇഴഞ്ഞ് അകത്തു കടക്കാൻ പാകത്തിൽ ഒരു വിടവ് ഉണ്ടാ ക്കി.''മെഴുതിരി നാളം എന്താ ഉലയുന്നത്? ആ വാതിലും തുറ ന്നിരിക്കുന്നല്ലോ; വിചിത്ര സംഭ വങ്ങളാണല്ലോ എന്നും ഉണ്ടാ കുന്നത്. സിദ്ദ് പോയി വാതിൽ അടയ്ക്കൂ.'' പോളി ആന്റി പറഞ്ഞു.

സിദ്ദു എത്തുന്നതിനു മുമ്പ് ടോം കട്ടിലിൻ കീഴിലേക്ക് നുഴഞ്ഞുകയറി. അല്പനേരം ശ്വാസമടക്കി കിടന്നതിനുശേഷം ഇഴഞ്ഞിഴഞ്ഞ് ആന്റിയുടെ പാദ ത്തിനരികെ എത്തി . അല്പം കൂടി നീങ്ങിയാൽ ആന്റിയെ തൊടാം.

''ഞാൻ പറഞ്ഞതുപോലെ അവനൊരു ചീത്ത കുട്ടിയാ യിരുന്നില്ല. കുസൃതി സ്വല്പം കൂടുതലായിരുന്നെന്ന് മാത്രം. ചുമതലാബോധമില്ലാത്തവൻ. അവൻ ഒരിക്കലും ആരെയും ഉപദ്രവിക്കണമെന്ന് ആഗ്രഹി ച്ചിരുന്നില്ല. നല്ലവനായിരുന്നു..'' പോളി ആന്റി കരയാൻ തുടങ്ങി.

''എന്റെ ജോയും അങ്ങനെ ആയിരുന്നു. എപ്പോഴും കുരു



ത്തക്കേടുകൾ മാത്രം. പക്ഷേ അവൻ സ്വാർഥനായിരുന്നില്ല. മറ്റുള്ളവരോട് ദയയുള്ളവനായിരുന്നു. ക്രീം ചീത്തയായതിനാൽ ഞാൻ കളഞ്ഞതാണ്. എന്നിട്ടും അത് കുടിച്ചതിന് ഞാൻ അവനെ തല്ലി. ക്രൂരമായിപ്പോയി... ഇനി ഒരിക്കലും അവനെ കാണില്ല എന്നോർക്കുമ്പോൾ-പാവം ഞാൻ അവനെ ഒരുപാട് ഉപദ്രവിച്ചു.'' ജോയുടെ അമ്മ ഹൃദയം നുറുങ്ങിപ്പോകുന്നതുപോലെ ഏങ്ങലടിച്ചു കരഞ്ഞു.

''ടോം എവിടെയാണോ, അവിടെ അവൻ സുഖമായിരിക്കട്ടെ. പക്ഷേ അവൻ അല്പം കൂടി നല്ലവനായിരുന്നെങ്കിൽ...'' സിദ്ദു അഭിപ്രായപ്പെട്ടു.

സിദ്ദു വാചകം പൂർത്തിയാക്കുന്നതിന് മുമ്പ് പോളി ആന്റി ഇടപെട്ടു.

''സിദ്ദേ... എന്റെ ടോമിനെതിരായി ഒരക്ഷരം മിണ്ടിപ്പോകരുത്. ദൈവം അവനെ രക്ഷിക്കട്ടെ. നീ ഇനി അവനെ ഒന്നും പറയരുത്. '' ആന്റിയെ കാണാൻ സാധിക്കുന്നില്ലെങ്കിലും അവരുടെ കണ്ണുകളുടെ തീക്ഷ്ണത ടോം അറിഞ്ഞു.

''ദൈവം തന്നു. ദൈവം എടുത്തു. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ. സഹിക്കാനാകുന്നില്ല. കഴിഞ്ഞ ശനിയാഴ്ചയാണ് എന്റെ ജോയ്, എന്റെ മൂക്കിന് കീഴിൽ ഒരു പടക്കം പൊട്ടിച്ചതും ഞാൻ അവനെ തല്ലിയതും. ഇത്രയും പെട്ടെന്ന് ഇങ്ങനെ സംഭവിക്കുമെന്ന് ഞാൻ കരുതിയില്ല.''

''അതെ... എനിക്ക് മനസ്സിലാകും. പൂച്ചയ്ക്ക് മരുന്ന് കൊടുത്തതിന്, എന്റെ ടോമിനെ ഞാൻ ശകാരിച്ചു; അവന്റെ തലയിൽ കൊട്ടി. പാവം അവൻ ഇപ്പോൾ സകല കഷ്ടപ്പാടുകളിലും നിന്ന് രക്ഷപ്പെട്ടു.'' അത്രയും ആയപ്പോഴേക്കും ആന്റി പൊട്ടിക്കരഞ്ഞു. മേരിയും കരയുകയും അവനെക്കുറിച്ച് നല്ല വാക്കുകൾ

**മിസ്സിസ്സ് ഹാർപ്പർ യാത്ര പറയാൻ എഴുന്നേറ്റു. രണ്ടു സ്ത്രീകളും കെട്ടിപ്പിടിച്ച് കരഞ്ഞ്, ആശ്വസിപ്പിച്ച് പിരിഞ്ഞു. സിദ്ദ് ചെറുതായി ഒന്ന് ഏങ്ങലടിച്ചു. മേരി ഹൃദയം തകർന്ന് കരഞ്ഞു. എല്ലാവരും ഉറങ്ങാനായി പോയതിനുശേഷം പോളി ആന്റി മുട്ടുകുത്തിനിന്ന് ടോമിനുവേണ്ടി പ്രാർഥിച്ചു.**

പറയുന്നതും അവന് കേൾക്കാമായിരുന്നു. അവരുടെ ഏങ്ങലടികൾ കേട്ടപ്പോൾ അവനും കരച്ചിൽ വന്നു. അവനെ ഓർത്ത് അവർ കരയുന്നു. താൻ നല്ലവനാണ്, അവന് അഭിമാനം തോന്നി. ആന്റിയുടെ സങ്കടവും കുറ്റബോധം നിറഞ്ഞ വാക്കുകളും കേട്ടപ്പോൾ എഴുന്നേറ്റ് ചെന്ന് ആന്റിയെ കെട്ടിപ്പിടിച്ച് ഉമ്മകൊടുത്ത് ഒരു നാടകീയ മുഹൂർത്തം സൃഷ്ടിക്കണമെന്ന് മോഹിച്ചെങ്കിലും അവൻ അത് അടക്കിപ്പിടിച്ച് അനക്കമില്ലാതെ അവിടെ കിടന്നു.

അവരുടെ വർത്തമാനത്തിൽ നിന്ന് ടോം ചില വിവരങ്ങൾ മനസ്സിലാക്കി. നീന്തിക്കുളിക്കുന്നതിനിടയിൽ കുട്ടികൾ മുങ്ങി മരിച്ചതാണെന്ന് അവർ ആദ്യം കരുതി. അപ്പോഴാണ് ചെറിയ ചങ്ങാടം കാണാനില്ലെന്ന് അറിഞ്ഞത്. സ്കൂൾ കുട്ടികളിലൊരാൾ അപ്പോൾ, കാണാതായ കുട്ടികൾ, ഗ്രാമവാസികൾ ഞെട്ടിക്കുന്ന വാർത്ത കേൾക്കാനിടയാകുമെന്ന് പറഞ്ഞവിവരം പുറത്തുവിട്ടു. അവർ നാടുവിട്ടതായിരിക്കുമെന്നും തിരികെ വരുമെന്നും അവർ കരുതി. പക്ഷേ ഗ്രാമത്തിൽ നിന്ന് ആറേഴ് മൈൽ അകലെ ചങ്ങാടം ഉറച്ചു കിടക്കുന്നതു കണ്ടപ്പോൾ അവരുടെ പ്രതീക്ഷകളെല്ലാം തകർന്നു.

അത് ബുധനാഴ്ച രാത്രിയിലായിരുന്നു. ശനിയാഴ്ചവരെ മൃതശരീരങ്ങൾ കണ്ടെത്താനായില്ലെങ്കിൽ ശവസംസ്കാര ശുശ്രൂഷയുടെ ക്രമീകരണങ്ങൾ നടത്തണം എന്ന് തീരുമാനിച്ചതായി അവർ പറഞ്ഞപ്പോൾ ടോം അറിയാതെ വിറച്ചുപോയി.

മിസ്സിസ്സ് ഹാർപ്പർ യാത്ര പറയാൻ എഴുന്നേറ്റു. രണ്ടു സ്ത്രീകളും കെട്ടിപ്പിടിച്ച് കരഞ്ഞ്, ആശ്വസിപ്പിച്ച് പിരിഞ്ഞു. സിദ്ദ് ചെറുതായി ഒന്ന് ഏങ്ങലടിച്ചു. മേരി ഹൃദയം തകർന്ന് കരഞ്ഞു. എല്ലാവരും ഉറങ്ങാനായി പോയതിനുശേഷം പോളി ആന്റി മുട്ടുകുത്തിനിന്ന് ടോമിനുവേണ്ടി പ്രാർഥിച്ചു. ആന്റിയുടെ പ്രാർഥനയുടെ തീവ്രതയും കരച്ചിലും സ്വരത്തിന്റെ വിറയലും ടോമിന്റെ കണ്ണിലും നനവുണ്ടാക്കി. പ്രാർഥനയ്ക്കുശേഷം അതേമുറിയിൽ തന്നെ ആന്റി ഉറങ്ങാൻ കിടന്നു. ആന്റി ഇടയ്ക്കിടയ്ക്ക് തേങ്ങുകയും മൂളുകയും ഞരങ്ങുകയും ചെയ്തു. അസ്വസ്ഥയായി തിരിഞ്ഞും മറിഞ്ഞും ഉറങ്ങാതെ ഏറെ നേരം കിടന്നു. അവസാനം, ആന്റി ശാന്തമായി ഉറങ്ങിത്തുടങ്ങിയപ്പോൾ ടോം കട്ടിലിനടിയിൽ നിന്ന് പുറത്തിറങ്ങി, മെഴുകുതിരിനാളം കൈകൊണ്ട് മറച്ചുപിടിച്ചുകൊണ്ട് ആന്റിയെ സൂക്ഷിച്ചുനോക്കി കട്ടിലിനരികെ നിന്നു. അവന്റെ ഹൃദയം നിറയെ ആന്റിയോടുള്ള സ്നേഹവും സഹതാപവും. എഴുതിക്കൊണ്ടുവന്ന ചുരുൾ പോക്കറ്റിൽ നിന്ന് എടുത്തെങ്കിലും അവസാനനിമിഷം മറ്റൊരു തീരുമാനത്തിന്റെ വെളിച്ചത്തിൽ അത് അവിടെ ആന്റിക്ക് കാണാനായി വച്ചില്ല. തിരികെ പോക്കറ്റിൽ വച്ചു. കുനിഞ്ഞ് ആന്റിയുടെ വരണ്ട ചുണ്ടുകളിൽ ഒരു ചുംബനം അർപ്പിച്ചു. ശബ്ദം ഉണ്ടാക്കാതെ വാതിൽ അടച്ചു പുറത്തിറങ്ങി.



വര: റോണി ദേവസ്യ

കടത്തുബോട്ട് കെട്ടിയിരിക്കുന്ന ബോട്ട് ജെട്ടിയിൽ എത്തിയ ടോം അതിന്റെ വശത്തു കെട്ടിയിട്ടിരുന്ന ചെറിയ തോണി അഴിച്ച് അതിൽ കയറി ദ്വീപിലേക്ക് തുഴഞ്ഞുപോയി. ദ്വീപിൽ ഇറങ്ങിയ ടോം കാട്ടിലൂടെ അല്പനേരം നടന്നതിനുശേഷം വിശ്രമിക്കാനായി ഇരുന്നു. ഉറക്കം തൂങ്ങിയ കണ്ണുകളുമായി നദിയിൽ ഇറങ്ങി, മുങ്ങിക്കുളിച്ചതിനുശേഷം മണൽത്തിട്ടയിലൂടെ അവരുടെ ഒളിസങ്കേതത്തിലേക്ക് നനഞ്ഞ കുപ്പായവുമായി നടന്നു. നേരം പുലർന്നു തുടങ്ങിയിരുന്നു.

സങ്കേതത്തിന്റെ പടിവാതിലിൽ എത്തിയപ്പോൾ ജോയുടെ ശബ്ദം കേട്ടു.

''ഇല്ല, തീർച്ചയായും ടോം തിരികെ വരും. അവൻ നമ്മളെ ഉപേക്ഷിക്കില്ല. അത് കടൽക്കൊള്ളക്കാരന്റെ അന്തസ്സിനു ചേരുന്നതല്ലെന്ന് അവന് അറിയാം. അവൻ അഭിമാനമുള്ളവനാണ്. അവൻ എന്തോ മനസ്സിൽ ഉദ്ദേശിച്ചിട്ടുണ്ട്. എന്തായിരിക്കും പുതിയ പരിപാടി?''

''അവന്റെ സാധനങ്ങളെല്ലാം നമുക്കുള്ളതാണ്. അല്ലേ?''

''അതേ എന്നു പറയാം. പക്ഷേ അവന്റെ കുറിപ്പ് അനുസരിച്ച്, പ്രഭാത ഭക്ഷണത്തിന് മുമ്പായി അവൻ എത്തിയില്ലെങ്കിൽ അവയെല്ലാം നമുക്കുള്ളതാണ്.''

''ഇതാ അവൻ വന്നിരിക്കുന്നു!'' നാടകീയ പ്രഖ്യാപനത്തോടെ ടോം അവിടേക്ക് പ്രവേശിച്ചു.

ബേക്കണും മത്സ്യവും ഒക്കെ ചേർന്ന രുചികരമായ ഭക്ഷണത്തിനുശേഷം ടോം കഴിഞ്ഞ രാത്രിയിലെ അനുഭവങ്ങൾ വിവരിച്ചു. അതിനുശേഷം ടോം ഒരു ഇരുണ്ട മൂലയിൽ മരത്തലപ്പുകളുടെ തണലിൽ ഉറങ്ങാൻ കിടന്നു. മറ്റ് രണ്ട് കടൽക്കൊള്ളക്കാർ, അന്നുവരെ ആരുടെയും പാദസ്പർശനമേൽക്കാത്ത ദ്വീപിന്റെ മറ്റു ഭാഗങ്ങൾ കാണാനും മീൻ പിടിക്കാനും പോയി. (തുടരും)





# പെൺകുട്ടികൾക്കായി പൊരുതി; സൈന ഒളിംപിക് മെഡൽ നേടി

സനിൽ പി തോമസ്

**ഇന്ത്യൻ വനിതാ ബാഡ്മിന്റനെ ലോകനിലവാരത്തിൽ എത്തിച്ച ആദ്യ താരമാണു സൈന. ഹരിയാനയിലെ ഹിസാർ ജില്ലയിൽ 1990 മാർച്ച് 17 നാണ് സൈന നെഹ്‌വാൾ ജനിച്ചത്. മനക്കരുത്തും ലക്ഷ്യബോധവും ചോരാതെ നിശ്ചയദാർഢ്യത്തോടെ കളിച്ച് ബാഡ്മിന്റനിൽ സൈന സ്വന്തമാക്കിയത് ഒട്ടേറെ നേട്ടങ്ങൾ ...**

പിവി സിന്ധുവിന്റെ നിഴലിലാകാം ഇപ്പോൾ സൈന നെഹ്‌വാൾ. പക്ഷേ, ഇന്ത്യൻ വനിതാ ബാഡ്മിന്റനെ ലോകനിലവാരത്തിൽ എത്തിച്ച ആദ്യതാരമാണു സൈന. ലോക ജൂനിയർ കിരീടം, ലണ്ടൻ ഒളിംപിക്സിൽ വെങ്കലം; ഓൾ ഇംഗ്ലണ്ട് റണ്ണർ അപ്പ്, ഇടയ്ക്ക് 2015 ൽ ലോക ഒന്നാം നമ്പർ.

തന്റെ വലിപ്പത്തിനു ചേരാത്ത ഷോർട്സ് ധരിച്ച് ആൺകുട്ടികളുടേതുപോലെ മുടിവെട്ടി പരിശീലനം നടത്തിയിരുന്ന കൗമാരക്കാരിയിൽ ബാല്യത്തിലേ പോരാട്ടവീര്യം ശക്തമായിരുന്നു. രാജ്യത്തെങ്ങുമുള്ള പെൺകുട്ടികൾക്കു വേണ്ടിയായിരുന്നു അവളുടെ ചുവടുകൾ.

മകൾക്കു ബാഡ്മിന്റനിലുള്ള താത്പര്യം കണക്കിലെടുത്ത് അമ്മ ഉഷാറാണി അവളെ മിർ മഹ്ബൂസ് അലിയുടെ കീഴിൽ പരിശീലനത്തിനയച്ചു. കൊച്ചുകുട്ടികളെ പരിശീലിപ്പിക്കുന്നതിൽ വയോധികനായ മഹ്ബൂസ് അലിക്കു പ്രത്യേക താത്പര്യമുണ്ടായിരുന്നു. നാഹിപ്രസാദിന്റെ ശിക്ഷണത്തിൽ ആയിരുന്നു ആദ്യ വിജയം. ചെന്നൈയിൽ കൃഷ്ണ ഖെയ്ത്താൻ സ്മാരക ടൂർണമെന്റിൽ അണ്ടർ 10 വിഭാഗത്തിൽ ഈ എട്ടുവയസ്സുകാരി ക്വാർട്ടറിൽ കടന്നു. 500 രൂപ സമ്മാനവും കിട്ടി.

ഹരിയാനയിലെ ഹിസാർ ജില്ലയിൽ 1990 മാർച്ച് 17 നാണ് സൈന നെഹ്‌വാൾ ജനിച്ചത്. അച്ഛൻ ഡോ ഹർവീർ സിങ് ഹൈദരാബാദിലെ ഓയിൽ സീഡ്സ് റിസർച്ചിൽ ശാസ്ത്രജ്ഞനായിരുന്നു. അതിനാലാണ് കുടുംബം ഹൈദരാബാദിലെത്തിയത്. അമ്മ ഉഷാറാണി ഹരിയാന സംസ്ഥാന ബാഡ്മിന്റൻ കളിക്കാരിയായിരുന്നു.

കുടുംബത്തിൽ മുതിർന്നവർക്ക് പെൺകുട്ടികളെ പൊതുവേ ഇഷ്ടമില്ലാതിരുന്നൊരു കാലത്താണു സൈന ജനിച്ചത്. ആദ്യമൊക്കെ തന്റെ മുത്തശ്ശി തന്നെ കാണാൻ ഇഷ്ടപ്പെട്ടിരുന്നില്ലെന്ന് സൈന ഒരിക്കൽ തുറന്നുപറഞ്ഞു. തികഞ്ഞ അവഗണനയാണു നേരിട്ടത്. താൻ ജനിച്ച് ഒരുമാസം കഴിഞ്ഞാണ് മുത്തശ്ശി കാണാൻ വന്നതെന്ന് സൈന പിന്നീട് കേട്ടറിഞ്ഞു. ചേച്ചിക്ക് ഏഴു വയസ്സായപ്പോഴാണ് സൈന

ജനിച്ചത്. ആൺകുഞ്ഞിനായി കാത്തിരുന്നവർ നിരാശരായി. രണ്ടാമതും പെൺകുഞ്ഞ്.

ഇത്തരം അനുഭവങ്ങൾ പല കുടുംബങ്ങളിലും പെൺകുഞ്ഞുങ്ങൾ നേരിട്ടിട്ടുണ്ടെന്നു വിശ്വസിക്കുന്ന സൈന നെഹ്‌വാൾ 2015 മാർച്ച് ഏട്ടിന് ലോക വനിതാദിനത്തിൽ ഓൾ ഇംഗ്ലണ്ട് കിരീടം ചൂടാൻ ഏറെ ആഗ്രഹിച്ചിരുന്നു. പക്ഷേ, ഫൈനലിൽ ആദ്യ സെറ്റ് നേടിയ ശേഷം സ്പെയിനിന്റെ കരോലിനാ മാരിനിനോട് പരാജയപ്പെട്ടു. ബാഡ്മിന്റനിലെ വിമ്പിൾഡൺ ആണ് ഓൾ ഇംഗ്ലണ്ട് ചാമ്പ്യൻഷിപ്പ്.

കൊച്ചുകുട്ടിയായിരിക്കുമ്പോൾ തന്നെ സീനിയർ താരങ്ങളെ താൻ തോൽപ്പിക്കുമെന്നു പറയുവാൻ സൈന മടിച്ചില്ല. അഹങ്കാരമല്ലായിരുന്നു അത്. നിശ്ചയദാർഢ്യമായിരുന്നു അതിനു കാരണമെന്ന് സൈന വ്യക്തമാക്കിയിരുന്നു. സീനിയർ താരങ്ങൾ അധ്വാനിക്കുന്നതിൽ കൂടുതൽ താൻ അധ്വാനിക്കുന്നു. കൂടുതൽ സമയം പരിശീലനം നടത്തുന്നു. അതുകൊണ്ടുതന്നെ 14-ാം വയസ്സിൽ സൈന സീനിയർ തലത്തിലും മത്സരിച്ചുതുടങ്ങി.

ഗോപീചന്ദിന്റെ ശിക്ഷണത്തിൽ ഹൈദരാബാദിലെ അക്കാദമിയിൽ പരിശീലനം തുടങ്ങിയപ്പോൾ കൗമാരക്കാരിക്ക് ഒട്ടേറെ താത്പര്യങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു. പരിശീലനകാര്യങ്ങളിൽ കൃത്യനിഷ്ഠപാലിച്ചപ്പോഴും മനസ്സും ശരീരവും ഇളംപ്രായക്കാരിയുടേതായിരുന്നു. ആലുപൊറോട്ടയും ഐസ്ക്രീമും സൈന ഏറെ ഇഷ്ടപ്പെട്ടിരുന്നു. സൈനയിൽ പ്രതീക്ഷ ഉയർന്നതോടെ രണ്ടും ഉപേക്ഷിക്കാൻ ഗോപീചന്ദ് പ്രേരിപ്പിച്ചു. സൈന അനുസരിച്ചു. പകരം സസ്യേതര ആഹാരങ്ങൾ കോച്ചിന്റെ നിർദേശാനുസരണം കഴിക്കുവാൻ തുടങ്ങി.

ഗോപീചന്ദ് അക്കാദമിയിലെ കൃത്യനിഷ്ഠ സൈനയെ ലോകോത്തര താരമാക്കി വളർത്തി. ചൈനയിലെയും മലേഷ്യയിലെയും ഇന്തോനേഷ്യയിലെയുമൊക്കെ സൂപ്പർ താരങ്ങളും പരിശീലകരും അവളെ ശ്രദ്ധിച്ചു തുടങ്ങി. ഗോപീചന്ദിനു കീഴിലാണു സൈന ഒളിംപിക് മെഡൽ നേടിയത്. ലോക ഒന്നാം നമ്പർ ആയത് മലയാളി ഒളിംപ്യൻ യു വിമൽകുമാറിന്റെ ശിക്ഷണത്തിലും. ഗോപീചന്ദ് അക്കാദമിയിൽ എത്തും മുമ്പ് കുറച്ചുനാൾ സൈന എസ് എം ആരിഫിന്റെ ശിഷ്യയായിരുന്നു.

പത്ത് സൂപ്പർ സീരീസ് കിരീടങ്ങൾ, കോമൺവെൽത്ത് സ്വർണം, ഇന്ത്യയിൽ നിന്നുള്ള പ്രഥമ ലോക ജൂനിയർ ചാമ്പ്യൻ, ബാഡ്മിന്റനിൽ പ്രഥമ ഒളിംപിക് മെഡൽ ജേത്രി. നേട്ടങ്ങൾ ഒട്ടേറെ. കാൽമുട്ടിലെ പരുക്കും ശസ്ത്രക്രിയയും ഇടയ്ക്കു പ്രതിബന്ധമായി. റിയോ ഒളിംപിക്സിൽ പരുക്കു പ്രശ്നമായി. പക്ഷേ സൈന തിരിച്ചുവന്നു. മനക്കരുത്തും ലക്ഷ്യബോധവും ചോരാതെ തന്നെ.



# മഹാഭാരതം

**സുഗതകുമാരി**

110



## പാർഥപ്രതിജ്ഞ (തുടർച്ച)

ദുര്യോധനാനുജന്മാരായ ദുർമർഷണൻ, ദുസ്സഹൻ, ദുർമദൻ, ദുർധരൻ, ജയൻ എന്നിവർ ഒത്തൊരുമിച്ച് ആയുധപാണികളായി ഭീമനോടേറ്റു. അവരുടെ ക്രോധത്തോടെയുള്ള വരവു കണ്ടു പുഞ്ചിരിച്ചുകൊണ്ട് അവരെ നോക്കുന്ന ഭീമനെക്കണ്ട് കർണൻ വീണ്ടും അവർക്കൊപ്പമെത്തി അസ്ത്രവർഷം തുടങ്ങി. ദുര്യോധനാനുജന്മാർ കർണനു ചുറ്റുമായി നിന്ന് പൊരുതവേ, പൊന്നുകെട്ടിയ കൂരമ്പുകൾ ഇരുപത്തഞ്ചെണ്ണം തെരുതെരെ അയച്ച് അവരെ അഞ്ചുപേരെയും ഉഗ്രപരാക്രമിയായ ഭീമൻ തേരിൽനിന്നു തെറിപ്പിച്ചു കൊന്നുവീഴ്ത്തി. തടുക്കാൻ ശ്രമിച്ച കർണനെ തടഞ്ഞുനിർത്തിയാണ് ഭീമൻ ഈ പരാക്രമം കാട്ടിയത്. എന്നിട്ട് ചോന്നകണ്ണുകളോടെ വില്ലുലച്ചുകൊണ്ട് കർണ്ണനെ നോക്കി. തനിക്ക് ദുര്യോധനാനുജന്മാരെ രക്ഷിക്കാൻ സാധിച്ചില്ലെന്ന കുറ്റബോധത്തോടെ രാധേയൻ അഞ്ചു കൂരമ്പുകളെടുത്ത് ഭീമനിൽ ആഞ്ഞു തറപ്പിച്ചു.

ഭീമൻ കൂസാതെ കർണന്റെ നേർക്ക് അമ്പുകൾ ചൊരിഞ്ഞു. കർണന്റെ വില്ല് അറ്റുവീണു. സൂതൻ മരിച്ചു. തേര് തകർന്നു. ക്രോധത്തോടെ ഗദയുമെടുത്തു കർണൻ നിലത്തുചാടി. അവരുടെ ഗദായുദ്ധംകണ്ട് തുണയ്ക്കായി ചിത്രൻ, ഉപചിത്രൻ തുടങ്ങിയ ധൃതരാഷ്ട്രപുത്രന്മാർ ഏഴുപേർ ഭീമന്റെ നേർക്ക് പാഞ്ഞെത്തി. ഭീമൻ ആഹ്ലാദത്തോടെ അവരുടെ നേർക്ക് തിരിഞ്ഞു ഗദായുദ്ധം തുടങ്ങി. അവരേവരും ഭീമഗദാഘാതമേറ്റ് വീണു. കർണൻ കണ്ണുനീർ തൂകി. ദുര്യോധനന്റെ മനസ്സിടിഞ്ഞു. വീണ്ടും കർണൻ ഭീമനോടേറ്റു. വീണ്ടും ഏഴു ദുര്യോധനാനുജന്മാർ ഭീമന്റെ നേർക്കു ചെന്നു. അവരും ഭീമാസ്ത്രങ്ങളേറ്റ് വീണ് മരണമടഞ്ഞു. അവരെയെല്ലാം കൊന്ന് സിംഹത്തെപ്പോലെ അലറിനിൽക്കുന്ന ഭീമസേനനെ വീണ്ടും ധൃതരാഷ്ട്ര സുതന്മാർ ആക്രമിച്ചു. മുപ്പത്തിരണ്ടു ദുര്യോധനാനുജന്മാരെ അന്നു കൊന്നലറീ ഭീമസേനൻ! വാദ്യഘോഷങ്ങൾ മുഴങ്ങി. ദുര്യോധനൻ പകുതി മരിച്ചപോലെ തലതാഴ്ത്തി നിന്നുപോയി.

ഉഗ്രകോപത്തോടെ വീണ്ടും ഭീമകർണന്മാർ ഏറ്റുമുട്ടി. ഭയങ്കരമായ യുദ്ധത്തിനിടയിൽ കർണവധത്തിന് പഴുതുകണ്ടാലും ഇവനെ കൊല്ലുമെന്ന അർജുനശപഥമോർത്ത് ഭീമൻ അടങ്ങി. അതേവിധം ഭീമവധത്തിന് പഴുതുകൾ കാണുമ്പോൾ കുന്തീദേവിയോടു താൻ ചെയ്ത പ്രതിജ്ഞയോർത്ത് കർണനും ആയുധപാതം മന്ദമാക്കി. ഭീമനെ മോഹാലസ്യപ്പെടുമാറ് അമ്പെയ്തു തളർത്തി. പിന്നീട് വില്ലിൻതുമ്പുകൊണ്ട് അവനെ കർണൻ കുത്തി നിന്ദിച്ചു, പരിഹസിച്ചു പറഞ്ഞു. 'എടാ പെരുവയറാ, വൃകോദരാ, നീ വീണ്ടും കാട്ടിലേക്കുപോ, യുദ്ധഭൂമി നിനക്ക് പറ്റിയതല്ല.' ഇതുകേട്ട് തളർച്ചമാറി അമർഷംമൂത്ത് ഭീമൻ കർണന്റെ നേർക്ക് പാഞ്ഞടുത്തു. ഭീമന്റെ തേരുടഞ്ഞു, കുതിരകൾ ചത്തു. അപ്പോൾ അകലെനിന്ന് കുതിച്ചുവന്ന ഗാണ്ഡീവമുക്തമായ ശരങ്ങൾ കർണനെ തടഞ്ഞുനിർത്തി. ഭീമൻ സാത്യകിയുടെ തേരിൽ ചാടിക്കയറി പോരു തുടർന്നു. ഗാണ്ഡീവത്തിൽ നിന്ന് കർണന്റെ നേർക്ക് പാഞ്ഞുവന്ന മഹാസ്ത്രത്തെ അശ്വഥാമാവ് ഏറ്റ് ഖണ്ഡിച്ചു. ഘോരയുദ്ധം തുടരുകയാണ്. അതിനിടയിലതാ അലംബുഷ രാക്ഷസൻ അലറി വരവായി. അവനോടൊപ്പം യോധോത്തമനായ ദുശ്ശാസനൻ അമ്പെയ്തു തിമർത്തു പാഞ്ഞെത്തി. ജലസന്ധനെന്ന മഹാവീരനായ രാജാവിനെ വധിച്ചിട്ട് സാത്യകി സവിധത്തിലെത്തുന്നത് കണ്ട പാർഥൻ ആശങ്കയോടെ പറഞ്ഞു. 'കേശവ, സാത്യകിയുടെ വരവ് എനിക്കിഷ്ടപ്പെടുന്നില്ല. ധർമപുത്രരെ കാത്തുകൊള്ളുവാൻ ഏൽപ്പിച്ച ഇദ്ദേഹം എന്തിനിങ്ങോട്ടെത്തുന്നു! ദ്രോണർ ജ്യേഷ്ഠനെ ബന്ധനസ്ഥനാക്കുകയില്ലയോ?' ഇതിനിടയിൽ സാത്യകിയുടെ വിക്രമത്താൽ മഹാവീരന്മാരായ പല രാജാക്കന്മാരും വധിക്കപ്പെട്ടു.

ഘോരയുദ്ധം തുടരുകയാണ്. അർജുനൻ ജയദ്രഥൻ നിൽക്കുന്നിടത്തെത്താൻ ഇത്രനേരവും ശ്രമിച്ചിട്ടും സാധിക്കാത്തതിൽ വിഷണ്ണനായി ശ്രീകൃഷ്ണനോട് പറഞ്ഞു. 'വാസുദേവ, സൂര്യൻ അസ്തമിക്കാറാവുകയാണ്. നമുക്ക് ജയദ്രഥനെ കാണാനാവുന്നില്ല. അവന്റെ അരികിലേക്ക്

തേരുതെളിച്ചാലും. എന്ത് തടസ്സമുണ്ടായാലും ഞാൻ നീക്കുന്നതാണ്.' ശ്വേതാശ്വരഥം ഇരമ്പി മുന്നോട്ടുനീങ്ങുന്നതു കണ്ട് ചിതറിപ്പോയ പട നായകർ ഒന്നിച്ചുകൂടി വീണ്ടും അവരെ തടഞ്ഞു. ദുര്യോധനനും കർണനും ശല്യരും കൃപരും അശ്വത്ഥാമാവും ചേർന്ന ആ മഹാബലത്തെ കണ്ട് പാർഥൻ അവരുടെ സേനയെ കൊന്നുമുടിച്ചു മുന്നേറിത്തുടങ്ങി. ഭീമാസ്ത്രങ്ങളേറ്റു ദേഹം പിളർന്നുവെങ്കിലും കർണൻ ദുര്യോധനനു വേണ്ടി പടവെട്ടി നിന്നു. ദുര്യോധനൻ കൂട്ട രോട് വിളിച്ചു പറഞ്ഞു. 'സൂര്യൻ അസ്തമിക്കാൻ ഏറെ നേരമില്ലിനി. അതുവരെ സർവശക്തിയും സംഭരിച്ച് ഇവനെ തടഞ്ഞു നിർത്തുവിൻ. അസ്തമയമായാൽ പിന്നെ ഇവൻ ജീവിച്ചിരിക്കു കയില്ല. സത്യം തെറ്റിക്കുന്നവനല്ലാ അർജുനൻ; അതിനാൽ ആഞ്ഞടിക്കുവിൻ! ജയദ്രഥന്റെ അരി കിലേക്കെങ്ങും ഇവൻ എത്തിക്കൂടാ!'

രഥസംഘങ്ങൾ വീണ്ടും അർജുനനെ വളഞ്ഞു. തേരിന്റെ വഴി തടുത്ത് മഹാരഥന്മാർ ഉറച്ചു നിൽപ്പാണ്. അർജുനൻ അശ്വത്ഥാമാവിനെയും വൃഷസേനനെയും ദുര്യോധനനെയും കർണ നെയും ശല്യരെയുമെല്ലാം കൂരമ്പുകളയച്ചു ദണ്ഡിപ്പിച്ചുവെങ്കിലും അമ്പേറ്റുമുറിഞ്ഞ ശരീ രങ്ങളുമായി അവർ വില്ലുകളിട്ടുലച്ചുകൊണ്ട് വീണ്ടും കൃഷ്ണാർജുനന്മാരെ വളഞ്ഞു ശര ങ്ങൾ പൊഴിച്ചു. കർണനെ അമ്പെയ്തു മാറ്റു വാൻ പാർഥൻ കിണഞ്ഞുശ്രമിച്ചു. ചോരയിൽ മുങ്ങിയ മെയ്യുമായി വീരനായ സൂര്യപുത്രൻ തടുത്തുനിന്നു. കർണന്റെ വില്ലറ്റു. ഉടൻ മറ്റൊരു വില്ലെടുത്ത് ശരവർഷം തുടങ്ങി. ശരങ്ങളാൽ കണ്ണുകാണാതെ യോദ്ധാക്കൾ വിഷമംപൂണ്ടു. കർണന്റെ കുതിരകൾ അമ്പേറ്റുവീണു. കാതോളം വലിച്ചെയ്ത കൂരമ്പുകളേറ്റ് കർണസാരഥി വീണു പോയി. തേരുടഞ്ഞു. അശ്വത്ഥാമാവിന്റെ തേരിൽ കർണൻ ചാടിക്കയറി പോരുതുടർന്നു. യുദ്ധം അതിഘോരമായിത്തീർന്നു. ആന, തേര്, കുതിര, കാലാളെല്ലാം വീണുവീണ് പിടഞ്ഞ് കൊടുംചോ രക്കളമായ ഭൂമിയിലൂടെ മഹാരഥങ്ങൾ പാഞ്ഞു നടന്നു പോരാടുകയായി. ആയിരക്കണക്കിന് യോദ്ധാക്കളെ ഒടുക്കിയിട്ടും ജയദ്രഥന്റെ അരികി ലെത്താനാവുന്നില്ല. മഹാസ്ത്രങ്ങൾ അന്യോന്യം പ്രയോഗിക്കപ്പെട്ടു. കൗരവപക്ഷത്തുനിന്നു വന്ന ദിവ്യാസ്ത്ര നിർമിതമായ അന്ധകാരത്തെ മുടിച്ച് അർജുനൻ ഐന്ദ്രാസ്ത്രത്താൽ പ്രകാശരശ്മി കൾ ചിതറിച്ചു. കിരീടംവെച്ച ശിരസ്സുകൾ അറ്ററ്റു വീണു. കങ്കണംചാർത്തിയ കൈകൾ മുറിഞ്ഞു വീണു ചിതറിക്കാണായി. അട്ടഹാസങ്ങളും ആർത്തനാദങ്ങളും വില്ലൊലികളും അസ്ത്ര ശീൽക്കാരങ്ങളും ഇരമ്പുന്ന യുദ്ധക്കളത്തിൽ



വര: ജയേന്ദ്രൻ

രുദ്രനെപ്പോലെ സംഹാരഭാവംപൂണ്ട് അർജുനൻ ജ്വലിച്ചണഞ്ഞു. എങ്കിലും ആറു മഹാരഥന്മാർ കോട്ടപോലെനിന്ന് കാക്കുന്ന സിന്ധുരാജാവായ ജയദ്രഥനോടടുക്കാൻ സാധിക്കുന്നില്ല. പാർഥ സാരഥി തൃക്കണ്ണുകൾ ആകാശത്തേക്കുയർത്തി താഴാറായ സൂര്യബിംബത്തെ നോക്കിയിട്ട് പറഞ്ഞു. 'പാർഥ, ഈ ആറുപേരെയും സൂര്യാസ്തമയ ത്തിനു മുമ്പ് വെല്ലാൻ എളുപ്പമല്ല. അതിനാൽ ഇതാ ഞാൻ സൂര്യനെ മറയ്ക്കുന്നു. ജയദ്രഥനെവിടെ എന്നു നോക്കിക്കൊള്ളുക.' പെട്ടെന്നു സൂര്യൻ മങ്ങി, ഇരുൾ പരന്നു, കൗരവസൈന്യത്തിൽ ഹർഷാരവമുയർന്നു. എല്ലാവരും മുഖംപൊക്കി സൂര്യനെ നോക്കുന്നതിനിടയിൽ അതുവരെ മറഞ്ഞുനിന്ന ജയദ്രഥനും വെളിപ്പെട്ടു. പാർഥ സാരഥി ചൂണ്ടിക്കാട്ടി. 'അതാ ജയദ്രഥൻ ശിര സ്സുയർത്തി സൂര്യനെവിടെ എന്നു നോക്കുന്നു. അയയ്ക്കൂ ശരം!' മിന്നൽപോലെവിളങ്ങുന്നതും ദിവ്യശക്തിയാർന്നതുമായ വജ്രാസ്ത്രം ഗാണ് ഡീവത്തിൽ നിന്നു ചീറിപ്പാഞ്ഞു ജയദ്രഥന്റെ ശിരസ്സറുത്തു. അപ്പോഴേക്ക് ശ്രീകൃഷ്ണൻ വെമ്പലോടെ പറഞ്ഞു. (തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## അരക്ഷിതമാകുന്ന വാർധക്യം

**ഹാജിറ എൻ, ക്ലാസ്സ് 6 ബി, എൻ വി യു പി എസ്, വയല**

പ്രശസ്ത കവി റഫീക്ക് അഹമ്മദ് എഴുതിയ അമ്മത്തൊട്ടിൽ എന്ന കവിത നിങ്ങൾ വായിച്ചിട്ടുണ്ടെന്ന് കരുതുന്നു. ആ കവിതയിലൂടെ റഫീക്ക് അഹമ്മദ് നമ്മൾക്ക് ഒരു വൻ കുറ്റത്തെ ഓർമപ്പെടുത്തിത്തരുന്നു. ഈ സമൂഹത്തിൽ വൃദ്ധസദനങ്ങൾ കൂടുകയാണ്. അതിനു കാരണം നമ്മൾ തന്നെയാണ്. നമ്മളെ പെറ്റുവളർത്തിയ അമ്മയെക്കൊണ്ട് വൃദ്ധസദനങ്ങളിലേക്ക് ആക്കുന്നതാണ് ഇവയൊക്കെ പെരുകാനുള്ള കാരണം. നമ്മളെ പെറ്റുവളർത്തിയ അമ്മയോട് നമ്മൾ ഇങ്ങനെ കാണിക്കുന്നത് വളരെ വലിയൊരു തെറ്റുതന്നെയാണ്. റഫീക്ക് അഹമ്മദ് എഴുതിയ കവിതയിൽ ആ മകൻ അമ്മയെ ഉപേക്ഷിക്കാൻ പോകുന്നതു കാണുമ്പോൾ ഈശ്വരൻ  തന്നെ ആ ക്രൂരത കണ്ട് ക്ഷേത്രത്തിൽ നിന്ന് കാറ്റുകൊള്ളാൻ ഇറങ്ങുകയാണ്. അതുപോലെ തന്നെ ആ മകൻ അമ്മയെ ഉപേക്ഷിക്കാൻ പോകുന്ന സമയത്ത് പണ്ട് അവന്റെ അമ്മ എങ്ങനെയാണ് അവനെ നോക്കിയത് എന്ന ഓർമ  അമ്മയെ ഉപേക്ഷിക്കാൻ അവന് തടസ്സമായി. നമ്മുടെ ഈ സമൂഹം മാറണം. നമ്മൾ വൃദ്ധസദനങ്ങളുടെ എണ്ണം കുറയ്ക്കണം. അവരെ ശുശ്രൂഷിക്കണം. അവർക്ക് ആവുന്ന കാലത്ത് അവർ നിങ്ങളെ നോക്കി. ഇനി നിങ്ങളാണ് അവരെ നോക്കേണ്ടത്. കുട്ടികളായിരിക്കുന്ന നാം, അച്ഛനമ്മ



അച്ഛനമ്മമാരെ ഉപേക്ഷിച്ച ആളുകൾക്ക് പറഞ്ഞുകൊടുക്കണം അവരെ തിരിച്ചു വിളിച്ചുകൊണ്ടുവരാൻ. ഞാൻ വിശ്വസിക്കുന്നു നിങ്ങൾ നിങ്ങളുടെ അച്ഛനമ്മമാരെ നോക്കുമെന്നും നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയാകുമെന്നും.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



വര: ഗോപു പട്ടിത്തറ

# പൂന്തോട്ടത്തിലെ കൂട്ടുകാർ

**സുവിത വി, ജി എൽ പി സ്കൂൾ, മുഖത്തല, കൊല്ലം**

***('ശാസ്ത്രം സർഗാത്മകതയിലൂടെ' എന്ന ആശയത്തെ മുൻനിർത്തിയുള്ള കഥ.)***

"ഹായ് കൂട്ടുകാരേ... എല്ലാവരും ഉണർന്നോ?"

നീനുപ്പൂമ്പാറ്റയും ആവണിത്തുമ്പിയും ഹണിത്തേനീച്ചയുടെ കൂടിനടുത്തെത്തിച്ചോദിച്ചു. ഹണിയും കൂട്ടുകാരും കൂടിനു പുറത്തേക്കു വന്നു. "വേഗം വരൂ, നമുക്ക് പൂന്തോട്ടത്തിലേക്കു പോകേണ്ടേ?" നീനുപ്പൂമ്പാറ്റ ചോദിച്ചു. ഹണിയും കൂട്ടുകാരും പൂന്തോട്ടത്തിലേക്കു പറന്നു. ഒപ്പം നീനുപ്പൂമ്പാറ്റയും ആവണിത്തുമ്പിയും.

അവർ പൂന്തോട്ടത്തിലെത്തി. പൂന്തോട്ടത്തിൽ നിറയെ പലനിറത്തിലുള്ള പൂക്കൾ. എല്ലാവരും പൂക്കളിൽ തേൻ കുടിക്കാൻ തുടങ്ങി. ആവണിത്തുമ്പി, കൂട്ടുകാർ തേൻ കുടിക്കുന്നത് നോക്കിനിന്നു. കൂട്ടുകാരെല്ലാം തേൻ കുടിച്ചു കഴിഞ്ഞപ്പോൾ ആവണി പൂക്കളിലേക്ക് പറന്നെത്തി. ആവണിയെ കണ്ടതും പൂക്കളിലെ ചെറുപ്രാണികളെല്ലാം ഓടിയൊളിക്കാൻ തുടങ്ങി. അയ്യോ രക്ഷിക്കണേ... എന്നാലോ ആവണി അതിനെയെല്ലാം വേഗംവേഗം അകത്താക്കി. വയറുനിറഞ്ഞ ആവണി ഒരു പൂവിലിരുന്ന് ഉറങ്ങിപ്പോയി.

"ഹ... ഹ... ആവണി ഉറങ്ങിപ്പോയല്ലോ... ങാ... ഉണരുംവരെ കാത്തിരിക്കാം." നീനുപ്പൂമ്പാറ്റ പറഞ്ഞു. അപ്പോഴതാ ടുട്ടു ഉം... എന്ന് മൂളിപ്പറന്നെത്തി. ആവണി ഞെട്ടിയുണർന്നു. അവൾ നോക്കിയപ്പോൾ അവൾ ഇരുന്ന പൂവിന്റെ താഴെ നിമ്മിപ്പുഴു ഇല തിന്നുന്നു.

"ഹേയ് നിമ്മീ... നീയാണോ എന്നെ ഉണർത്തിയത്? നിന്നെ ഞാനിന്ന് ശരിയാക്കും." ആവണി ദേഷ്യപ്പെട്ടു.

"അയ്യോ... ഞാനൊരു പാവമാണേ, ടുട്ടു വണ്ടാണ് ഒച്ചയുണ്ടാക്കിയത്." അപ്പോഴേക്കും നീനുപ്പൂമ്പാറ്റ പാഞ്ഞെത്തി.

"അയ്യോ അതിനെ ഒന്നും ചെയ്യല്ലേ. അതെന്റെ മുട്ട വിരിഞ്ഞുണ്ടായ കുഞ്ഞാണ്. കുറച്ചുദിവസത്തിനുശേഷം നിമ്മിപ്പുഴു ഒരു പവിഴക്കൂട്ടിൽ ഇരുന്നിരുന്ന് ഒരു പൂമ്പാറ്റയായി മാറും. ഈ പൂന്തോട്ടത്തിലെ ചില ചെടികളുടെ ഇലയിൽ ഞാൻ മുട്ടയിട്ട് വച്ചിട്ടുണ്ട്. അതൊക്കെ വിരിഞ്ഞാൽ ഈ പൂന്തോട്ടത്തിൽ ധാരാളം പൂമ്പാറ്റകളുണ്ടാവും." നീനു പറഞ്ഞു. "അതു കാണാൻ നല്ല ചന്തമായിരിക്കും അല്ലേ..." പൂപ്പി പുൽച്ചാടി സന്തോഷംകൊണ്ടു തുള്ളിച്ചാടി.

"ഹായ് പൂപ്പിയുടെ സന്തോഷം കണ്ടോ..." ഹണിത്തേനീച്ചയും കൂട്ടുകാരും ഉച്ചത്തിൽ പറഞ്ഞു.

# കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇക്കഴിഞ്ഞ ഏപ്രിൽ, മെയ് മാസങ്ങളിൽ (ലോക്ഡൗൺ കാലയളവിൽ) സംസ്ഥാന തലത്തിൽ കുട്ടികൾക്കായി സംഘടിപ്പിച്ച ഓൺലൈൻ കഥ/കവിതാ മത്സരങ്ങളിലെ വിജയികൾ.

## കഥ

### ഹൈസ്കൂൾ വിഭാഗം

**ഒന്നാംസ്ഥാനം**
ദിയ പ്രേമരാജൻ,
ക്ലാസ്-8, കടമ്പൂർ എച്ച്.
എസ്, കണ്ണൂർ

**രണ്ടാം സ്ഥാനം**
മിഴി വി. പി,
ക്ലാസ്-10, എ വി എസ്
ജി എച്ച്.എസ്.എസ്,
കരിവെള്ളൂർ, കണ്ണൂർ.

**മൂന്നാം സ്ഥാനം**
തേജ ഒ. റ്റി, ക്ലാസ്-8,
സെന്റ് മേരീസ് ഗേൾസ്
ഹൈസ്കൂൾ,
മയ്യനാട്

### യു പി വിഭാഗം

**ഒന്നാംസ്ഥാനം**
ധ്യാൻചന്ദ്, ക്ലാസ്-7,
ജി. എം. യു. പി സ്കൂൾ,
വേളൂർ,
അത്തോളി

**രണ്ടാം സ്ഥാനം**
ദേവി നന്ദന എൻ,
ക്ലാസ്-6, രാജഗിരി
ഹയർസെക്കന്ററി
സ്കൂൾ, കളമശ്ശേരി

**മൂന്നാം സ്ഥാനം**
ഖദീജ സഫ പി.വി,
ക്ലാസ്-6, ഗാർഡൻവാലി,
കുട്ടിപ്പാല

### എൽ പി വിഭാഗം

**ഒന്നാംസ്ഥാനം**
ഹന മെഹറീൻ,
ക്ലാസ്-2
യെസ് ഇംഗ്ലീഷ് സ്കൂൾ,
മട്ടായ

**രണ്ടാം സ്ഥാനം**
അഹമ്മദ് യാസിൻ
ഫസൽ - ക്ലാസ്-3,
കോട്ടൺഹിൽ
എൽ.പി.എസ്

## കഥ (ഇംഗ്ലീഷ്)

### പ്രോത്സാഹന സമ്മാനങ്ങൾ

ശിവനന്ദന. എസ്, ക്ലാസ്-10,
ഭാരതീയ വിദ്യാഭവൻ, വട്ടിയൂർക്കാവ്

അന്ന മറിയ വില്യം, ക്ലാസ്-7,
നവജീവൻ ബഥനി വിദ്യാലയ, നാലാഞ്ചിറ

ഭദ്ര വിനീത് മോഹൻ, ക്ലാസ്-6,
സരസ്വതി വിദ്യാലയ, വട്ടിയൂർക്കാവ്

# കവിത

## ഹൈസ്കൂൾ വിഭാഗം

**ഒന്നാം സ്ഥാനം**
ആവണി മനോജ്,
ക്ലാസ് - 10,
ഗവൺമെന്റ് എച്ച്.
എസ്. എസ്,
മമ്പറം, കണ്ണൂർ

**രണ്ടാം സ്ഥാനം**
ആർച്ച എ.ജെ, ക്ലാസ്-9,
സെന്റ് തോമസ്
എച്ച്. എസ്. എസ്,
തിരുവനന്തപുരം

**മൂന്നാം സ്ഥാനം**
അബ്ജ കല്യാണി എസ് എസ്,
ക്ലാസ് 10, ജി.എച്ച്.എസ്.എസ്,
ആനക്കര പി. ഒ, പാലക്കാട്.

## യു പി വിഭാഗം

**ഒന്നാം സ്ഥാനം**
തീർത്ഥ അശോക്,
ക്ലാസ്-7, മധുസൂദനൻ
തങ്ങൾ സ്മാരക ഗവൺ
മെന്റ് യു.പി. സ്കൂൾ,
മട്ടന്നൂർ, കണ്ണൂർ

**രണ്ടാം സ്ഥാനം**
അർച്ചന സുകു, ക്ലാസ്-7,
സി.എസ്. യു.പി
സ്കൂൾ, മടപ്പള്ളി

**മൂന്നാം സ്ഥാനം**
ദേവിക റ്റി, ക്ലാസ്-7,
നരിക്കുന്ന് യു. പി
സ്കൂൾ, എടച്ചേരി
(വടകര)

## എൽ പി വിഭാഗം

**ഒന്നാംസ്ഥാനം**
ശ്രീനന്ദ് കെ, ക്ലാസ് 3,
വെണ്ടുട്ടായി എൽ.പി.
സ്കൂൾ

**രണ്ടാം സ്ഥാനം**
ദർശന എ, ക്ലാസ് - 4,
ജി.എൽ.പി. സ്കൂൾ,
വാടാനാംകുറിശ്ശി

**മൂന്നാം സ്ഥാനം**
പാർവണ എസ് രാജ്,
ക്ലാസ് - 3,
വാഗ്ദേവി വിലാസം
എൽ പി സ്കൂൾ

# കവിത (ഇംഗ്ലീഷ്)

## പ്രോത്സാഹന സമ്മാനങ്ങൾ

അനൻ കല്യാത്ത്,
ക്ലാസ്-7,
സരസ്വതി വിദ്യാലയ,
വട്ടിയൂർക്കാവ്

നന്ദന എ പി,
ക്ലാസ് - 10,
എസ്. കെ. വി. എച്ച്.
എസ്. പച്ച പി.ഒ.,
നന്ദിയോട്

ആദ്യ അനിൽകുമാർ,
ക്ലാസ് - 5,
എം. ജി. എം.
സി. പി എസ്,
തിരുവനന്തപുരം.

# സ്വാതന്ത്ര്യദിനാഘോഷം



സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് പതാക ഉയർത്തിയ ശേഷം ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ സ്വാതന്ത്ര്യദിന സന്ദേശം നൽകുന്നു.

ഉണ്ടാക്കാം

# കടലാസു പൂച്ചെണ്ട്


അരവിന്ദ് ഗുപ്ത
ഡിസൈൻ : K V Potdar

വിവിധനിറത്തിലുള്ള വർണക്കടലാസുകൾ ഉപയോഗിച്ച് ഒരു പൂച്ചെണ്ട് ഉണ്ടാക്കാം...




**ആവശ്യമുള്ള സാധനങ്ങൾ**

- വർണക്കടലാസ്
- കത്രിക
- പശ
- സ്ട്രോ
- തെർമോകോൾ




1 വൃത്താകൃതിയിൽ വെട്ടിയെടുത്ത വർണക്കടലാസിനെ ഒരു കത്രിക ഉപയോഗിച്ച് പുറത്തുനിന്ന് ഇങ്ങനെ മുറിക്കുക.



2 ഈ രീതിയിൽ മടക്കി പശ ഉപയോഗിച്ച് ഇങ്ങനെ ഒട്ടിക്കുക.



3 ഇങ്ങനെ വിടർത്തി ഒരു തെർമോകോൾ ബോൾ നടുക്ക് ഒട്ടിച്ചുവെക്കുക.



4 പച്ചനിറത്തിലെ വർണക്കടലാസിൽ നിന്നും ഇലയുടെ ആകൃതിയിൽ മുറിച്ച് ഇല സ്ട്രോയിൽ ഒട്ടിക്കുക.



5 ഇലയും സ്ട്രോയും പൂവുമായി ചേർത്ത് ഒട്ടിക്കുക.



6 ഇങ്ങനെ വിവിധ നിറത്തിലെ പൂച്ചെണ്ടുകൾ ഉണ്ടാക്കി ഒരു ഫ്ളവർവെയ്സിൽ വച്ചു നോക്കൂ. നല്ല ഭംഗിയില്ലേ...



കൊല്ലം
വെളിച്ചെണ്ണ ബ്രാൻഡുകൾക്ക് നിരോധനം
വ്യാജ ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണകൾക്ക് നിരോധനം ഏർപ്പെടുത്തി. കേര ഫൈൻ കോക്കനട്ട് ഓയിൽ, ആഗ്രോ കോക്കനട്ട് ഓയിൽ, കേര പ്യുവർ ഗോൾഡ്, കുക്സ് പ്രൈഡ് കോക്കനട്ട് ഓയിൽ എന്നി ബ്രാൻഡുകൾക്കാണ് നിരോധനം.
കൊച്ചി
വെളിച്ചെണ്ണ: നാല് ബ്രാൻഡുകൾക്ക് നിരോധനം
ശുദ്ധമായ
കേരഫെഡ്
കേര
ഉള്ളപ്പോൾ മായം കലർന്ന
വെളിച്ചെണ്ണകൾ
എന്തിന് ?
KERAFED
കേരഫെഡ്
KERA
കേര
100% പരിശുദ്ധമായ കേര വെളിച്ചെണ്ണ
DOUBLE FILTERED PURE COCONUT OIL
KERA®
കേര
100% ശുദ്ധമായ കേര വെളിച്ചെണ്ണ
ഒരു സംസ്ഥാന സർക്കാർ സംരംഭമായ
കേരഫെഡ് നൽകുന്ന കേരഫെഡ് കേര
100% വിശ്വസിച്ച് ഉപയോഗിക്കാവുന്ന
ശുദ്ധമായ വെളിച്ചെണ്ണയാണ്.
വിപണിയിൽ കിട്ടുന്ന വ്യാജ ഉത്പന്നങ്ങൾ ഉപയോഗിച്ച്
മാരകരോഗങ്ങൾ വരുത്താതിരിക്കൂ.
ആരോഗ്യ പൂർണ്ണമായ ശുദ്ധ വെളിച്ചെണ്ണയായ
കേരഫെഡ് കേര തന്നെ തിരഞ്ഞെടുക്കൂ.
KERAFED®
കേരഫെഡ്
(A Govt. of Kerala Enterprise)
An ISO 9001 : 2008 & HACCP 22000 Certified Company
fssai Lic. Nos. 10013041000245 & 10014041000419
100% ശുദ്ധമായ ഒരു കേരള സർക്കാർ ഉത്പന്നം
A Quality product from KERAFED (A Govt. of Kerala Enterprise) Since 1989
Kerafed ,Thiruvananthapuram-33, Kerala India.
Email: kerafedmktg@gmail.com Website: www.kerafed.com

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 September 2020
Regd KL/TV (N)/399/2018-2020 Published on 04-09-2020 Vol:26, Issue:09, ₹20

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.



തളിര്
കുട്ടികളുടെ മാസിക
വില 20രൂപ
വാർഷികവരിസംഖ്യ 200രൂപ

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**

ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**